# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 17 / Issue 02
February 2026

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



സീറോമലബാർ
സമുദായ ശക്തീകരണ വർഷം - 2026

## ബഹു. ജോർജ്ജ് കിഴക്കുംമ്പുറം അച്ചന് ആദരാഞ്ജലികൾ



മാനന്തവാടി രൂപതാംഗമായ സ്നേഹ ബഹുമാനപ്പെട്ട ജോർജ്ജ് കിഴക്കുംമ്പുറം (78) അച്ചൻ 2026 ജനുവരി 23-ന് കർത്താവിൽ നിദ്ര പ്രാപിച്ചു. ബഹു. ജോർജ്ജ് കിഴക്കുംമ്പുറം അച്ചൻ, ജോൺ – അന്നമ്മ ദമ്പതികളുടെ മകനായി 1947 സെപ്തംബർ മാസം 27-ാം തിയ്യതി തിരുവല്ലയിൽ ജനിച്ചു. കുളത്തുവയൽ ഇടവകയിൽപ്പെട്ട ഓഞ്ഞിൽ, ഉളിക്കൽ എന്നിവിടങ്ങളിൽ പ്രൈമറി സ്കൂൾ വിദ്യാഭ്യാസവും കുളത്തുവയൽ, എടൂർ എന്നിവിടങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയ ശേഷം വൈദിക പരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. 1973 ഡിസംബർ 29 -ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. അതിനു ശേഷം പോരൂർ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, തുടർന്ന് പുത്തൂർവയൽ, ഇടിവണ്ണ, പാടിച്ചിറ, മംഗളം, തെനേരി, തരിയോട്, മരക്കടവ്, കാട്ടിക്കുളം (ചേലൂർ), വാകേരി, ചെറുകാട്ടൂർ, വാളവയൽ എന്നീ ഇടവകളുടെ വികാരിയായും സേവനമനുഷ്ഠിച്ചു. ദ്വാരക വിയാനിഭവനിൽ വിശ്രമജീവിതം നയിച്ചുവരവേയാണ് അപ്രതീക്ഷിതമായി അച്ചൻ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെടുന്നത്. അച്ചനിപ്പോൾ തലശ്ശേരി അതിരൂപതയിലെ പുറവയൽ ഇടവകാംഗമാണ്.

ബഹുമാനപ്പെട്ട കിഴക്കുംമ്പുറമച്ചന്റെ ഭൗതികശരീരം ജനുവരി 23-ന് രാവിലെ 11 മണിയോടെ വിയാനി ഭവനിൽ കൊണ്ടുവരുകയും മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം പിതാവ് കാർമ്മികത്വം വഹിക്കുകയും ചെയ്തു. തുടർന്ന് 12 മണിമുതൽ പൊതുദർശനത്തിനും പ്രാർത്ഥനക്കുമായി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെക്കുകയും ചെയ്തു. ജനുവരി 24 ശനിയാഴ്ച രാവിലെ 8 മണിക്ക് രൂപതാ വികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ ജോർജ് കിഴക്കുംമ്പുറം അച്ചനുവേണ്ടി വി. ബലിയർപ്പിക്കുകയും മൃത സംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് കാർമ്മികത്വം വഹിക്കുകയും ചെയ്തു. തുടർന്ന് വിലാപയാത്രയായി മൃതശരീരം സീയോൻ ഹാളിലേക്ക് കൊണ്ടുവരുകയും 11 മണിക്ക് വി. ബലിയോടുകൂടി മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാംഭാഗം ആരംഭിക്കുകയും ചെയ്തു. അഭിവന്ദ്യ ജോസ് പിതാവിനോടൊപ്പം മാർ അലക്സ് താരാമംഗലം, മോൺ പോൾ മുണ്ടോളിക്കൽ, ഫാ. വിൻസെന്റ് താമരശ്ശേരി ഫാ. അനീഷ് കാട്ടാംകോട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു. ബഹു. കിഴക്കുംമ്പുറമച്ചൻ സേവനം ചെയ്ത ഇടവകകളിൽ നിന്നും രാഷ്ട്രീയ സാമൂഹ്യ മേഖലകളിൽ നിന്നും നിരവധിയാളുകൾ അച്ചന് അന്ത്യോപചാരം അർപ്പിക്കുവാൻ എത്തിയിരുന്നു.

തികച്ചും ശാന്തനായി കാര്യങ്ങളെ പഠിക്കുകയും എല്ലാവരോടും സൗഹൃദപരമായി പെരുമാറുകയും ചെയ്തിരുന്ന അച്ചൻ ബന്ധങ്ങൾ സൂക്ഷിക്കുന്ന ഒരു അജപാലകനും നവസാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിൽ സാമർത്ഥ്യമുള്ളയാളുമായിരുന്നു. മണ്ണിന്റെ ഗന്ധമുള്ള, സ്നേഹിക്കുന്ന ഹൃദയമുള്ള ബഹു. കിഴക്കുംമ്പുറം അച്ചന്റെ ദേഹവിയോഗത്തിൽ മാനന്തവാടി രൂപതാ കുടുംബം ദു:ഖം രേഖപ്പെടുത്തുകയും അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ


**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് 4:8)**


**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 17 | ഫെബ്രുവരി 2026 | ലക്കം 2

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

## ഉള്ളടക്കം

| | |
|---|---|
| സർക്കുലർ ........................................ | 07 |
| അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ വർഷം ഡിക്രി .......... | 13 |
| രൂപതാ കച്ചേരി വാർത്തകൾ ........................................ | 19 |
| മതബോധനരംഗം ........................................ | 24 |
| ചെറുപുഷ്പ മിഷൻലീഗ് ........................................ | 27 |
| തിരുബാലസഖ്യം ........................................ | 32 |
| കെ.സി.വൈ.എം ........................................ | 34 |
| കുടുംബപ്രേഷിതത്വം ........................................ | 39 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ | 50 |
| സാമൂഹ്യ സേവനരംഗം (WSSS) ........................................ | 53 |
| ജീവസ് & കെ.എൽ.എം ........................................ | 62 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ........................................ | 64 |
| കത്തോലിക്കാ കോൺഗ്രസ്സ് (AKCC) ........................................ | 68 |
| ജീസസ് ഫ്രറ്റേണിറ്റി ........................................ | 70 |
| ബയോവിൻ അഗ്രോ റിസർച്ച് ........................................ | 71 |
| റേഡിയോ മാറ്റൊലി ........................................ | 75 |
| Mary Matha Arts & Science College ........................................ | 77 |
| ഫെഡാർ ഫൗണ്ടേഷൻ ........................................ | 80 |
| സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ........................................ | 82 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........................................ | 84 |
| ബിഷപ്സ് പ്രോഗ്രാം ........................................ | 91 |

Prot. No. 0008/2026

# സിനഡാനന്തര സർക്കുലർ

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്**

**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പത്തിനാലാമതു സിനഡിന്റെ ആദ്യ സമ്മേളനം 2026 ജനുവരി ആറുമുതൽ പത്തുവരെ തീയതികളിൽ സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ കർത്താവിന്റെ അനന്തമായ കരുണയുടെയും അനുഗ്രഹത്തിന്റെയും ആത്മീയാനുഭവം പകർന്നുനൽകിയ ജൂബിലിവർഷം പൂർത്തിയായിരിക്കുകയാണല്ലോ. 'പ്രത്യാശയുടെ തീർഥാടകർ' എന്ന ആപ്തവാക്യമുയർത്തി ആചരിച്ച ഈ കൃപാവർഷത്തിൽ നാം പ്രാപിച്ച ആത്മീയ നവീകരണത്തിനും ദൈവാനുഭവങ്ങൾക്കും നമുക്ക് ഒന്നുചേർന്നു ദൈവത്തിനു നന്ദിയർപ്പിക്കാം. ജൂബിലി വർഷാചരണത്തിലൂടെ ആർജിച്ചെടുത്ത ആത്മീയ ചൈതന്യം നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും നിലനിറുത്താനും മിശിഹായുടെ സ്നേഹത്തിന്റെ സാക്ഷികളായി ജീവിക്കാനും നാം തുടർന്നും പരിശ്രമിക്കേണ്ടതുണ്ട്.

ലോകമെങ്ങും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശം മുഴങ്ങേണ്ട ക്രിസ്തുമസ് കാലം നിർഭാഗ്യവശാൽ നമ്മുടെ മാതൃരാജ്യമായ ഭാരതത്തിലെ ചില ഭാഗങ്ങളിൽ ഭീതിയുടെയും അശാന്തിയുടെയും ദിനങ്ങളായി മാറി. ഭരണഘടന

നൽകുന്ന അവകാശങ്ങൾപോലും നിഷേധിച്ചു ക്രൈസ്തവ ദൈവാലയങ്ങൾക്കും പ്രാർത്ഥനാ കൂട്ടായ്മകൾക്കും നേരേ നടന്ന അതിക്രമങ്ങൾ അങ്ങേയറ്റം വേദനാജനകമാണ്. നമ്മുടെ സ്നേഹത്തിന്റെ പ്രവൃത്തികളെ നിർബന്ധിത മതപരിവർത്തന ശ്രമങ്ങളായി വ്യാഖ്യാനിക്കുന്ന വിദ്വേഷത്തിന്റെ സംസ്കാരം വളരാൻ അനുവദിക്കുന്നതു നമ്മുടെ രാജ്യത്തിന്റെ മതേതര സ്വഭാവത്തെത്തന്നെ ദുർബലമാക്കുന്നു. കുരിശിലെ ബലിയിലൂടെ എല്ലാവരെയും തന്നിലേക്ക് ആകർഷിച്ച മിശിഹായുടെ സ്നേഹ ത്തിന്റെ ശക്തിയാണു നമ്മുടെ വിദ്യാഭ്യാസ, കാരുണ്യ പ്രവർത്തന ങ്ങളിൽ പ്രകടമാകുന്നത്. എതിർപ്പുകളും പീഡനങ്ങളുമുണ്ടാ കുമ്പോഴും ധൈര്യപൂർവം സുവിശേഷത്തിന്റെ സന്തോഷം ജീവിക്കുന്ന എല്ലാ സഭാമക്കളെയും സഭ വാത്സല്യത്തോടെ പ്രോത്സാഹിപ്പിക്കുന്നു. 'നമ്മുടെ കർത്താവിനു സാക്ഷ്യം നല്കുന്നതിൽ നീ ലജ്ജിക്കരുത്. ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് അവന്റെ സുവിശേഷത്തെ പ്രതിയുള്ള ക്ലേശങ്ങളിൽ നീയും പങ്കുവഹിക്കുക' (2 തിമോ 1:8) എന്ന വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്കു പ്രചോദനമാകട്ടെ.

**ശക്തീകരണത്തിലൂടെ മുന്നോട്ട്**

സമുദായ ശക്തീകരണവർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചുകൊണ്ടായിരുന്നു ജനുവരി ആറാം തീയതി സിനഡ് ആരംഭിച്ചത്. സഭയുടെ വളർച്ചയും നിലനിൽപ്പും അതിന്റെ ഓരോ അംഗത്തിന്റെയും ആത്മീയവും സാമൂഹികവുമായ ഉന്നമനത്തിൽ അധിഷ്ഠിതമാണ്. സീറോമലബാർ സഭ പ്രഖ്യാപിച്ച സമുദായ ശക്തീകരണവർഷം കേവലം ഒരു ആചരണമല്ല, മറിച്ചു നമ്മുടെ സമുദായാംഗങ്ങളെ തങ്ങളുടെ ദൗത്യങ്ങളെപ്പറ്റി അവബോധമുള്ളവരാക്കാനും അതിനായി അവരെ ബലപ്പെടു ത്താനും അങ്ങനെ പൊതുജീവിതത്തിന്റെ എല്ലാ മേഖലകളെയും മിശിഹായുടെ പ്രബോധനത്താൽ ശുദ്ധീകരിക്കാനുമുള്ള പരിശ്രമ ത്തിന്റെ ഭാഗമാണ്. സഭാംഗങ്ങൾ, പ്രത്യേകിച്ചു കുടുംബങ്ങളും ഇടവകകളും, വിശ്വാസത്തിലും തനിമയിലും അവബോധമുള്ള വരായി നിലനിന്നാൽ മാത്രമേ പൊതുസമൂഹത്തോടുള്ള നമ്മുടെ സുവിശേഷദൗത്യം നിറവേറ്റാൻ നാം പ്രാപ്തരാകുകയുള്ളു. ക്രിസ്ത്യാനിക്കു ശത്രുക്കളില്ല, സഹോദരീ സഹോദരന്മാർ മാത്രം. പരസ്പരം മനസിലാകാത്തപ്പോഴും അവർ സഹോദരങ്ങളായി

തുടരുന്നു എന്ന ലെയോ പതിനാലാമൻ പാപ്പായുടെ വാക്കുകൾ, വിശ്വസാഹോദര്യമാണു നാം ലക്ഷ്യം വയ്ക്കുന്നത് എന്ന യാഥാർത്ഥ്യത്തിനു അടിവരയിടുന്നതാണ്.

ആധുനികലോകം ഉയർത്തുന്ന വെല്ലുവിളികളെ ധീരമായി നേരിടാൻ യുവജനങ്ങളെയും കുടുംബങ്ങളെയും പ്രാപ്തരാക്കുക എന്നതാണ് ഈ വർഷാചരണത്തിന്റെ പ്രധാന ലക്ഷ്യം. പൊതു ഇടങ്ങളിൽ നമ്മുടെ സാന്നിധ്യത്തെ ദുർബലപ്പെടുത്തുന്ന ജനസംഖ്യാശോഷണം കുടുംബങ്ങളിൽ ചർച്ചാവിഷയമാകണം. സീറോമലബാർ സഭാംഗങ്ങൾ പൊതുഭരണരംഗത്തേക്കും രാഷ്ട്രീയത്തിലേക്കും സജീവമായി കടന്നുവരേണ്ടതു പൗരധർമ്മത്തിന്റെ ഭാഗമാണ്. പൗരന്മാരുടെ നിതാന്ത ജാഗ്രതയിലാണു ജനാധിപത്യത്തിന്റെ നിലനിൽപ്പ് എന്ന ചൊല്ലു നമുക്കു മറക്കാതിരിക്കാം. നമ്മുടെ സമുദായാംഗങ്ങളുടെ ഇടയിൽ സംഭവിക്കുന്ന, വിദേശരാജ്യങ്ങളിലേക്കുള്ള വീണ്ടുവിചാരമില്ലാത്ത കുടിയേറ്റം, ചിലരെയെങ്കിലും വലിയ കടബാധ്യതകളിലേക്കും വിശ്വാസശോഷണത്തിലേക്കും നയിക്കുന്നുണ്ട്. തൊഴിൽ തേടുന്നവർ മാത്രമാകാതെ തൊഴിൽ സൃഷ്ടിക്കുന്നവരും തൊഴിൽ ദാതാക്കളുമാകാനുള്ള നമ്മുടെ സാധ്യത നാം മനസിലാക്കണം. കൃഷി ലാഭകരമല്ല എന്നു പറയുമ്പോഴും, ശാസ്ത്രീയമായി കൃഷിചെയ്തു അനേകം പേർക്കു തൊഴിൽ കൊടുക്കാൻ കഴിയും എന്നതിനു നമ്മുടെ ചില രൂപതകളിൽ അഭിനന്ദനാർഹമായ മാതൃകകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നതു ശ്രദ്ധേയമാണ്. വർത്തമാനകാലത്തു നമ്മുടെ മുൻപിലുള്ള പ്രതിസന്ധികളെ മറികടക്കാൻ സമുദായശക്തീകരണ വർഷത്തിലെ കർമ്മപദ്ധതികളെ ഗൗരവമായി ഏറ്റെടുക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

**ഗൾഫുമേഖലയ്ക്ക് അപ്പസ്തോലിക് വിസിറ്റർ**

ഗൾഫുമേഖലയിലെ സീറോമലബാർ സഭാ വിശ്വാസികൾക്കു ഫലപ്രദമായ അജപാലന ശുശ്രൂഷ ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾക്കായി വളരെ നാളുകളായി നാം പരിശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഗൾഫുനാടുകളിലെ സീറോമലബാർ സഭാംഗങ്ങൾക്കായി പരിശുദ്ധ സിംഹാസനം അപ്പസ്തോലിക് വിസിറ്ററെ നിയമിച്ചതു വഴി സഭയുടെ വളർച്ചയിൽ നിർണായകമായൊരു ചുവടുവയ്പ്പാണു സംഭവിച്ചിരിക്കുന്നത്. ഗൾഫുമേഖലയിലെ സീറോമലബാർ വിശ്വാസികൾക്കു ആവശ്യമായ

അജപാലന സംവിധാനങ്ങൾ അനുവദിക്കുന്നതിനു മുന്നോടിയായി അവിടങ്ങളിലുള്ള നമ്മുടെ വിശ്വാസി സമൂഹങ്ങളുമായും നിലവിലുള്ള അജപാലന സംവിധാനങ്ങളുമായും സംവദിച്ച് ഒരു വിശദമായ പഠന റിപ്പോർട്ടു തയ്യാറാക്കി പരിശുദ്ധ സിംഹാസനത്തിനു സമർപ്പിക്കുക എന്നതാണ് അപ്പസ്തോലിക് വിസിറ്ററുടെ പ്രഥമ ദൗത്യം. പരിമിതികൾക്കു നടുവിലും മാതൃസഭയുടെ ആരാധനാക്രമപാരമ്പര്യത്തിൽ നിലനില്ക്കാൻ ത്യാഗപൂർവം പരിശ്രമിച്ച എല്ലാവരെയും നന്ദിയോടെ ഓർമിക്കുന്നതിനൊപ്പം അപ്പസ്തോലിക് വിസിറ്ററായി നിയമിതനായ ബഹു. ജോളി വടക്കനച്ചന് എല്ലാ പിന്തുണയും നല്കണമെന്നു ഗൾഫുനാടുകളിലെ എല്ലാ സീറോമലബാർ സഭാ മക്കളോടും അഭ്യർഥിക്കുന്നു.

**അനുരഞ്ജനത്തിലൂടെ ഐക്യത്തിലേക്ക്**

ഐക്യമുള്ള സമുദായത്തിനു കാലത്തിന്റെ ഗതിമാറ്റാൻ കഴിയുമെന്നും ആരാധന ക്രമത്തിലെ ഐക്യം വിശ്വാസികൾക്കിടയിലുള്ള ആഴമേറിയ സാഹോദര്യത്തിന്റെ പ്രകാശനമാണ് എന്നുമുള്ള ബോധ്യത്തിൽ നിന്നാണു വി. കുർബാന അർപ്പണരീതിയിൽ ഏകീകരണം നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചത്. എന്നാൽ നാം ലക്ഷ്യം വച്ച ഐക്യം പൂർണമായും യാഥാർത്ഥ്യമായിട്ടില്ല എന്നതു ദുഃഖകരമാണ്. ഏകീകൃത രീതിയിലുള്ള കുർബാനയർപ്പണം നടപ്പിലാക്കണം എന്ന സഭയുടെ തീരുമാനം, എറണാകുളം, അങ്കമാലി അതിരൂപതയിൽ ഘട്ടംഘട്ടമായി നടപ്പിലാക്കാനുള്ള ശ്രമങ്ങളെ സിനഡ് അനുഭാവപൂർവം പരിഗണിക്കുന്നു. പരിശുദ്ധ സിംഹാസനം അംഗീകരിച്ച ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി സംബന്ധിച്ചുള്ള സിനഡിന്റെ തീരുമാനം മാറ്റമില്ലാതെ തുടരുന്നതാണ്. ഏകീകൃത കുർബാന അർപ്പണത്തിനുവേണ്ടി ആഗ്രഹിക്കുകയും നിലപാടെടുക്കുകയും നടപ്പിലാക്കുകയും ചെയ്ത രൂപതകളെയും വ്യക്തികളെയും സഭ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. എറണാകുളം അങ്കമാലി അതിരൂപതയുടെ പ്രത്യേക സാഹചര്യത്തിൽ ഘട്ടംഘട്ടമായി ഏകീകൃത വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കാനുള്ള സിനഡു തീരുമാനത്തോടു എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ക്രൈസ്തവാരൂപിക്കു ചേരാത്ത പ്രതിഷേധ മാർഗങ്ങൾ വെടിഞ്ഞു അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കാൻ ബന്ധപ്പെട്ട ഏവരെയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

**വൈദിക പരിശീലനത്തിന്റെ കാലോചിത നവീകരണം**

മാറുന്ന സാഹചര്യങ്ങളിൽ സഭയുടെ ദൗത്യം കൂടുതൽ ഫലപ്രദമാക്കുന്നതിനു വൈദിക പരിശീലനം കാലോചിതമായി നവീകരിക്കേണ്ടത് അനിവാര്യമാണെന്നു മെത്രാൻ സിനഡു വിലയിരുത്തി. സുവിശേഷ പ്രഘോഷണത്തിൽ തീക്ഷ്ണത ജ്വലിപ്പിക്കുന്ന വൈദികപരിശീലനം കാലത്തിന്റെ അനിവാര്യത യാണ്. ആത്മീയവും ദൈവ ശാസ്ത്രപരവുമായ അറിവിനോ ടൊപ്പം, വൈദികാർത്ഥികൾ മാനസികമായ പക്വതയും സാമൂഹിക പ്രതിബദ്ധതയും ആധുനിക സാങ്കേതികവിദ്യകളിൽ നൈപുണ്യ വുമുള്ളവരായി വളരേണ്ടതുണ്ട്. വൈദിക പരിശീലനത്തെക്കു റിച്ചു സിനഡിന്റെ നേതൃത്വത്തിൽ ശാസ്ത്രീയമായ ഗവേഷണ ങ്ങളും പഠനങ്ങളും വർഷങ്ങളായി നടന്നുവരികയായിരുന്നു. അവയുടെ വെളിച്ചത്തിൽ വിശദമായ ചർച്ചകൾക്കും കൂടിയാ ലോചനകൾക്കും ശേഷം നവീകരിച്ച പരിശീലന പദ്ധതിക്കു സിനഡു അന്തിമരൂപം നല്കിയിട്ടുണ്ട്. ഇവ നടപ്പിൽ വരുത്തു ന്നതിന്റെ ആദ്യഘട്ടമായി മൈനർ സെമിനാരി പരിശീലന കാലഘട്ടത്തിൽ കാതലായ ചില നവീകരണങ്ങൾക്കു സിനഡ് അംഗീകാരം നല്കുകയും ഈ രംഗത്തുള്ള എല്ലാവരുടെയും പങ്കാളിത്വത്തോടെ അതു നടപ്പിലാക്കാൻ വൈദികർക്കായുള്ള സിനഡൽ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു.

**അജപാലനത്തിലും സുവിശേഷവത്കരണത്തിലും മുന്നോട്ട്**

കേരളത്തിനു പുറത്തു പുതിയ അതിരൂപതകളും വിവിധ രാജ്യങ്ങളിൽ അജപാലന സംവിധാനങ്ങളുമായി സീറോ മലബാർസഭ വളർച്ചയുടെ പടവുകൾ കയറുമ്പോൾ, ലോക മെങ്ങും സുവിശേഷം പ്രഘോഷിക്കാനുള്ള നമ്മുടെ ഉത്തരവാദി ത്വവും വർദ്ധിക്കുകയാണ്. സഭയുടെ പൈതൃകവും ആത്മീയതയും മുറുകെപ്പിടിച്ചുകൊണ്ടുതന്നെ, വ്യത്യസ്ത സംസ്കാരങ്ങളിലു ള്ളവരുമായി സംവാദത്തിൽ ഏർപ്പെടാനും മിശിഹായുടെ സ്നേഹം സാർവത്രികമായി പ്രഘോഷിക്കാനും നാം കടപ്പെട്ടവരാണ്. ഈയൊരു ദൗത്യം ഏറ്റെടുക്കാൻ പ്രാപ്തരായ കൂടുതൽ മിഷനറി മാരെ വാർത്തെടുക്കാനും തങ്ങളുടെ വിശ്വാസത്തെക്കുറിച്ചും സഭയെക്കുറിച്ചും അഭിമാനബോധമുള്ളവരായി സഭാംഗങ്ങളെ വളർത്താനും സഹായകമാകുന്ന രീതിയിൽ, അല്മായർക്കു വേണ്ടി യുള്ള ഒരു പ്രേഷിതമുന്നേറ്റം, 'ജീവൻ ജ്യോതി സീറോമലബാർ

മിഷനറി മൂവ്മെന്റ്' എന്ന പേരിൽ ആരംഭിക്കുകയാണ്. സുവിശേഷവത്കരണം നമ്മുടെ പ്രഥമ ദൗത്യമാകയാൽ കൂടുതൽ വൈദിക സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കാൻ കുടുംബങ്ങൾ പ്രത്യേക താൽപര്യം കാണിക്കേണ്ടതുണ്ട്.

ജൂബിലിവർഷം സമാപിച്ചെങ്കിലും അതു നമ്മുടെ ഹൃദയങ്ങളിൽ വിതച്ച പ്രത്യാശയുടെയും കാരുണ്യത്തിന്റെയും വിത്തുകളെ നമുക്കു പരിപോഷിപ്പിക്കാം. ജൂബിലി വർഷം സമാപിക്കുമ്പോഴും പ്രത്യാശയുടെ തീർത്ഥാടനം തുടരുകയാണെന്ന ലെയോ പതിനാലാമൻ മാർപാപ്പയുടെ വാക്കുകൾ നമ്മെ പ്രചോദിപ്പിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2026-ാം ആണ്ട് ജനുവരി മാസം 10-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2026 ജനുവരി 18-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

4177/K-35/KCBC/OL/DS

# അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ വർഷം - ഡിക്രി

**16 January 2026**

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ 800-ാമത് ചരമ വാർഷികത്തോട് അനുബന്ധിച്ച് ഒരു സവിശേഷ ജൂബിലി വർഷം പ്രഖ്യാപിക്കപ്പെടുന്നു; അതിനോടുചേർന്ന് സമ്പൂർണ ദണ്ഡ വിമോചന സാധ്യതയും.

''നമ്മുടെ പിതാവും സഹോദരനുമായ ഫ്രാൻസിസിന്റെ സ്മരണ നിലനിർത്തുക. അത് അവനെ മനുഷ്യരുടെ ഇടയിൽ ഉന്നതനും മാലാഖമാരുടെ ഇടയിൽ മഹത്തീകൃതനും ആക്കിത്തീർത്തവന്റെ സ്തുതിക്കും മഹത്ത്വത്തിനും ആയിരിക്കട്ടെ. തന്റെ മരണത്തിനു മുമ്പായി അദ്ദേഹം സ്വയം ആവശ്യപ്പെട്ടതനുസരിച്ച് ഫ്രാൻസിസിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം; അവന്റെയും മാധ്യസ്ഥ്യം നമുക്ക് അപേക്ഷിക്കാം; അങ്ങനെ ദൈവം തന്റെ പരിശുദ്ധ കൃപ അവനോടൊപ്പം നാമുമായും പങ്കുവയ്ക്കട്ടെ''.

2025-ലെ സാധാരണ ജൂബിലി വർഷം അവസാനിച്ചതേയുള്ളു. അതിന്റെ കൃപ നമ്മെ നിരാശരാക്കാത്ത പ്രത്യാശയുടെ (റോമാ 5:5 കാണുക) തീർത്ഥാടകരാകാൻ പ്രചോദിപ്പിച്ചിരിക്കുന്ന ഈ അവസരത്തിൽ അത് കാലോചിതവും ഫലപ്രദവും ആയിരിക്കേ, അതിനോടുചേർത്ത് അതിന്റെ തുടർച്ചയായി മാതൃകാപരമായ മറ്റൊരു അവസരംകൂടി സന്തോഷിക്കുന്നതിനും സ്വയം വിശദീകരിക്കുന്നതിനും കൈവന്നിരിക്കുന്നു: ഈ ലോകജീവിതത്തിൽനിന്നു വിശുദ്ധ ഫ്രാൻസിസ് അസ്സീസി തന്റെ സ്വർഗീയ ഭവനത്തിലേക്ക് സന്തോഷപൂർവ്വം കടന്നുപോയതിന്റെ 800-ാമത് വാർഷികം.

സമീപകാലങ്ങളിൽ നടന്ന മറ്റു പ്രധാനപ്പെട്ട ജൂബിലികൾ അസ്സീസിയിലെ വിശുദ്ധന്റെ വ്യക്തിത്വത്തോടും പ്രവർത്തനത്തോടും ബന്ധപ്പെട്ടവയായിരുന്നു: ഗ്രേച്ചോയിൽ അദ്ദേഹം ഒരുക്കിയ ആദ്യത്തെ തിരുപ്പിറവി രംഗം (Nativity scene), സൃഷ്ടിയുടെ പരിശുദ്ധ സൗന്ദര്യത്തിന്റെ ഗാനമായ ''സൃഷ്ടി ഗീതത്തിന്റെ''

രചന, തന്റെ മരണത്തിന് രണ്ടുവർഷം മുമ്പ്, പുതിയ കാൽവരി എന്നറിയപ്പെടുന്ന, വെർണമലയിൽ (Monte della Verna) വച്ച് അദ്ദേഹത്തിന്റെ ശരീരത്തിൽ പഞ്ചക്ഷതങ്ങൾ പതിപ്പിക്കപ്പെട്ടത് എന്നിവയുടെ 800-ാം വാർഷികം. ഇപ്രകാരം മുമ്പുള്ള എല്ലാ ആഘോഷങ്ങളുടെയും ഉച്ചസ്ഥാനവും പരിപൂർത്തിയുമായി 2026 മാറും; അങ്ങനെ അത് യഥാർത്ഥത്തിൽ വിശുദ്ധ ഫ്രാൻസിസിന്റെ വർഷമായിരിക്കും; അതുവഴി നാമെല്ലാവരും ഈ സെറാഫിക് പാത്രിയാർക്കസിന്റെ (Seraphic Patriarch) മാതൃക സ്വീകരിച്ചുകൊണ്ട് ഇന്നത്തെ ലോകത്ത് വിശുദ്ധരായിത്തീരാൻ വിളിക്കപ്പെട്ടവരാകും.

മനുഷ്യരാശിയുടെ രക്ഷകൻ എന്ന നിലയിൽ യേശുക്രിസ്തു അല്ലാതെ ''നാം രക്ഷിക്കപ്പെടേണ്ടതിന് ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമമില്ല'' (അപ്പ. 4:12 കാണുക) എന്നത് ആശ്ചര്യകരമാംവിധം സത്യമാണെങ്കിൽ, തത്തുല്യമായി അനിതര സാധാരണമാംവിധം മറ്റൊരു കാര്യം കൂടി സത്യമാണ്: 12-ഉം 13-ഉം നൂറ്റാണ്ടുകളുടെ ഇടയിൽ, വിശുദ്ധ യുദ്ധങ്ങൾ എന്നു വിളിക്കപ്പെട്ടവ ഉണ്ടായിരുന്ന കാലഘട്ടത്തിൽ, ധാർമികമൂല്യങ്ങൾക്ക് ഇടിവുണ്ടായിരുന്നപ്പോൾ, മതാത്മക ആവേശം തെറ്റിദ്ധരിക്കപ്പെട്ടിരുന്നപ്പോൾ, ''ഒരു സൂര്യൻ ലോകത്തിലേക്ക് പിറന്നു'' ഫ്രാൻസിസ്. അവൻ ഒരു ധനികനായ വ്യാപാരിയുടെ മകനിൽനിന്ന് ദരിദ്രനും വിനീതനും യഥാർഥ പുരാതന ക്രിസ്തുവായി (true Ancient Christ) ഭൂമിയിൽ പരിണമിച്ചു; അവൻ ലോകത്തിനു സ്പർശനീയമായ സുവിശേഷാത്മക ജീവിതത്തിന്റെ മാതൃകകളും യഥാർത്ഥ ക്രൈസ്തവ പരിപൂർണതയുടെ ചിത്രവും നൽകി. ഫ്രാൻസീസ് ജീവിച്ചിരുന്ന കാലഘട്ടത്തിൽനിന്ന് വളരെ വ്യത്യസ്തമല്ല നമ്മുടെ കാലഘട്ടവും; ഇന്നത്തെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ പ്രബോധനം ഒരുപക്ഷേ കൂടുതൽ കൃത്യമായി പ്രസക്തവും മനസ്സിലാക്കപ്പെടാവുന്നതുമാണ്. ക്രൈസ്തവ ഉപവി കുറഞ്ഞുവരുന്ന ഇക്കാലത്ത്, അറിവില്ലായ്മ അസാന്മാർഗികതപോലെ വ്യാപിക്കുമ്പോൾ, ജനങ്ങളുടെ ഇടയിൽ ഐക്യം ഉണ്ടാക്കുന്നു എന്നു കരുതുന്നവർ ആത്മാർഥമായ ക്രൈസ്തവ ചൈതന്യത്തിനു വിരുദ്ധമായി സ്വാർത്ഥപരമായ ലക്ഷ്യങ്ങളോടെ

പെരുമാറുമ്പോൾ, യഥാർഥമായതിനെ സാങ്കല്പികമായത് കൈയടക്കുമ്പോൾ (when the virtual takes over the real), ഭിന്നിപ്പുകളും സാമൂഹിക അക്രമവും ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറുമ്പോൾ, സമാധാനം ദിവസംതോറും സുരക്ഷിതമല്ലാത്തതും വിദൂരത്തായിരിക്കുന്നതും ആകുമ്പോൾ, വിശുദ്ധ ഫ്രാൻസിസിന്റെ ഈ വർഷം നമുക്ക് എല്ലാവർക്കും പ്രചോദനമാകണം: ഓരോരുത്തരും അവരവരുടെ സാധ്യതകൾക്കനുസൃതം, അസ്സീസിയിലെ ആ ദരിദ്രനായ മനുഷ്യനെ (the poor man of Assisi) അനുകരിക്കാൻ; അങ്ങനെ നമ്മെത്തന്നെ കഴിയുന്നിടത്തോളം ക്രിസ്തുവിന്റെ മാതൃക അനുസരിച്ച് രൂപപ്പെടുത്താൻ; അതുവഴിയായി ഇപ്പോൾ അവസാനിച്ച വിശുദ്ധ വർഷത്തിന്റെ ലക്ഷ്യങ്ങൾ നിരാകരിക്കപ്പെടാതിരിക്കട്ടെ; നമ്മെ തീർഥാടകരായി വീക്ഷിച്ച പ്രത്യാശ ഇപ്പോൾ സജീവ ഉപവിയിൽ തീക്ഷ്ണമതികളായി പരിണമിപ്പിക്കട്ടെ.

‘‘ഇതു ചെയ്യുകവഴിയായി നീ കർത്താവിനെയും അവിടത്തെയും നിന്റെയും ദാസനായ എന്നെയും സ്നേഹിക്കുന്നുവോ എന്നു ഞാൻ അറിയും: അതായത്, നിനക്കെതിരായി ഒരു സഹോദരൻ എത്രമാത്രം പാപം ചെയ്യാമോ അത്രമാത്രം ചെയ്തശേഷം നിന്റെ കണ്ണുകളിലേക്ക് നോക്കി, നിന്റെ കരുണാർദ്രമായ മാപ്പിനായി അപേക്ഷിക്കുന്നെങ്കിൽ നീ അത് നൽകിക്കൊണ്ട് അവനെ പറഞ്ഞുവിടുകയാണെങ്കിൽ’’.

പ്രസിദ്ധമായ quendam ministrum (‘‘ഒരു പ്രത്യേക ശുശ്രൂഷകന്’’) എന്ന ലേഖനത്തിൽ എഴുതപ്പെട്ടിരിക്കുന്ന അനിതരസാധാരണമായ ഈ വാക്കുകളിലൂടെ ഒരുവശത്ത് വിശുദ്ധ ഫ്രാൻസിസ് അജ്ഞാതനായ ഒരു സഹോദരന് ആശ്വാസവും ഉപദേശവും പകരുന്നു; എന്നാൽ, അതിലുപരി അടിസ്ഥാനപരമായ കരുണയുടെ സങ്കല്പത്തിന് ഊന്നൽ നല്കുകയും ചെയ്യുന്നു; മാപ്പുനൽകുന്നതും ദണ്ഡവിമോചനവും പ്രസ്തുത സങ്കല്പത്തോട് അഭേദ്യമാംവിധം ചേർന്നിരിക്കുന്നു. അത് യഥാർഥത്തിൽ ഒരു മാപ്പു നൽകലാണ്; അതായത്, പ്രസിദ്ധമായ ‘‘അസ്സീസിയിലെ മാപ്പു നൽകൽ’’(Pardon of Assisi) അഥവാ ‘‘പോർസിങ്കുളയിലെ ദണ്ഡവിമോചനം’’. ഹൊണോറിയസ് മൂന്നാമൻ പാപ്പാ പ്രത്യേക

ആനുകൂല്യത്താൽ ഫ്രാൻസിസിനു നേരിട്ട് നൽകിയതായിരുന്നു അത്. അതിന്റെ നിബന്ധന, കുമ്പസാരിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുകയും ഓഗസ്റ്റ് രണ്ടാം തീയതി അസ്സീസിക്ക് അടുത്തുള്ള പുരാതന ദേവാലയം സന്ദർശിക്കുക എന്നതുമായിരുന്നു; അത് ഏതാണ്ട് 800 വർഷം മുമ്പ് ഒരു ചെറിയ സ്ഥലത്ത് (a small portion of land) സ്ഥാപിക്കപ്പെട്ടതായിരുന്നു, അതിനാലാണ് അതിന്റെ നാമം പോർസിങ്കുള (hence the name Porzincula) എന്നായത്.

തന്റെ അപേക്ഷ ക്രിസ്തുവിന്റെ വികാരി സ്വീകരിച്ചിരിക്കുന്നു എന്നു കണ്ടപ്പോൾ അന്ന് വിശുദ്ധനുണ്ടായ വളരെ വലിയ ചൈതന്യവും ആനന്ദവും, തുടർന്ന് പോർസിങ്കുളയുടെ പ്രതിഷ്ഠാനേരത്ത് അവിടെ കൂടിയിരുന്ന ജനത്തോടു തനിക്കു ലഭിച്ച കൃപയെക്കുറിച്ച് പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ അവ അവരുടെമേൽ പ്രസരിച്ചതുപോലെ, പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ, നമ്മുടെ വിശ്വാസത്തിന്റെയും സന്തോഷത്തിന്റെയും ശുശ്രൂഷകൻ എന്ന നിലയിൽ, ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു: 2026 ജനുവരി 10 മുതൽ, അതായത്, ഇപ്പോഴത്തെ സാധാരണ ജൂബിലി ഉപസംഹരിക്കുന്ന വേളയിൽ തന്നെ 2027 ജനുവരി 10 വരെ വിശുദ്ധ ഫ്രാൻസിസിന്റെ പ്രത്യേക വർഷമായിരിക്കും; അങ്ങനെ ഓരോ ക്രിസ്തുവിശ്വാസിയും അസ്സീസിയിലെ വിശുദ്ധന്റെ മാതൃക പിന്തുടർന്നുകൊണ്ട് ജീവിത വിശുദ്ധിയുടെ മാതൃകയും നിരന്തരം സമാധാനത്തിന്റെ സാക്ഷിയും ആയിത്തീരട്ടെ.

ഈ ലക്ഷ്യങ്ങൾ പൂർണമായി പ്രാപിക്കുന്നതിന് അപ്പസ്തോലിക പെനിടെൻഷ്യറി, പരിശുദ്ധ പിതാവിന്റെ ഹിതത്തോട് ചേർന്നുനിന്നുകൊണ്ട്, ഈ ഡിക്രിവഴിയായി വിശുദ്ധ ഫ്രാൻസിസിന്റെ വർഷം ആചരിക്കുന്ന വേളയിൽ പൂർണ ദണ്ഡവിമോചനം, സാധാരണയുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു; അതായത്, അനുരഞ്ജന കൂദാശയുടെയും ദിവ്യകാരുണ്യത്തിന്റെയും സ്വീകരണം, പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായുള്ള പ്രാർഥന എന്നിവവഴി. അത് ശുദ്ധീകരണ

സ്ഥലത്തിലെ ആത്മാക്കളുടെ മോചന സഹായം എന്ന രൂപത്തിലും അർപ്പിക്കാവുന്നതാണ്:

1) താഴെപ്പറയുന്ന ഗണങ്ങളിലെ അംഗങ്ങൾക്കുവേണ്ടി:

- ഫ്രാൻസിസ്ക്കൻ കുടുംബത്തിലെ ഒന്നും രണ്ടും മൂന്നും റെഗുലറും സെക്കുലറും ഓർഡറുകൾ,

- സമർപ്പിത സന്യസ്ത സമൂഹങ്ങൾ, അപ്പസ്തോലിക ജീവിത സമൂഹങ്ങൾ, വിശുദ്ധ ഫ്രാൻസിസിന്റെ നിയമം പാലിക്കുകയോ അദ്ദേഹത്തിന്റെ ആധ്യാത്മികതയാൽ പ്രചോദിതരാവുകയോ മറ്റേതെങ്കിലും തരത്തിൽ അദ്ദേഹത്തിന്റെ വരദാന ചൈതന്യം (charism) നിലനിർത്തുകയോ ചെയ്യുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും പരസ്യമോ രഹസ്യമോ ആയ വിശ്വാസികളുടെ സംഘടനകൾ (Public or Private Associations of the Faithful);

2) വ്യത്യാസങ്ങൾ കൂടാതെ എല്ലാ വിശ്വാസികൾക്കുംവേണ്ടി:

ഇപ്രകാരം ദണ്ഡമോചനം ആഗ്രഹിക്കുന്നവർ, പാപത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനുള്ള താത്പര്യത്തോടെ വിശുദ്ധ ഫ്രാൻസിസിന്റെ വർഷത്തിൽ പങ്കുചേരും. അത് താഴെപ്പറയുന്ന വിധം ആകാം:

ഒരു തീർഥാടനം എന്നവിധം ഒരു ഫ്രാൻസിസ്കൻ സന്യാസ ഭവന ദേവാലയമോ വിശുദ്ധ ഫ്രാൻസിസിന്റെ നാമധേയത്തിലുള്ള ആരാധനാലയമോ ഏതെങ്കിലും കാരണവശാൽ അദ്ദേഹവുമായി ബന്ധപ്പെടുത്തിയ സ്ഥലമോ സന്ദർശിക്കുന്നതുവഴി: അവിടെ അവർ ഭക്തിപൂർവം ജൂബിലി കർമങ്ങൾ നിർവഹിക്കുകയോ കുറച്ചുസമയം ധ്യാനപൂർവ്വം ചിലവഴിക്കുകയോ ചെയ്യണം. ക്രൈസ്തവ ഉപവിക്ക് ചേർന്നവിധം അയൽക്കാരനുവേണ്ടിയും ജനതകളുടെ ഇടയിൽ പൊരുത്തവും സമാധാനവും പുലരുന്നതിനുവേണ്ടിയുമുള്ള അർഥനകൾ തങ്ങളുടെ ഹൃദയങ്ങളിൽ ഉയർത്തുകയും അവസാനം ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'' ''വിശ്വാസപ്രമാണം'', ''നന്മനിറഞ്ഞ മറിയമേ'' എന്നീ പ്രാർത്ഥനകളും, വിശുദ്ധ ഫ്രാൻസിസ് അസ്സീസിയോടും വിശുദ്ധ ക്ലാരയോടും ഫ്രാൻസിസ്കൻ കുടുംബത്തിൽപ്പെട്ട ഇതര വിശുദ്ധരോടും പ്രാർത്ഥിക്കുകയും ചെയ്യണം.

വൃദ്ധർക്കും രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും മറ്റ് ഗൗരവമായ കാരണങ്ങളാൽ തങ്ങളുടെ ഭവനങ്ങൾ വിട്ടുപോകാൻ കഴിയാത്തവർക്കും പൂർണദണ്ഡവിമോചനം പ്രാപിക്കാനാകും. അതിന് അവരും പാപത്തിൽനിന്ന് ഒഴിഞ്ഞുനിന്നുകൊണ്ട് കഴിയുന്നത്ര മേൽപ്പറഞ്ഞ മൂന്ന് വ്യവസ്ഥകളും പാലിച്ചുകൊണ്ട് ആത്മീയമായി വിശുദ്ധ ഫ്രാൻസിസിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കുചേരുകയും അവരുടെ പ്രാർത്ഥനകളും ജീവിതത്തിലെ വേദനകളും സഹനങ്ങളും കരുണാർദ്രനായ ദൈവത്തിനു കാഴ്ചവയ്ക്കുകയും ചെയ്യണം.

സഭയുടെ താക്കോലുകളുടെ ശക്തിവഴിയായി ദൈവിക കൃപ ലഭിക്കാനുള്ള ഈ അവസരം വളരെ എളുപ്പം ലഭ്യമാക്കാനായി ഈ പെനിടെൻഷ്യറി ശരിയായ ഫാക്കൽറ്റികളുള്ള സന്യസ്തരും രൂപതാ വൈദികരും ആയവരോട് ശക്തമായി അഭ്യർത്ഥിക്കുന്നു: നിങ്ങളുടെ മുമ്പിൽ അനുരഞ്ജന കൂദാശയ്ക്കായി അണയുന്നവരെ ഉദാരമനസ്കതയോടെയും കരുണാപൂർവവും സ്വാഗതം ചെയ്യാൻ തയ്യാറാകുക. ഈ ഡിക്രി വിശുദ്ധ ഫ്രാൻസിസിന്റെ വർഷം മുഴുവൻ പ്രാബല്യത്തിലുള്ളതാണ്; മറ്റൊരു നിയമവും ഇതിന് വിരുദ്ധമായി നിലനിൽക്കുന്നില്ല.

റോമായിലെ അപ്പസ്തോലിക പെനിടെൻഷ്യറിയുടെ മന്ദിരത്തിൽനിന്ന് കർത്താവിന്റെ ജ്ഞാനസ്നാനത്തിരുനാളിന്റെ തലേന്നാൾ 2026 ജനുവരി പത്താം തീയതി നല്കപ്പെട്ടത്.

L. + S.

Prot. No. 030692025136025/1

**പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി. കൊച്ചി-682025

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും, 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റെയും മാർച്ച് 3-ാം തീയതി ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും ചരമദിനങ്ങ ളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർ ത്ഥനകളിലും വി. ബലികളിലും ഓർമ്മിക്കാം.

**2. തിരുബാലസഖ്യദിനം - ഫെബ്രുവരി 8**

ഫെബ്രുവരി 8-ാം തീയതി തിരുബാലസഖ്യദിനമായി ആച രിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കാൻ രൂപതാ കേന്ദ്രത്തി ലേയ്ക്ക് എത്തിക്കുമല്ലോ.

**3. യുവവൈദികരുടെ ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ്**

മാനന്തവാടി രൂപതയിലെ യുവ വൈദികർക്കുവേണ്ടിയുള്ള ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ് 2026 ഫെബ്രുവരി 16 മുതൽ 18 വരെ ബോയ്സ് ടൗണിൽ ക്രമീകരിച്ചിരിക്കുന്നു. ഫെബ്രുവരി 16 ന് വൈകിട്ട് 6 മണിക്ക് ആരംഭിച്ച് 18 ന് ഉച്ചയ്ക്ക് അവസാനി ക്കുന്നതായിരിക്കും. കോഴ്സ് നയിക്കുന്നത് സീറോ മലബാർ സഭയുടെ പി. ആർ. ഒ.യും തലശ്ശേരി അതിരൂപതാംഗവുമായ ബഹു. ടോം ഓലിക്കരോട്ട് അച്ചനാണ്.

2013 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുടങ്ങി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ചവർ ഉൾപ്പടെ എല്ലാ വൈദികരും നിർ ബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്നും ആർക്കും ഒഴികഴിവ് അനുവദിക്കുന്ന തല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളും, ഇടവകയിലെയോ, സ്ഥാപനങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളൊക്കെ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.

| | **Ongoing Formation of Priests 2026 (Feb. 16-18)** |
|---|---|
| 1) | Ambalathara Francis (Santo) |
| 2) | Kattath Thomas (Aneesh) |
| 3) | Venakuzhiyil Mathai (Shijo) |
| 4) | Elamkunnapuzha Joseph (Sijo) |
| 5) | Alumkal Joseph (Anish) |
| 6) | Madapallikunnel Antony (Sibi) |
| 7) | Kaliyaniyil Kuriakose (Anoop) |
| 8) | Parackal Varghese (Noble) |
| 9) | Pulikuzhiyil Abraham (Shinto) |
| 10) | Peechattu Joseph (Jithin) |
| 11) | Thevarkunnel Don Bosco (Bivaldin) |
| 12) | Thekkilakkattil Mathew (Jomesh) |
| 13) | Chittarackal Varghese (Sanoj) |
| 14) | Vettickal John (Prakash) |
| 15) | Palakkattu Antony (Nidhin) |
| 16) | Vattukulathil Mathew (Jibin) |
| 17) | Vadassery Thomas (Saneesh) |
| 18) | Thattuparambil Varghese (Jinto) |
| 19) | Arackaparambil Emmanuel (Manu) |
| 20) | Karuthedath Mathew (Rajeesh) |
| 21) | Elemkunnel Joseph (Tony) |
| 22) | Oravaranthara Vincent (Santhosh) |
| 23) | Chavaranal Thomas (Nikhil) |
| 24) | Kanipallil Varghese (Georgekutty) |
| 25) | Thenpallil Sebastian (Nishwin) |
| 26) | Alackathadathil James (Nidhin) |
| 27) | Thekkethil Abraham (Prince ) |
| 28) | Kalapurackal Abraham (Vinoy) |
| 29) | Madathiparambil Devasia (Arun) |

| | |
|---|---|
| 30) | Kalapurackal  Mathew (Vipin) |
| 31) | Poikayil Joseph ( Jerin) |
| 32) | Arumayil  George (Rejose) |
| 33) | Karamayil Issac (Shanto) |
| 34) | Kumbalakuzhy Mathew (Robins) |
| 35) | Pulikunnel Devassia(Clinto) |
| 36) | Thekkilakattil Jose (Ajay) |
| 37) | Thondiparambil Peter (Kiran) |
| 38) | Valayathil Joseph (Albin) |
| 39) | Nakkuzhikattu Mathew (Jomin) |
| 40) | Kocheril Mathew (Anoop) |
| 41) | Pannackal Mathew (Amal) |
| 42) | Pallattukunnel Augustine(Jijo) |
| 43) | Purakkal George (Aneesh) |
| 44) | Njallampuzha Thomas |
| 45) | Kandathinkara Emmanuel (Abhishek) |
| 46) | Nellimalayil Emmanuel (Rinson) |
| 47) | Thuruthiyil  Louis |
| 48) | Kochumalayil Varghese (Annet) |
| 49) | Mulangattil Thomas (Amal) |
| 50) | Manthrickal Thomas(Amal) |
| 51) | Vattakkunnel  Jude |
| 52) | Cheradiyil Cherian (Jithin) |
| 53) | Chirayilparambil  Joseph (Jobin) |
| 54) | Kottakupurath Thomas (Jefin) |
| 55) | Kulangara Paul (Shinto) |

**4. വൈദിക സമിതിയോഗം (Presbyteral Council)**

വൈദിക സമിതിയുടെ ഒരു യോഗം 2026 മാർച്ച് 12 വ്യാഴാഴ്ച്ച രാവിലെ 10:30 മുതൽ 1:00 മണിവരെ ബിഷപ്പ്സ് ഹൗസിൽ വെച്ചു ചേരുന്നതാണ്. അംഗങ്ങൾക്ക് ക്ഷണക്കത്തുകൾ അയക്കുന്നതാണ്.

**5. വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2026 മാർച്ച് 24 ചൊവ്വാഴ്ച്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. എല്ലാ വൈദികരും അന്നത്തെ സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു

**6. ഓഡിറ്റിംഗ്**

നമ്മുടെ രൂപതയിലെ 2025-2026 വർഷത്തെ എല്ലാ ഇടവകകളുടെയും, സ്ഥാപനങ്ങളുടെയും ഓഡിറ്റിംഗ് ഏപ്രിൽ 20-ാം തിയ്യതി മുതൽ മെയ് 2-ാം തിയ്യതി വരെ നടത്തപ്പെടുന്നതാണ്. ഇടവകകളുടെ ഓഡിറ്റിംഗ് ഏപ്രിൽ 20-ാം തിയ്യതി മുതൽ ഏപ്രിൽ 29 വരെ ബിഷപ്പ്സ് ഹൗസിലും, നിലമ്പൂർ - മണിമൂളി റീജിയനുകളിലെ ഓഡിറ്റിംഗ് മെയ് 2-ന് മണിമൂളി പാസ്റ്ററൽ സെന്ററിലും, ഏപ്രിൽ 30, മെയ് 1 എന്നീ തിയ്യതികളിലായി സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ഓഡിറ്റിംഗുമാണ് (FC & General) ക്രമീകരിച്ചിരിക്കുന്നത്. ഓഡിറ്റിംഗിനായി വരുമ്പോൾ കഴിഞ്ഞ വർഷം ഓഡിറ്റേഴ്സ് നൽകിയ നിർദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

## Transfer List – February 2026

**(w. e. f. 8th February 2026)**

| SN | House Name , Name | Assignment |
|---|---|---|
| 1 | Arackaparambil Emmanuel (Manu) | Vicar, Kammana |
| 2 | Arumayil George (Rijose) | Vicar, Chithragiri (w. e. f. 10th Dec. 2025) |
| 3 | Pallattukunnel Augustine (Jijo) | Vicar, Chooralmala |
| 4 | Pakkanikuzhiyil Sebastian (Vinod) | Director, Jesus Youth Ministry (Additional Charge) |
| 5 | Kalappurackal Mathew (Vipin) | Associate Vicar, Kunjhome (Additional Charge) |
| 6 | Nakkuzhikkattu Mathew (Jomin) | Assistant Vicar, Kalpetta |
| 7 | Pulikunnel Devasia (Clinto) | Assistant Vicar, Thariode |
| 8 | Thondiparambil Peter (Kiran) | Assistant Vicar, Nadavayal |
| 9 | Kochumalayil Vargheses (Annet) | Assistant Vicar, Kayyunni |
| 10 | Palakuzha Joseph (Bobby) | Assistant Vicar, Poroor |
| 11 | Poothakkuzhiyil Joseph (Christy) | Assistant Vicar, Chungakkunnu |
| 12 | Cheradiyil Cherian (Jithin) | Assistant Vicar, Nadavayal |
| 13 | Chirayilparambil Joseph (Jobin) | Assistant Vicar, Bathery |
| 14 | Kottakupurath Thomas (Jefin) | Assistant Vicar, Payyampally |
| 15 | Kulangara Paul (Shinto) | Assistant Vicar, Kottiyoor |

Fr Anoop Kaliyaniyil
Chancellor

Bishop Jose Porunnedom
Bishop of the Eparchy of Mananthavady

**HCC (XI,XII) യൂണിവേഴ്സിറ്റി പരീക്ഷ 2026 ഫെബ്രുവരി 01**

HCC (Plus One, Plus Two) പരീക്ഷകൾ ഫെബ്രുവരി 1-ന് ഞായറാഴ്ച രാവിലെ 11 മണിമുതൽ 1.00 മണിവരെ ഫൊറോന തലത്തിൽ വിവിധ സെന്ററുകളിൽവച്ച് നടത്തപ്പെട്ടു. രൂപതാ നിർദ്ദേശങ്ങൾക്കനുസരിച്ച് പരീക്ഷകൾ ഏറ്റവും ഭംഗിയായി നടത്തുവാൻ ബഹുമാനപ്പെട്ട മേഖലാ ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച മേഖലാ ടീം അംഗങ്ങൾക്കും, പരീക്ഷാ സെന്ററുകളിലെ ബഹു. വികാരിയച്ചൻമാർക്കും, എല്ലാ ഹെഡ്മാസ്റ്റേഴ്സിനും, അധ്യാപകർക്കും രൂപതാമതബോധന കേന്ദ്രത്തിന്റെ നന്ദി അറിയിക്കുന്നു.

**Say Exam**

12 -ാം ക്ലാസിൽ പരാജയപ്പെട്ട കുട്ടികൾക്ക് സേ എക്സാം ഉണ്ടായിരിക്കുന്നതല്ല. അവർക്ക് രൂപതയിൽനിന്ന് കോഴ്സ് സർട്ടിഫിക്കറ്റ് നല്കുന്നതായിരിക്കും. അവർക്ക് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കുന്നതല്ല. തക്ക കാരണങ്ങളാൽ 12 -ാം ക്ലാസിലെ പരീക്ഷ എഴുതാൻ കഴിയാത്ത കുട്ടികൾക്കും 11-ാം ക്ലാസ്സിൽ പരാജയപ്പെട്ട കുട്ടികൾക്കും ഏപ്രിൽ ആദ്യം സേ പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും. പഠനവൈകല്യമുള്ള കുട്ടികൾക്ക് സ്ക്രൈബിനെ വച്ച് പരീക്ഷ എഴുതിക്കുന്നത് അനുവദനീയമല്ല. അവർക്ക് ഇടവകകളിൽ പരീക്ഷ നടത്തി മാർക്ക് രൂപതയ്ക്ക് നല്കിയാൽ മതി. രൂപതയിൽ നിന്ന് കോഴ്സ് സർട്ടിഫിക്കറ്റ് അവർക്ക് നല്കുന്നതായിരിക്കും.

**Course Certificate Students:** യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്താത്ത കുട്ടികളുടെ ഉത്തരകടലാസ് രൂപതയ്ക്ക് തരേണ്ടതില്ല. അവ ക്ലാസ് ടീച്ചർതന്നെ മൂല്യനിർണയം നടത്തി, Course Certificate Students എന്ന് പ്രത്യേകം രേഖപ്പെടുത്തി അവരുടെ പേര്, വീട്ടുപേര്, ഇടവക, മാർക്ക് എന്നിവ രൂപതാ കേന്ദ്രത്തിൽ നല്കുക.

**HCC 1 & 2 മൂല്യനിർണയം**

2026 ഫെബ്രുവരി 7 -ാം തീയതി ശനിയാഴ്ച്ച മണിമൂളിയിൽ വച്ചും 14 -ാം തീയതി ശനിയാഴ്ച്ച ദ്വാരകയിൽ വച്ചും നടത്തപെടുന്നതാണ്. അധ്യാപകരെ പറഞ്ഞയക്കാൻ പ്രധാനാധ്യാപകർ ശ്രദ്ധിക്കുമല്ലോ. HCC പരീക്ഷയുടെ മൂല്യനിർണ്ണയം നടത്താൻ ഇടവകകളിൽനിന്ന് അദ്ധ്യാപകർ സഹകരിക്കണം. അതിനായി വരുന്നവരുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റേഴ്സിനു നല്കുന്ന ഗൂഗിൾ ഫോമിൽ ചേർത്ത് ഫെബ്രുവരി 4 നുള്ളിൽ രൂപതാമതബോധന ഓഫീസിലേക്ക് അയക്കേണ്ടതാണ്. അധ്യാപകർ വരുമ്പോൾ പഠിപ്പിക്കുന്ന പാഠപുസ്തകം, മന്ന എന്നിവ കൊണ്ടുവരേണ്ടതാണ്.

**ഡിപ്ലോമ പരീക്ഷ, വാർഷിക പരീക്ഷ 2025-2026**

രണ്ട് പരീക്ഷകളും ഏപ്രിൽ 7 ഞായറാഴ്ച നടത്തപ്പെടുന്നതാണ്. സമയക്രമം പിന്നീട് അറിയിക്കുന്നതാണ്.

**സംസ്ഥാന പ്രതിഭാസംഗമം**

2025 നവംബർ 29, 30 തീയതികളിൽ നടന്ന രൂപതാ പ്രതിഭാസംഗമത്തിൽ പങ്കെടുത്ത് മാനന്തവാടി രൂപത പ്രതിഭകളായ 1. അതുൽ ബാബു പന്തനാനിയ്ക്കൽ പാലേമാട്, 2. ലിയോൺ ബിഗി കല്ലുകീർത്തൊട്ടി മണിമൂളി, 3. അനുപമ മരിയ മലയിൽ ചുങ്കക്കുന്ന്, 4. അൽന എൽസിൻ മലേക്കുടിയിൽ ചിത്രഗിരി എന്നിവർക്ക് അഭിനന്ദനങ്ങൾ.

നമ്മുടെ രൂപതാ പ്രതിഭകൾ 2026 ഡിസംബർ 26, 27, 28 തിയ്യതികളിൽ എറണാകുളത്തുവച്ച് നടത്തപ്പെട്ട സംസ്ഥാന പ്രതിഭാസംഗമത്തിൽ പങ്കെടുത്തു. സംസ്ഥാനതല പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട അതുൽ ബാബു പന്തനാനിയ്ക്കലിന് രൂപതാ മതബോധന കുടുംബത്തിന്റെ ആശംസകൾ. സംസ്ഥാന പ്രതിഭാ സംഗമത്തിനായി കുട്ടികളെ ഒരുക്കിയ ശ്രീ. ജോൺസൻ വടക്കേക്കര സാറിനും, പ്രതിഭകളെ സംസ്ഥാന പ്രതിഭാ സംഗമത്തിനായി കൊണ്ടുപോയ സി. റെജി മരിയ FCC ക്കും രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദി.

**ജൂബിലേറിയൻസ്**

ഈവർഷം മതാധ്യാപന രംഗത്ത് 25, 35, 50 വർഷങ്ങൾ സേവനം പൂർത്തിയാക്കുന്ന അധ്യാപകരെ 2026 മെയ് മാസത്തിൽ നടക്കുന്ന HM കോൺഫ്രൻസിൽ വച്ച് ആദരിക്കുന്നതായിരിക്കും. ഓരോ ഇടവകയിലും 25, 35, 50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപകരുടെ ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും ഓഫീസിൽ എത്തിക്കേണ്ടതാണ്. അതോടൊപ്പം ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു ദിവസം പോലും മുടങ്ങാതെ ക്ലാസ്സിൽ എത്തിയിട്ടുള്ള കുട്ടികളുടെ പേരും ഫെബ്രുവരി 15 നുള്ളിൽ രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

രൂപതാ തലത്തിൽ തിരുബാലസഖ്യ മൽസരങ്ങൾക്കായി നാം ഒത്തുചേരുന്ന ഒരുമാസമാണ് ഫെബ്രുവരി മാസം. കുഞ്ഞുങ്ങൾക്ക് വേണ്ടി സ്ഥാപിച്ച ആഗോള സംഘടനയാണല്ലോ തിരുബാലസഖ്യം. ഫെബ്രുവരി രണ്ടാം ഞായറാഴ്ച തിരുബാലസഖ്യദിനമായി ആഗോള കത്തോലിക്കാ സഭ ആചരിക്കുകയാണ്. കുഞ്ഞുങ്ങളെ ഇളം പ്രായത്തിൽ തന്നെ ഈശോയോട് ചേർത്തുനിർത്തി പ്രാർത്ഥിക്കുവാനും, ഈശോയെ സ്നേഹിക്കുവാനും, മറ്റുള്ളവരെ സഹായിച്ച് വിശുദ്ധിയിൽ വളരുവാനും പരിശീലിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന എല്ലാവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുകയാണ്. ഉണ്ണിക്കൂട്ടം എന്ന പേരിൽ ഈ വർഷത്തെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുമ്പോൾ എല്ലാ മേഖലകളിലും തിരുബാലസഖ്യ കലാമൽസരങ്ങൾ ഇതിനോടകം പൂർത്തിയാക്കുവാൻ സാധിച്ചു. അതിന് ഇടവകാതലത്തിലും, മേഖലാതലത്തിലും വൈദീകരുടെയും സിസ്റ്റേഴ്സിന്റെയും അധ്യാപകരുടെയും, മാതാപിതാക്കളുടെയും മിഷൻലീഗ് ഭാരവാഹികളുടെയും അകമഴിഞ്ഞ സഹകരണത്തിന് നന്ദി പറയുകയാണ്. രൂപതാതല മൽസരത്തിനായി ഫെബ്രുവരി 14 രണ്ടാം ശനിയാഴ്ച ദ്വാരക സേക്രട്ട് ഹാർട്ട് സ്ക്കൂളിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

കൂടാതെ, ആത്മീയമായി അൻമ്പതു നോമ്പ് ആചരണത്തിലേക്ക് ഈ മാസം നാം പ്രവേശിക്കുകയാണല്ലോ. യേശുവിന്റെ പീഡാസഹന യാത്രയേയും, കുരിശുമരണത്തെയും, ഉത്ഥാനത്തെയും കുറിച്ച് ധ്യാനിക്കുവാനും നമ്മെതന്നെ വിശുദ്ധികരിക്കുവാനും മറ്റുള്ളവരെ ത്യാഗപൂർവ്വം സഹായിക്കുവാനും കൂടുതൽ പ്രാർത്ഥിക്കുവാനും ഈ നോമ്പുകാലം നമുക്ക് സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**സന്തോഷച്ചൻ**

**ഗ്ലോറിയ 2k25 കരോൾഗാന മൽസരം**

2025 ഡിസംബർ 28 ന് ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് ഗ്ലോറിയ കരോൾഗാനമൽസരം നടത്തപ്പെട്ടു. മൽസരത്തിൽ ഒന്നാം സ്ഥാനം ചെന്നലോട് ശാഖ, രണ്ടാം സ്ഥാനം കണിയാരം ശാഖ, മൂന്നാം സ്ഥാനം ബത്തേരി ശാഖ കരസ്ഥമാക്കി. പങ്കെടുത്ത എല്ലാ ശാഖകൾക്കും രൂപതയുടെ അഭിനന്ദനങ്ങൾ. കരോൾഗാന മൽസരത്തിനായി പറഞ്ഞുവിട്ട വികാരിയച്ചൻമാരെയും, ജോ. ഡയറക്ടേഴ്സിനേയും, മതാധ്യാപകരെയും, എല്ലാ മാതാപിതാക്കളെയും നന്ദിയോടെ ഓർക്കുന്നു. നിങ്ങൾ നൽകികൊണ്ടിരിക്കുന്ന എല്ലാ സഹകരണത്തിനും നന്ദി.

**ആശംസകൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ഡയറക്ടർ, സന്തോഷ് ഒറവാറന്തറ അച്ചന്റെ പൗരോഹിത്യ സ്വീകരണ വാർഷിക ദിനത്തിൽ രൂപതാ കുടുംബത്തിന്റെ സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ നേർന്നു. ജനുവരി മാസത്തിൽ ജന്മദിനം ആഘോഷിച്ച രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായ തങ്കച്ചൻ മാപ്പിളക്കുന്നേൽ, ജോർജ്ജ് തെക്കേത്തൊട്ടി, സാന്റി പാലത്തിങ്കൽ, സംസ്ഥാന പ്രസിഡണ്ട് രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവരുടെ ജന്മദിനത്തിൽ രൂപത എക്സിക്യുട്ടീവ് അംഗങ്ങൾ ഭവനങ്ങളിലെത്തി ജന്മദിനാശംസകൾ നേർന്നു.

**നന്ദിയും... സ്വാഗതവും**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രസിഡന്റായി കഴിഞ്ഞ ഏഴ് മാസങ്ങളിൽ വളരെ മികവുറ്റ നിലയിൽ രൂപതയെ നയിച്ച ടോണി ചെമ്പോട്ടിക്കൽ സാറിന് രൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. കർമ്മവീഥിയിൽ ഇനിയും മുന്നേറാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രസിഡന്റ് ആയി നോമിനേറ്റ് ചെയ്യപ്പെട്ട സിജിൻ കൂടക്കാട്ട് സാറിനും, ജനറൽ ഓർഗനൈസർ ആയി നോമിനേറ്റ് ചെയ്യപ്പെട്ട വിനോദ് മാത്യു ഓലേടത്ത് സാറിനും അഭിനന്ദനങ്ങൾ കർമ്മപഥത്തിൽ ഊർജ്ജസ്വലതയോടെ മുന്നേറുവാൻ സാധിക്കട്ടെ.

**ശാഖാ സന്ദർശനങ്ങൾ**

മണിമൂളി, നിലമ്പൂർ, നടവയൽ, കല്ലോടി, നീലഗിരി, മുള്ളൻ കൊല്ലി മേഖലകളിലെ ശാഖകളിൽ ഫെബ്രുവരി മാസത്തിൽ ശാഖാ സന്ദർശനം നടത്തുന്നതാണ്.

**തിരുബാലസഖ്യ കലാമൽസരം**

തിരുബാലസഖ്യ കലാമൽസരം എല്ലാ മേഖലകളിലും നടത്തപ്പെട്ടു. രൂപതാതല കലാമൽസരം ഫെബ്രുവരി 14-ാം തീയതി ദ്വാരക സേക്രട്ട് ഹാർട്ട് ഹയർസെക്കന്ററി സ്ക്കൂളിൽ വച്ച് നടത്തപ്പെടുന്നു. 9 മണിക്ക് ഉദ്ഘാടനവും 9.30 ന് മൽസരങ്ങൾ ആരംഭിക്കുന്നതുമാണ്.

**ചുങ്കക്കുന്ന് മേഖല**

2025 – 2026 വർഷത്തെ അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റിയും, ക്രിസ്തുമസ് ആഘോഷവും വിപുലമായ രീതിയിൽ നടത്തി. മേഖലയുടെ നേതൃത്വത്തിൽ ക്രിസ്തുമസ് കരോൾഗാനമൽസരം സംഘടിപ്പിച്ചു. കൊട്ടിയൂർ, ചുങ്കക്കുന്ന്, ശാന്തിഗിരി എന്നീ ശാഖകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് ക്യാഷ് അവാർഡ് വിതരണം ചെയ്തു. ഡിസംബർ മാസത്തിൽ ഉണ്ണിശോയ്ക്കൊരു കത്ത്, ക്രിസ്തുമസ് കാർഡ് നിർമ്മാണം, സാന്താക്ലോസ് എന്നീ മൽസരങ്ങൾ സംഘടിപ്പിച്ചു.

**ശാഖാ വാർത്തകൾ**

**കല്ലോടി**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് 25 ദിവസവും സുകൃതങ്ങൾ എഴുതാനായി എല്ലാ കുട്ടികൾക്കും സുകൃതബുക്ക് നൽകി. സുകൃതമാല, ഉണ്ണീശോയ്ക്ക് ഒരു കത്ത് എന്നിവ മൽസരം നടത്തി. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക് സമ്മാനങ്ങൾ നൽകി. ഒരു വയസ്സുമുതൽ മൂന്ന് വയസ്സുവരെയുള്ള കുട്ടികളുടെ പേര് നറുക്കെടുത്ത്, ഭാഗ്യശാലിയായ കുട്ടിക്ക് ആകർഷകമായ സമ്മാനം നൽകി. ക്രിസ്തുമസ് ഫാമിലിയെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി.

**ചുള്ളിയോട്**

ക്രിസ്തുമസിനോടനുബന്ധിച്ച് വാർഡുകളിൽ മിഷൻലീഗിന്റെ നേതൃത്വത്തിൽ കുട്ടികളുടെയും, മുതിർന്നവരുടെയും പ്രോഗ്രം നടത്തി. 25 ദിവസവും കുട്ടികൾ ക്രിസ്തുമസ് സന്ദേശം നൽകുന്ന വീഡിയോ ചെയ്തു.

**ഏലപ്പീടിക**

ബൈബിൾ ഞായർ ദിനത്തിൽ ബൈബിൾ പ്രതിഷ്ഠ, ബൈബിൾ റാലി എന്നിവ നടത്തി. ക്രിസ്തുമസ് കാർഡ് നിർമ്മാണ മൽസരം നടത്തി. സന്നിധി എന്ന പേരിൽ കൈയ്യെഴുത്ത് മാസിക തയ്യാറാക്കി.

**പുതിയിടംകുന്ന്**

25 നോമ്പിൽ മിഷൻലീഗ് അംഗങ്ങൾ എല്ലാ ദിവസവും ദിവ്യബലിയിൽ സജീവമായി സംബന്ധിച്ചു. രൂപത ഗ്ലോറിയ കരോൾ ഗാന മൽസരത്തിൽ പങ്കെടുത്തു. ക്രിസ്തുമസ് ദിനത്തിൽ മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ട്രീ തയ്യാറാക്കി. ബൈബിൾ ഞായർ ദിനത്തിൽ മിഷൻലീഗ് അംഗങ്ങളുടെ ഭവനത്തിൽ ബൈബിൾ പ്രതിഷ്ഠ നടത്തി. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ദിനത്തിൽ കുഞ്ഞുങ്ങൾക്കായി പ്രത്യേക പ്രാർത്ഥന നടത്തി.

**ബോസ്പാറ**

ക്രിസ്തുമസിന് ഒരുക്കമായി 'ഉണ്ണിക്കൊരുമ്മ' എന്ന പേരിൽ സുകൃതകാർഡ് പുറത്തിറക്കി. ക്രിസ്തുമസിനൊരുക്കമായി 25 ദിവസവും നക്ഷത്രത്താരാട്ട് എന്ന പേരിൽ വീഡിയോ വിചിന്തനങ്ങൾ തയ്യാറാക്കി. മേഖലാ കരോൾഗാനമൽസരത്തിൽ ബോസ്പാറ ശാഖ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**മൺവയൽ**

ഡിസംബർ മാസം കൃതജ്ഞതാമാസമായി മൺവയൽ ശാഖ ആചരിച്ചു. ഐക്യ ക്രിസ്തുമസ് ആഘോഷ റാലിയിൽ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു. കുട്ടികൾക്കായി ഏകദിന ധ്യാനം നടത്തി. പുൽക്കൂട് നിർമ്മാണ മൽസരത്തിൽ കുട്ടികൾ പങ്കുചേർന്നു. ക്രിസ്തുമസ് ട്രീ നിർമ്മിച്ചു. മേഖലാ തിരുബാലസഖ്യ മൽസരത്തിൽ കുട്ടികൾ പങ്കെടുത്തു.

**വാഴവറ്റ**

വാർഡ്തല ക്രിസ്തുമസ് പ്രോഗ്രാമുകൾക്ക് മിഷൻലീഗ് അംഗങ്ങൾ നേതൃത്വം നൽകി. കരോൾഗാന മൽസരം സംഘടിപ്പിച്ചു. 20 വാർഡുകളിലേയും കിടപ്പുരോഗികളെ മിഷൻലീഗ് അംഗങ്ങൾ സന്ദർശിക്കുകയും അവർക്ക് കേക്കുകൾ നൽകുകയും ചെയ്തു. 30 കുട്ടികൾ ഓരോ ദിവസത്തെയും സത്കൃത്യങ്ങൾ കോർത്തിണക്കി മനോഹരമായ പുൽക്കൂട് ഉണ്ടാക്കി 24 ന് പള്ളിയിൽ കൊണ്ടുവന്നു.

**പടമല**

ക്രിസ്തുമസിനൊരുക്കമായി 25 ദിവസം പള്ളിയിൽ വന്ന 38 കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. പാവപ്പെട്ട ഒരു കുടുംബത്തിലെ കുട്ടികൾക്ക് ഡ്രസ്സുകൾ വാങ്ങി കൊടുത്തു. ക്രിസ്തുമസ് ട്രീ ഉണ്ടാക്കി. വാർഡ് അടിസ്ഥാനത്തിൽ കരോൾഗാനമൽസരം നടത്തി 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർക്ക് സമ്മാനങ്ങൾ നൽകി.

**കബനിഗിരി**

ഡിസംബർ ഒന്നു മുതൽ ഇരുപത്തിയഞ്ച് വരെ മിഷൻലീഗ് അംഗങ്ങൾ ക്രിസ്തുമസ് സന്ദേശം നൽകി. പുൽക്കൂട്, ക്രിസ്തുമസ് ട്രീ എന്നിവ മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കി.

**കൊമ്മയാട്**

ശാന്തിയുടെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും പ്രഭ വിതറിക്കൊണ്ട് വീണ്ടും ഒരു ക്രിസ്തുമസ് കാലത്തിന് തുടക്കം കുറിച്ചുകൊണ്ട് ഡിസംബർ ഒന്നു മുതൽ ഇരുപത്തിയഞ്ചുവരെ എല്ലാ ദിവസവും സുകൃതങ്ങളും, പ്രാർത്ഥനകളും പോസ്റ്റർ ആക്കി ഷെയർ ചെയ്തു. ബൈബിൾ വാരാചരണത്തോടനുബന്ധിച്ച് ബൈബിൾ പ്രതിഷ്ഠ നടത്തുകയും, സമ്പൂർണ്ണ ബൈബിൾ പാരായണ ത്തിൽ എല്ലാ കുട്ടികളും പങ്കെടുക്കുകയും, വചനം എഴുത്ത് മൽസരം നടത്തുകയും ചെയ്തു. ക്രിസ്തുമസിനോടനുബന്ധിച്ച് 25 ദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിച്ച കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി.

**ചുങ്കക്കുന്ന്**

ചെറുപുഷ്പ മിഷൻലീഗ് ചുങ്കക്കുന്ന് ശാഖ ഡിസംബർ മാസ ത്തിൽ 30 ഭവനങ്ങളിൽ ക്രിസ്തുമസ് കിറ്റ് വിതരണം ചെയ്യുകയും പ്രാർത്ഥിച്ച് ക്രിസ്തുമസ് പുതുവൽസരാശംസകൾ നേരുകയും ചെയ്തു. ക്രിസ്തുമസ് സ്റ്റാൾ, ക്രിതുമസ് ട്രീ എന്നിവ നടത്തി. ക്രിസ്തുമസ് രാത്രിയിൽ കരോൾഗാനം മിഷൻലീഗ് അംഗങ്ങളും, അധ്യാപകരും ചേർന്ന് ആലപിച്ചു. അൾത്താരസംഘം ഫ്ളാഷ് മോബ് അവതരിപ്പിച്ച് സന്ദേശം നൽകി. ബൈബിൾ ദിനത്തോട നുബന്ധിച്ച് ബൈബിൾ റാലി, ബൈബിൾ പ്രതിഷ്ഠ, ശാഖാ വാർ ഷികം, ബൈബിൾ ദിനാചരണം എന്നിവ നടത്തി. മേഖല നടത്തിയ കരോൾഗാനമൽസരത്തിൽ വിജയികളായി. രൂപതാ കരോൾഗാന മൽസരത്തിൽ ശാഖയിൽനിന്ന് രണ്ട് ടീമിലും കുട്ടികൾ പങ്കെടുത്തു.

**ജോൺ പുല്ലാപ്പിള്ളിൽ**
സെക്രട്ടറി

# തിരുബാലസഖ്യം

ബാലനായ ഈശോയുടെ കൊടിക്കീഴിൽ അണിനിരക്കുന്ന കത്തോലിക്ക ബാലികാ ബാലൻമാരുടെ അഖിലലോക സംഘടനയായ തിരുബാലസഖ്യം, 'കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ, കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ'എന്ന ആപ്തവാക്യത്തെ സ്വീകരിച്ചുകൊണ്ട്, ഈശോയെ സ്നേഹിച്ച് ഈശോയെ അറിഞ്ഞ്, ഈശോയെപ്പോലെ കുഞ്ഞുമക്കളെ വിശുദ്ധിയിൽ വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന തിരുബാലസഖ്യ സംഘടനയെ പ്രത്യേകമായി അനുസ്മരിക്കുന്ന ഈ ഫെബ്രുവരി മാസത്തിൽ എല്ലാവർക്കും തിരുബാലസഖ്യ ദിനാശംസകൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു.

കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചയ്ക്കായി ശാഖാതലത്തിൽ തിരുവചനം പറയൽ, ബൈബിൾ കഥ പറയൽ തുടങ്ങിയ മൽസരങ്ങൾ നടത്തി. അതോടൊപ്പം കുഞ്ഞുങ്ങളുടെ കലാസൃഷ്ടികൾ പ്രകടിപ്പിക്കുന്നതിനായി മനോഹരമായ മാഗസിൽ ശാഖതലത്തിൽ തയ്യാറാക്കി രൂപതയിൽ എത്തിക്കുകയും ചെയ്തു. എല്ലാ മേഖലകളിലും തിരുബാലസഖ്യ കലാമൽസരം നടത്തപ്പെട്ടു. ഗ്ലോറിയ 2k25 കരോൾഗാന മൽസരം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 26 ശാഖകളിൽനിന്ന് മൽസരാർത്ഥികൾ പങ്കെടുക്കുകയും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുകയും ചെയ്തു.

**സമ്മാനർഹരായവർ**

ഒന്നാം സ്ഥാനം - ദീപ്തിഗിരി, രണ്ടാം സ്ഥാനം - ചുണ്ടക്കര, മൂന്നാം സ്ഥാനം - ബത്തേരി. വിജയികൾക്ക് അഭിനന്ദനങ്ങൾ. ഇതിനായി കുഞ്ഞുങ്ങളെ ഒരുക്കുകയും എല്ലാവിധ പ്രോൽസാഹനങ്ങളും നൽകുകയും ചെയ്ത ഓരോരുത്തർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**ഫെബ്രുവരി മാസത്തിലെ പ്രവർത്തനങ്ങൾ**

വിശുദ്ധൻ : വിശുദ്ധ ജോൺ ബ്രിട്ടോ

തിരുനാൾ : ലൂർദ് മാതാവിന്റെ തിരുനാൾ

നിയോഗം : തിരുബാലസഖ്യം കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക.

സുകൃതജപം : എന്റെ അമ്മേ, എന്റെ ആശ്രയമേ.

വചനം : ''പുതിയ സൃഷ്ടിയാവുക എന്നതാണ് പരമ പ്രധാനം.'' (ഗലാ. 6: 15)

**പ്രവർത്തനങ്ങൾ**

ഫെബ്രുവരി 8 ഞായറാഴ്ച തിരുബാലസഖ്യ ദിനമായി ആചരിക്കുക. (തിരുനാൾ ദിനം ഫെബ്രുവരി 9 -ന്) അംഗത്വ നവീകരണവും, കാഴ്ചസമർപ്പണവും നടത്തുക. ശാഖ തലത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുക. തിരുബാലസഖ്യ രൂപത കലാമൽസരം ഫെബ്രുവരി 14-ാം തീയതി ദ്വാരക സേക്രട്ട് ഹാർട്ട് സ്ക്കൂളിൽ വച്ച് നടക്കുന്നു.

**ജോണി കൊന്നയിൽ**
സെക്രട്ടറി

**കാർലോസ് വൈബ്**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വി. കാർലോ അക്യൂട്ടിസിന്റെ പാതയിൽ യുവമനസുകളെ പ്രചോദിപ്പിക്കുന്നതിനും കൂട്ടായ്മയിൽ ഒന്നുചേർക്കുന്ന കാർലോസ് വൈബ് യൂത്ത് ആനിമേഷൻ പ്രോഗ്രാം ജനുവരി 4 -ന് കല്ലോടി യൂണിറ്റിൽ വച്ച് നടത്തി.

**വാർഷിക സെനറ്റ്**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ മുപ്പത്തി ഒന്നാമത് വാർഷിക സെനറ്റ് സമ്മേളനവും, പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും 2026 ജനുവരി 2– ന് ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആമുഖപ്രഭാഷണം നടത്തി. കെ.സി.വൈ എം. മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളിൽ അധ്യക്ഷത വഹിച്ച സെനറ്റ് സമ്മേളനം വികാരി ജനറൽ ഫാ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. സംഘടനാ പ്രവർത്തനങ്ങൾക്ക് വർഷങ്ങളായി നേതൃത്വവും, സഹകരണവും നൽകിയ ശ്രീ. ജിഷിൻ മുണ്ടയ്ക്ക തടത്തിലിനെ സെനറ്റ് സമ്മേളനത്തിൽ ആദരിച്ചു. ക്രൈസ്തവ വിശ്വാസത്തിന് എതിരെയുള്ള അധിക്ഷേപങ്ങളെ അപലപിച്ചു കൊണ്ട് സംസ്ഥാന സെനറ്റ് അംഗം അമൽഡ റ്റി റെജി സെനറ്റ് സമ്മേളനത്തിൽ പ്രമേയം അവതരിപ്പിച്ചു. മേഖലാ രൂപതാതല റിപ്പോർട്ടുകൾ അവതരിപ്പിച്ചു. സംഘടനാ പ്രവർത്തനങ്ങൾ, സാമൂഹിക വിഷയങ്ങൾ എന്നിവയിൽ ചർച്ച നടത്തി. 2025 പ്രവർത്തന വർഷത്തെ മികച്ച മേഖല, യൂണിറ്റുകൾ, മികച്ച യൂണിറ്റ് പ്രവർത്തകൻ എന്നിവർക്കും, സംസ്ഥാന രൂപതാ കലാമത്സര വിജയികൾക്കുമുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

**2025 പ്രവർത്തനവർഷത്തിലെ മികച്ച മേഖല, യൂണിറ്റ്, മികച്ച യൂണിറ്റ് പ്രവർത്തകൻ**

| | | |
|---|---|---|
| മികച്ച മേഖല | : | മാനന്തവാടി |
| മികച്ച മേഖല, യൂണിറ്റ് | : | കൊട്ടിയൂർ |
| മികച്ച യൂണിറ്റ് പ്രവർത്തകൻ | : | മാർഷൽ ആന്റണി മുണ്ടിയാനിക്കൽ |

**നന്ദിയോടെ**

യൂത്ത് ദ വോയിസ് ഓഫ് ഹോപ്പ്: 'യുവജനങ്ങൾ പ്രത്യാശയുടെ ശബ്ദം' എന്ന ആപ്ത വാക്യത്തിലൂന്നി കഴിഞ്ഞ ഒരു വർഷക്കാലം കെ.സി.വൈ.എം. മാനന്തവാടി രൂപതാ പ്രസ്ഥാനത്തെ നയിച്ച പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിൽ, വൈസ് പ്രസിഡന്റ് ആഷ്ന വിത്സൺ പാലാരിക്കുന്നേൽ, ജനറൽ സെക്രട്ടറി, വിമൽ കൊച്ചുപുരക്കൽ, സെക്രട്ടറിമാരായ ഡ്യൂണ മരിയ കിഴക്കേമണ്ണൂർ, ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ, ട്രഷറർ നവീൻ പുലികുടിയിൽ, കോഡിനേറ്റർ ജോബി തടത്തിൽ എന്നിവർക്ക് കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ നന്ദി.

**2026 കെ.സി.വൈ.എം. രൂപത സമിതി (സെക്രട്ടറിയേറ്റ് അംഗങ്ങൾ)**

| | | |
|---|---|---|
| പ്രസിഡന്റ് | : | നിഖിൽ ചൂടിയങ്കൽ |
| വൈസ് പ്രസിഡന്റ് | : | വിന്ധ്യ പടിഞ്ഞാറയിൽ |
| ജനറൽ സെക്രട്ടറി | : | റോബിൻ ബിജു വടക്കേക്കര |
| സെക്രട്ടറിമാർ | : | ദിവ്യ പീറ്റർ പാട്ടാശ്ശേരിൽ,<br>ക്രിസ്റ്റി കെ. കുര്യൻ കാരുവള്ളിത്തറ |
| കോഡിനേറ്റർ | : | ബ്രിട്ടോ ജോൺ വാഴയിൽ |
| ട്രഷറർ | : | നവീൻ ജോസ് പുലകുടിയിൽ |
| ഡയറക്ടർ | : | ഫാ. സാന്റോ അമ്പലത്തറ |
| ആനിമേറ്റർ | : | സി. റോസ് ടോം എസ്.എ.ബി.എസ്. |

**സിൻഡിക്കേറ്റ് അംഗങ്ങൾ**

| | | |
|---|---|---|
| ബത്തേരി | : | അമൽ ജോൺസ് തൊഴുത്തുങ്കൽ,<br>അർപ്പിത കൊട്ടാട്ടിപ്പറമ്പിൽ |
| ചുങ്കക്കുന്ന് | : | മാർഷൽ ആന്റണി മുണ്ടിയാനിക്കൽ,<br>അതുല്യ രാജേഷ് പനച്ചിക്കൽ |
| ദ്വാരക | : | നവീൻ ജോസ് പുലികുടിയിൽ,<br>ദിവ്യ പീറ്റർ പാട്ടാശ്ശേരിൽ |

കൽപ്പറ്റ : ആൽബിൻ ഈരവേലിൽ,
ജോസ്‌ലിൻ കദളിമറ്റം
മാനന്തവാടി : ആൽബിൻ അഗസ്റ്റിൻ കുഴിഞ്ഞാലി
ക്കാരോട്ട്, വിന്ധ്യ പടിഞ്ഞാറയിൽ
മണിമൂളി : റോബിൻബിജു വടക്കേക്കര,
ക്രിസ്റ്റീന പന്തനാനിക്കൽ
മുള്ളൻക്കൊല്ലി : ക്രിസ്റ്റി കെ. കുര്യൻ കാരുവള്ളിത്തറ,
ജ്യോതിസ് എടശ്ശേരിയിൽ
നടവയൽ : നിഖിൽ ചൂടിയാങ്കൽ,
അലീന ബാബുരാജ് കാരക്കൽ
നീലഗിരി : ജെനിൻ ജോസഫ് കാത്തുള്ളിൽ,
ലിജിഷ ഷാജി പാലക്കാട്ടുകുഴി
നിലമ്പൂർ : ജസ്റ്റിൻ നീലംപറമ്പിൽ,
അനീറ്റ തെക്കേക്കര
പയ്യമ്പള്ളി : അലൻ വർഗ്ഗീസ്,
അമൽഡ റ്റി റെജി തൂപ്പുംകര

**ഡയറക്റ്റേഴ്സ്, ആനിമേറ്റേഴ്സ് പ്രതിനിധികൾ**

ഫാ. വിനോയ് കളപുരക്കൽ (കൽപ്പറ്റ മേഖലാ ഡയറക്ടർ)
സി. നാൻസി എസ്.എ.ബി.എസ്.(ബത്തേരി മേഖലാ ആനിമേറ്റർ)

**Ex - officio members**

ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, സി. ബെൻസി ജോസ് എസ്.എച്ച്, ബിബിൻ പിലാപ്പിള്ളിൽ, ആഷ്ന വിൽസൺ പാലാരിക്കുന്നേൽ.

**2026 പ്രവർത്തന വർഷത്തെ സംസ്ഥാന പ്രതിനിധികൾ**

**സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ:** വിമൽ കൊച്ചുപുരക്കൽ, അമൽഡ റ്റി റെജി തൂപ്പുംകര.

**സംസ്ഥാന സെനറ്റ് അംഗങ്ങൾ:** റ്റിജിൻ ജോസഫ് വെള്ളപ്ലാക്കൽ, ഡ്യൂണമരിയ കിഴക്കേമണ്ണൂർ, എബി മൂഴിയാങ്കൽ, ബ്രിട്ടോ ജോൺ വാഴയിൽ.

**എസ്.എം.വൈ.എം. പ്രതിനിധികൾ:** ഡെലിസ് സൈമൺ വയലുങ്കൽ, ടെസ്സിൻ തോമസ് വയലിൽ

**മിജാർക്ക് ഏഷ്യൻ പ്രതിനിധി:** ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ.

**ക്രിസ്തുമസ് കേക്ക്**

രൂപതയുടെ സ്ഥാപനമായ സിഗ്‌വി ബ്രാന്റുമായി സഹകരിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ക്രിസ്തുമസ് കേക്ക് വിതരണം നടത്തി.

**ആശംസകൾ**

കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറക്ക് പൗരോഹിത്യ സ്വീകരണ ദിനത്തിന്റെ പ്രാർത്ഥനാശംസകൾ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രീ. വിമൽ കൊച്ചുപുരക്കലിന് ജന്മദിനാശംസകൾ.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

കെ. സി. വൈ. എം. ചുങ്കക്കുന്ന് മേഖലാ വാർഷിക സെനറ്റ് സമ്മേളനം കൊട്ടിയൂർ സെന്റ് സെബാസ്റ്റ്യൻ ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. മേഖലാ പ്രസിഡന്റ് മാർഷൽ ആന്റണി അധ്യക്ഷത വഹിച്ച പൊതുസമ്മേളനം രൂപതാ ജനറൽ സെക്രട്ടറി വിമൽ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ പ്രദീഷ് കിഴക്കെപുതുപ്പള്ളി, സെക്രട്ടറി അതുല്യ പനച്ചിക്കൽ, കോഡിനേറ്റർ ആഷിൽ പറയർകുഴിയിൽ, രൂപത സെക്രട്ടറി ഡ്യൂണ എന്നിവർ സംസാരിച്ചു. യൂണിറ്റ്, മേഖല റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ദനഹാ തിരുനാൾ, വി. ദേവസഹായംപിള്ളയുടെ തിരുനാൾ, യുവജനദിനം ഈ ദിനങ്ങളുടെ ആശംസകൾ നേർന്നു.

**യൂണിറ്റ് വാർത്തകൾ**

**കൊമ്മയാട്**

മേഖലാ സെനറ്റ് മീറ്റിംഗിൽ യൂണിറ്റിൽ നിന്നും ഭാരവാഹികൾ പങ്കെടുക്കുകയും, സെബിൻ ആക്കാന്തിരി ട്രഷറർ ആയും, അഡ്വ. ഉഷസ് ആദിത്യ കാവുംപുറത്ത് ജോയിൻ സെക്രട്ടറി ആയും, ദിവ്യ പാട്ടശേരി സിൻഡിക്കേറ്റ് മെമ്പറായും തിരഞ്ഞെടുക്കപ്പെട്ടു.യൂണിറ്റിൽ പുതിയ ഭാരവാഹികൾ സ്ഥാനം ഏറ്റെടുത്തു. കെ. സി. വൈ. എം. രൂപതയിലേക് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ദിവ്യ പാട്ടശേരിയിലിനെ ആശംസകൾ അറിയിക്കുകയും, സ്തുത്യർഹ സേവനം ചെയ്ത് കെ. സി. വൈ. എം. ൽ നിന്നും പടിയിറങ്ങിയ ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിലിന് നന്ദിയും ആശംസകളും നേർന്നു. യൂണിറ്റ് ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. ബിനു വടക്കേലിന് പൗരോഹിത്യ സ്വീകരണ ദിനത്തിന്റെ ആശംസകൾ നേർന്നു. ഭാരവാഹികൾ രോഗീ സന്ദർശനം നടത്തി.

**കൊട്ടിയൂർ**

2026 വർഷത്തേയ്ക്കുള്ള കെ.സി.വൈ.എം. കൊട്ടിയൂർ യൂണിറ്റിന്റെ സിൻഡിക്കേറ്റ് അംഗങ്ങളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി അമൽ വള്ളിക്കുന്നേൽ, വൈസ് പ്രസിഡന്റായി ദിയ വട്ടപ്പാറ, സെക്രട്ടറിയായി ലിയ വാഴേപറമ്പിൽ, ജോയിൻ സെക്രട്ടറിയായി വർഗീസ് മണ്ണേടുപ്പാൻകുഴി, ട്രഷററായി അലക്സ് മമ്പള്ളികുന്നേൽ, കോർഡിനേറ്ററായി ആൻ മരിയ കിഴക്കേക്കര എന്നിവരും യൂണിറ്റ് സിൻഡിക്കറ്റായി ആൻഡ്രിയ നമ്പുടാകം, അബിക് പ്ലാക്കൂട്ടത്തിൽ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. യുവജനങ്ങളുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ട്രീ നടത്തി. യൂണിറ്റ് ഡയറക്ടർ ബോബി പാലക്കുഴ അച്ചന് പൗരോഹിത്യ സ്വീകരണ ദിനത്തിന്റെ ആശംസകൾ നേർന്നു. മേഖലാ സെനറ്റിൽ യൂണിറ്റിന്റെ അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

**തെനേരി**

ക്രിസ്തുമസ് ഒരുക്കങ്ങൾക്ക് തുടക്കം കുറിച്ച്കൊണ്ട് ദേവാലയത്തിൽ അലങ്കാരങ്ങൾ നടത്തി. മാനന്തവാടി രൂപതയുടെ സ്ഥാപനമായ ബയോവിനുമായി സഹകരിച്ച് മസാലപ്പൊടികൾ വിതരണം ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂട് ഒരുക്കി. ക്രിസ്തുമസിന്റെ സ്നേഹവും സന്തോഷവും പങ്കുവച്ചുകൊണ്ട് അംഗങ്ങൾ കൽപ്പറ്റ സ്നേഹസദൻ സന്ദർശിക്കുകയും കേക്ക് നൽകുകയും ചെയ്തു. നക്ഷത്രങ്ങൾ നിർമ്മിച്ച് മരിയൻ കൂടാരം അലങ്കരിച്ചു. കൽപ്പറ്റ ജനറൽ ഹോസ്പിറ്റലിൽ ഉച്ചഭക്ഷണം തയ്യാറാക്കി നൽകി. ക്രിസ്തുമസിനായി യുവജനങ്ങൾ കുമ്പസാരിച്ച് ഒരുങ്ങി. വാഹനാപകടത്തിൽ പരിക്ക് പറ്റിയ ഇടവകയിലെ ഒരു അംഗത്തിനെ സന്ദർശിച്ച് പ്രാർത്ഥിച്ചു. ക്രിസ്തുമസ് കരോൾ യുവജനങ്ങളുടെ നേതൃത്വത്തിൽ വളരെ ആഘോഷമായി നടത്തി. ക്രിസ്തുമസ് രാത്രിയിൽ നടത്തിയ വാർഡ്തല കരോൾ ഗാനമത്സരത്തിൽ യുവജനങ്ങൾ പങ്കെടുത്തു. കൽപ്പറ്റ ഡി പോൾ ദേവാലയത്തിൽ വച്ച് നടത്തി. മേഖലാ സെനറ്റിൽ ഇടവകയിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. മേഖലാ പ്രസിഡന്റ് ആയി ആൽബിൻ ഈരവേലിലും കോ ഓർഡിനേറ്റർ ആയി അതുൽ പുളിഞ്ഞാപ്പള്ളിയും തിരഞ്ഞെടുക്കപ്പെട്ടു.

**റോബിൻ ബിജു വടക്കേക്കര**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹ ഒരുക്ക കോഴ്സ്

ജനുവരിമാസം9മുതൽ11വരെനടന്നവിവാഹഒരുക്കകോഴ്സിൽ 83 പേർ പങ്കെടുത്തു. ബോയ്സ് ടൗൺ സീയോൻ ധ്യാന കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി മാസം 13, 14, 15 തീയതികളിലും ബോയ്സ് ടൗൺ സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് മാർച്ച് മാസം 13, 14, 15 തീയതികളിലും മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിൽ വച്ച് മാർച്ച് 26, 27, 28 തീയതികളിലും വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു.

## രൂപതാ വാർത്തകൾ

### മാതൃവേദി

ഉണ്ണീയേശുവിന്റെ തിരുപ്പിറവിക്കായി മാതാക്കൾ 25 നോമ്പാചരിച്ചുകൊണ്ടും പ്രാർഥനകളും സുകൃതങ്ങളും സത്പ്രവർത്തികളും ത്യാഗപൂർവം അനുഷ്ഠിച്ചുകൊണ്ടും ക്രിസ്തുമസിനായി ഒരുങ്ങി. അമലോത്ഭവതിരുനാൾ ദിനത്തിൽ അമ്മമാർ ദിവ്യബലിയിൽ പങ്കെടുക്കുകയും ഓരോ യൂണിറ്റിലെയും അമ്മമാർ ഒത്തു ചേർന്ന് മാതൃവേദി സംഘടനയ്ക്കുവേണ്ടിയും സംഘടനയുടെ പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടിയും ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. യൂണിറ്റുകളിൽ ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന, ഓരോ മേഖലകളിലെ യൂണിറ്റുകൾചേർന്ന് ചെയിൻ റോസറി, മാതൃവേദി പ്രാർഥന,സാന്താമോനിക്കാപ്രാർത്ഥനഎന്നിവനടത്തുന്നു.ഡിസംബർ 17-ന് ഡയറക്ടർ ബിനു വടക്കേൽ അച്ചന്റെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീമതി മേഴ്സി അമരികാട്ടിന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. ജനുവരി മാസത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

ബൈബിൾ പുതിയ നിയമം പകർത്തിയെഴുതിയവരുടെ സംഗമവും,റാലിയും ലോഗോസ് വിജയികളെ ആദരിക്കലും, 'ബിബ്ലിയ 2025' ഡിസംബർ 20-ന് ദ്വാരക സെന്റ് അൽഫോൻസ ദേവാലയത്തിൽ വച്ച്

അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ചു. തുടർന്ന് ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിലേക്ക് ബൈബിൾ റാലിയും പൊതുസമ്മേളനവും നടന്നു. 250 ഓളം അമ്മമാർ പങ്കെടുത്തു. വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. ബൈബിൾ പകർത്തി എഴുതിയ വരെയും ലോഗോസ്ക്വിസ് വിജയികളെയും അഭിവന്ദ്യ പിതാവ് മെമെന്റോ നൽകി ആദരിച്ചു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 16 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഫെബ്രുവരി 13 ആണ് നടക്കുന്നത്.

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി**

ആത്മീയമായ ഒരുക്കത്തോടെ 25 നോമ്പ് ആചരിച്ചു. സാന്ത മോനിക്ക പ്രാർത്ഥനയിൽ പങ്കെടുത്തു. അമലോൽഭവ മാതാവിന്റെ തിരുനാൾ പ്രാർത്ഥനാപൂർവ്വം ആചരിച്ചു. ബിബ്ലിയ 2025 ൽ വിവിധ യൂണിറ്റുകളിൽ നിന്നും പുതിയ നിയമം എഴുതിയ 12 അംഗങ്ങൾ പങ്കെടുത്തു. മുള്ളൻകൊല്ലി മേഖലാ തലത്തിൽ നടത്തിയ സംയുക്ത ക്രിസ്തുമസ് റാലിയിലും കുടുംബവർഷ സമാപനത്തിലും (ഗ്ലോറിയ 2025) ൽ എല്ലാ യൂണിറ്റുകളിൽ നിന്നും മാതൃവേദി അംഗങ്ങൾ സജീവ മായി പങ്കെടുത്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ മേഖലയിൽ നിന്ന് 9 മാതൃവേദി അംഗങ്ങൾ വിജയിച്ചു.

**കൽപ്പറ്റ**

ബെത്‌ലഹേം ബീറ്റസ് 2025 കരോൾഗാന മത്സരം നടത്തി. കൽപ്പറ്റ, വാഴവറ്റ, തെനേരി യൂണിറ്റുകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്ത ഓരോ യൂണിറ്റുകൾക്കും 1000/-രൂപയുടെ ഭക്ഷ്യ കിറ്റ് നൽകി.

**മണിമൂളി**

മേഖലാ എക്സിക്യൂട്ടീവ് കൂടി. അമലോത്ഭവ മാതാവിന്റെ തിരുനാളിന് മേഖലാ ടീം പങ്കെടുത്തു. മേഖലയിൽ കരോൾഗാന മത്സരം നടത്തി വിജയികൾക്ക് ട്രോഫിയും സമ്മാനങ്ങളും നൽകി. ക്യാൻസർ രോഗികൾക്കും കിഡ്നി രോഗികൾക്കും വേണ്ടി ദിവ്യകാരുണ്യ

ആരാധന നടത്തി ചെയിൻ റോസറിയിൽ പങ്കാളികളായി. വിശുദ്ധരെ പരിചയപ്പെടുത്തി. ക്രിസ്തുമസിന് ആത്മീയമായി ഒരുങ്ങുന്നതിനുവേണ്ടി മേഖല ഉണ്ണീശോയുടെ സുകൃതജപങ്ങൾ എല്ലാ യൂണിറ്റ് ഗ്രൂപ്പുകളിലേക്കും ഷെയർ ചെയ്തു.

**ദ്വാരക**

2026- വർഷത്തെ പ്രവർത്തന മാർഗരേഖ തയ്യാറാക്കി. മേഖലാ തലത്തിൽ കരോൾഗാന മത്സരം നടത്തുകയും എല്ലാ യൂണിറ്റുകളും പങ്കെടുക്കുകയും ചെയ്തു. കരോൾ ഗാന മത്സരത്തിലും സാഹിത്യ മത്സരങ്ങളിലും വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി. രൂപതാ തലത്തിൽ നടന്ന ബൈബിൾ പകർത്തി എഴുതുന്നവരുടെ സംഗമത്തിൽ മേഖലയിൽ നിന്നും ബൈബിൾ പകർത്തിഎഴുതിയ 19 പേർ പങ്കെടുക്കുകയും ആദരം ഏറ്റുവാങ്ങുകയും ചെയ്തു.

**നടവയൽ**

കുഞ്ഞിപ്പൈതങ്ങളുടെയും തിരുക്കുടുംബത്തിന്റെയും പെരുന്നാൾ ആഘോഷിച്ചു.വിശുദ്ധരെ പരിചയപ്പെടുത്തുന്നത് മേഖലയിലെ രണ്ട് യൂണിറ്റുകൾ. നടവയൽ മേഖല കരോൾഗാനം മത്സരം നടത്തുകയും വിജയികളായവർക്ക് സമ്മാനം നൽകുകയും ചെയ്തു. ബൈബിൾപുതിയ നിയമം പകർത്തി എഴുതിയ അമ്മമാരെ യൂണിറ്റുകൾ ആദരിച്ചു.തദ്ദേശ തെരഞ്ഞെടുപ്പ് നടവയൽ മേഖലയിലെ വൈസ് പ്രസിഡൻറ് മേഴ്സി നിരപ്പിൽ ബ്ലോക്ക് പഞ്ചായത്തിലേക്ക് മത്സരിക്കുകയും വിജയിക്കുകയും ചെയ്തു. ശ്രീമതി മേഴ്സിയെ മേഖല ആദരിച്ചു.

**ശാഖാ വാർത്തകൾ**

**ബോസ്പര**

ഇടവകയിലെ പ്രായമായവർ,കിടപ്പുരോഗികൾ, ഏറ്റവും പാവപ്പെട്ടകുടുംബങ്ങൾ, പ്രിയപ്പെട്ടവരുടെ വേർപാടുമൂലം ഈ വർഷം ഭാവനങ്ങളിൽക്രിസ്തുമസ്ആഘോഷിക്കാത്തകുടുംബങ്ങൾഎന്നിവിടങ്ങൾ സന്ദർശിച്ച്, കേക്ക് നൽകി സന്തോഷവും ആനന്ദവും പങ്കിട്ടു. ക്രിസ്തുമസ് സന്ദേശവുമായി ബീച്ചനകൊല്ലി ആദിവാസി കോളനിയിലെ കുടുംബങ്ങൾ സന്ദർശിച്ച് കേക്ക് വിതരണം ചെയ്തു. കരോൾഗാന മത്സരം പുൽക്കൂട് മത്സരം എന്നിവ നടത്തി. ഫണ്ട് ശേഖരണാർദ്ധം കേക്ക് വില്പന നടത്തി. വിധവകളായവരെ ഒരുമിച്ചുകൂട്ടി പ്രാർത്ഥനയും ക്ലാസും ക്രിസ്തുമസ് ആഘോഷവും നടത്തി.

**കളത്തുവയൽ**

അമലോത്ഭവ മാതാവിന്റെ തിരുനാൾ ആചരിച്ചു. കിടപ്പുരോഗിയായ ഒരു അക്രൈസ്തവ സ്ത്രീയ്ക്ക് 2000/ - രൂപ സഹായം നൽകി. ചികിത്സാ സഹായമായി 2000/- രൂപ നൽകി. ഭവന സന്ദർശനം നടത്തി. ദേവാലയ വൃത്തിയാക്കുവാനും പൊതുപണിയിലും പങ്കെടുത്തു.

**റൂബി നഗർ**

ബൈബിൾ പകർത്തി എഴുതി. നവവൈദികന് ആശംസ അർപ്പിച്ച് സംസാരിക്കുകയും സ്നേഹോപകാരം അർപ്പിക്കുകയും ചെയ്തു. കേക്ക്വിതരണം നടത്തി. ക്രിസ്തുമസ് കരോളിന് അമ്മമാർ നേതൃത്വം നൽകി. യൂണിറ്റിൽ പുൽക്കൂട് നിർമ്മാണത്തിന് അമ്മമാർ നേതൃത്വം വഹിച്ചു.

**കബനിഗിരി**

ക്രിസ്തുമസിനായി പ്രാർത്ഥിച്ചൊരുങ്ങി. വി. ഫ്രാൻസിസ് പുണ്യവാളന്റെ തിരുനാൾ ആചരിച്ചു. മാനന്തവാടി രൂപത ജൂബിലി കുടുംബനവീകരണ വർഷ സമാപനസമ്മേളനത്തിൽ പങ്കെടുത്തു. ദ്വാരകയിൽ വെച്ച് നടന്ന ബിബ്ലിയ 2025 'ബൈബിൾ കയ്യെഴുത്ത് പ്രതി പ്രകാശനം' സമ്മേളനത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പള്ളിയും പരിസരങ്ങളും സിമിത്തേരിയും വൃത്തിയാക്കി. സിമിത്തേരി സന്ദർശനം നടത്തി.

**വടപുറം**

നോമ്പ് ആചരിച്ചു. മേഖലയിൽ ബൈബിൾ ക്വിസ് മത്സരത്തിൽ പങ്കെടുത്തു. ക്രിസ്തുമസിനോടനുബന്ധിച്ച് ഒറ്റയ്ക്ക് കഴിയുന്ന ദമ്പതികളോടൊപ്പം കേക്ക് മുറിച്ചു ആശംസകൾ നേർന്നു. ക്യാൻസർ രോഗിക്ക് ചികിത്സാസഹായം നൽകി. 7 സഭാ വിഭാഗങ്ങളായ പള്ളികൾ ചേർന്ന് ഐക്യ ക്രിസ്തുമസ് സമുചിതമായി ആഘോഷിച്ചു. വൃദ്ധസദനം സന്ദർശിച്ച് ഭക്ഷണവും സഹായവും നൽകി.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. ഇരുപത്തഞ്ച് നോമ്പിൽ അമ്മമാർ നോമ്പെടുത്ത് പ്രാർത്ഥിച്ചു. അമലോദ്ഭവതിരുനാൾ ആഘോഷിച്ചു. മേഖലാ കരോൾഗാന മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. മൂന്നാം സ്ഥാനം ലഭിച്ചു. കിടപ്പിലായ അമ്മമാർ ഉള്ള രണ്ടു ഭവനങ്ങൾ

സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരോടൊപ്പം കേക്കു മുറിക്കുകയും ചെയ്തു. അമ്മമാർക്കായി പുൽക്കൂടു മത്സരം നടത്തി. ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്ക് സമ്മാനങ്ങൾ നൽകി.

**പാതിരിപ്പാടം**

ക്രിസ്മസ് ഫ്രണ്ടിന് സമ്മാനങ്ങൾ കൈമാറി. പള്ളിയും, പരിസരവും വൃത്തിയാക്കി. ഞായറാഴ്ചകളിൽ സിഗ്വി ഉൽപ്പന്നങ്ങളുടെ വിതരണം നടത്തി. മരിയൻ സിംഗിൾസിനെ ആദരിച്ചു. വിളക്കന്നൂർ തീർത്ഥാടനയാത്ര നടത്തി. മേഖലയിൽ കരോൾഗാന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. 25 ദിവസവും സുകൃതഭ്യാസങ്ങളുടെ പോസ്റ്റർ തയ്യാറാക്കി വിവിധ ഗ്രൂപ്പുകളിലേയ്ക്ക് അയച്ചു.

**കോട്ടത്തറ**

നോമ്പെടുത്ത 25 ദിവസവും പള്ളിയിൽ വന്ന എല്ലാ അമ്മമാർക്കും സമ്മാനങ്ങൾ നൽകി. ലോക എയ്ഡ്സ് ദിനത്തിൽ എയ്ഡ്സ് രോഗികൾക്കുവേണ്ടി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. സമ്പൂർണ്ണ ബൈബിൾ വായിച്ച എല്ലാ അമ്മമാർക്കും ഇടവകയിൽ നിന്നും സമ്മാനങ്ങൾ നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പനവല്ലി**

അമ്മമാർ നോമ്പെടുത്ത് പ്രാർത്ഥിച്ചു. മേഖലാ വാർഷികത്തിൽ പങ്കെടുക്കുകയും പ്രോഗ്രാംഅവതരിപ്പിക്കുകയും ചെയ്തു. അർഹതപ്പെട്ട ഒരു കുടുംബത്തെ സന്ദർശിച്ച് സഹായം ചെയ്തു.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഇടവകയിലെ ഒരു കുടുബത്തിന്റെ ഭവനം വൃത്തിയാക്കി നല്കി. ഭക്ഷണക്കിറ്റ് നൽകി. ക്യാൻസർ രോഗികളെ പരിചരിക്കുന്ന കൂട് എന്ന സ്ഥാപനത്തിൽ ഭക്ഷണകിറ്റ് നൽകി. രൂപത ബിബ്ലിയ സംഗമത്തിൽ 3 പേർ പങ്കെടുത്തു. മേഖല കരോൾഗാന മത്സരത്തിൽ പങ്കെടുത്ത് 2-ാം സ്ഥാനം ലഭിച്ചു. ജൈവ പച്ചക്കറിത്തോട്ടം വിലയിരുത്തി സമ്മാനങ്ങൾ നൽകി. വചന കവചം, സാന്താ മോനിക്ക പ്രാത്ഥന എന്നിവ ചൊല്ലി.

**പാടിച്ചിറ**

25 നോമ്പ് എടുത്ത് പ്രാർത്ഥിച്ചു. ജനറൽ ബോഡി, എക്സിക്യൂട്ടീവ് നടത്തി. രൂപതയിൽ നടത്തിയ ബൈബിൾ പകയർത്തിയെഴുതി

യവരുടെ സംഗമത്തിൽ രണ്ട് മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. മേഖലാതലത്തിൽ നടത്തിയ ക്രിസ്തുമസ് റാലിയിൽ പങ്കെടുത്തു. പള്ളി പരിസരം മാതൃവേദി വൃത്തിയാക്കി. സംഘടനുടെ ഫണ്ടിനായി വിവിധ തരം അച്ചാറുകൾ, രഹസ്യപിരിവ്, മെഴുകുതിരി, ചന്ദനത്തിരി, ബയോവിൻ പ്രൊഡക്റ്റ്സ് വിൽപന എന്നിവ നടത്തി. അഞ്ച് കുടുംബ ങ്ങൾക്ക് ഭക്ഷണകിറ്റ്, രണ്ട് കുടുംബങ്ങൾക്ക് വസ്ത്രങ്ങൾ, രണ്ട് കുടും ബങ്ങൾക്ക് ചികിത്സാസഹായം എന്നിവ നൽകി. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**സീതാമൗണ്ട്**

മേരി മാങ്ങാട്ട് എന്ന വ്യക്തിയുടെ മരണത്തിൽ അനുശോചിച്ചു ഭാരവാഹികൾ ആ ഭവനം സന്ദർശിച്ചു. പുൽപള്ളിയിൽ വച്ചു നടത്തിയ കുടുംബ നവീകരണ വർഷ സമാപനത്തിൽ ഭാരവാഹികളും അമ്മ മാരും പങ്കെടുത്തു.

**വാഴവറ്റ**

25 നോമ്പ് ആചരിച്ചു. 35 ഓളം അമ്മമാർ അമ്മ മാസികയുടെ വരി ക്കാരായി. മേഖല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. ബൈബിൾ പുതിയ നിയമം മേരി വരകുകാലായിൽ പകർത്തിയെഴുതി. എല്ലാ വാർഡിൽ നിന്നും തെരെഞ്ഞടുത്ത രണ്ടോ മൂന്നോ വ്യക്തികളെ ചേർത്ത് 35 അംഗങ്ങളുള്ള ഒരുകോർ കമ്മറ്റി രൂപീകരിച്ചു.

**ചോക്കാട്**

25 നോമ്പ് ആചരിച്ചു. ശാന്തിസദൻ സന്ദർശിച്ച് കേക്ക് വിതരണം നടത്തി. മേഖല ബൈബിൾ ക്വിസ് മത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനവും ഏലീശ്വാ സന്ദർശനവും നടത്തി. പള്ളി വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**പാലാങ്കര**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. 25 നോമ്പിൽ എല്ലാദിവസവും അമ്മമാർ ദിവ്യബലിയിൽ പങ്കെടുത്തു. കുഞ്ഞിപ്പൈതങ്ങളുടെ തിരുനാ ളിന് കുഞ്ഞുങ്ങളോടൊപ്പം ഫോട്ടോ എടുത്തു. സിമിത്തേരിയും പരിസ രവും വൃത്തിയാക്കി.

**വാളവയൽ**

നടവയൽ മേഖലയിൽ മാതൃവേദി ശാഖ പ്രവർത്തനങ്ങൾക്ക് എ ഗ്രേഡ് ലഭിച്ചു.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മേഖല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. ഇടവകയിലെ നിർദ്ധനരായ 10 കുടുംബങ്ങൾക്ക് 1000/- രൂപയുടെ വീതം 10,000/- രൂപയ്ക്ക് ക്രിസ്തുമസ് കിറ്റ് വിതരണം ചെയ്തു. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം മരണവീട് സന്ദർശനം എന്നിവ നടത്തി.

**മണിമൂളി**

മേഖല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. ഫണ്ട് ശേഖരാണാർത്ഥം സിഗ്‌വി കേക്ക് വിതരണം നടത്തി. ഫണ്ട് ശേഖരാണാർത്ഥം പള്ളി പരിസരം ക്ലീനിങ് ഏറ്റെടുത്ത് ചെയ്യുന്നു. കുഞ്ഞിപ്പൈതങ്ങളുടെ സംഗമത്തിൽ അമ്മമാർക്ക് ക്ലാസ്സ് നടത്തി. 3 കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് നൽകി. ഒരു കുടുംബത്തിന് 5000 രൂപ ധനസഹായം നൽകി.

**കൊമ്മയാട്**

അമ്മമാർക്കായി സെമിനാർ നടത്തി. ദ്വാരക മേഖല കരോൾ ഗാനമൽസരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. 16 മാതൃവേദി അംഗങ്ങൾ തങ്ങൾ പകർത്തിയെഴുതിയ പുതിയ നിയമം ബൈബിളുമായി ബിബ്ലിയ 2025 ൽ പങ്കുചേർന്നു. അമലോത്ഭവമാതാ ദേവാലയത്തിലേക്ക് തീർഥാടനം നടത്തി. സമ്പൂർണ്ണ ബൈബിൾ വായന കൂട്ടായ്മയിൽ പങ്കുചേർന്നു. ചികിത്സാ സഹായം, ജപമാല, ദിവ്യ കാരുണ്യ ആരാധന, കാഴ്ചവയ്പ് എന്നിവ നടത്തി.

**മരക്കടവ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. കുഞ്ഞിപൈതങ്ങളെ ആദരിച്ചു. വൃദ്ധ മാതാപിതാക്കൾ, രോഗികൾ എന്നിവരെ സന്ദർശിച്ചു. ഒരു കുടുംബത്തിന് 1500/- രൂപ നൽകി.

**ഇരുളം**

കുഞ്ഞിപ്പൈതങ്ങളുടെ തിരുനാളിനോടനുബന്ധിച്ച് ഒരു കുഞ്ഞിന് പുതിയ ഉടുപ്പ് മേടിച്ചു കൊടുത്തു. ഒരു കുടുംബത്തിന് ക്രിസ്തുമസ് കിറ്റ് നൽകി. മാതാപിതാക്കൾ നഷ്ടപ്പെട്ട ഭിന്നശേഷിയുള്ള ഒരു കുഞ്ഞിനെ നോക്കുന്ന വല്യമ്മയെ തിരുകുടുംബത്തിന്റെ തിരുനാളിനോടനുബന്ധിച്ച് ആദരിച്ചു. മേഖല നടത്തിയ ഗ്ലോറിയ 2025 പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**വാകേരി**

25 നോമ്പ് ആചരി ച്ചു. ക്രിസ്തുമസ് ആശംസ വീഡിയോ ചെയ്തു.'സ്നേഹതീരം' തപോവനത്തിലെ ക്ലീനിംങ്ങ് ശുശ്രൂഷ നടത്തി. 'ഇതാ കർത്താവിന്റെ ദാസി' കൂട്ടായ്മയും സ്നേഹവിരുന്നും നടത്തി.

**മൺവയൽ**

25 നോമ്പാചരണം നടത്തി. നീലഗിരി മേഖലയിൽ നടത്തിയ ഐക്യ ക്രിസ്തുമസ് ആഘോഷത്തിൽ അമ്മമാർ മുത്തുകുടകൾ എടുത്തു. മേഖല കരോൾഗാന മത്സരം, പുൽക്കൂട് മത്സരം എന്നിവയിൽ പങ്കെടുത്തു. 3 അമ്മമാർ പുതിയ നിയമം പകർത്തിയെഴുതി പൂർത്തിയാക്കി. രൂപതയിൽ നടത്തിയ ബിബ്ലിയ പരിപാടിയിൽ പങ്കെടുത്തു.

**അസംപ്ഷൻ, ബത്തേരി**

മേഖലാ, രൂപതാ സാഹിത്യ മത്സരങ്ങളിൽ അമ്മമാർ പങ്കെടുത്തു സമ്മാനാർഹരായി. വേദപാഠ അധ്യാപക ദിനത്തോടനുബന്ധിച്ച് അധ്യാപകരെ ആദരിച്ചു സമ്മാനങ്ങൾ നൽകി. വിശുദ്ധരെ പരിചയപ്പെടുത്തി. അഗതിമന്ദിരങ്ങളിൽ പൊതിച്ചോർ വിതരണം, രോഗീസന്ദർശനം എന്നിവ നടത്തി.

**തലഞ്ഞി**

മേഖല വാർഷികാഘോഷത്തിലും കരോൾഗാന മത്സരത്തിലും ഇടവകയിൽ നിന്നും അമ്മമാർ പങ്കെടുത്തു. കരോൾഗാന മത്സരത്തിന് മൂന്നാം സ്ഥാനം ലഭിച്ചു. രൂപതാ വാർഷിക ആഘോഷത്തിൽ 8 അമ്മമാർ പങ്കെടുക്കുകയും മാർഗ്ഗംകളി അവതരിപ്പിക്കുകയും ചെയ്തു. 10 വീട്ടുകാർക്ക് ഭക്ഷണ കിറ്റ് നൽകി. അടുക്കള തോട്ടം, കേക്ക് നിർമ്മാണം, ലോഗോസ് ക്വിസ്, സ്ക്കിറ്റ് തുടങ്ങിയ മത്സരങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിച്ചവർക്ക് സമ്മാനങ്ങൾ നൽകി.

**തവിഞ്ഞാൽ**

ഒരമ്മ 10 കേക്ക് വീതം വാങ്ങിച്ച് വിതരണം ചെയ്തു. മേഖല കരോൾ ഗാനമത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. രോഗീസന്ദർശനം നടത്തി. എക്സിക്യൂട്ടീവ് കൂടി. വഴിയോര പുൽക്കൂട് നിർമ്മാണത്തിൽ അമ്മമാരുടെ സാന്നിധ്യം ഉണ്ടായിരുന്നു. പള്ളിയും പരിസരവും വൃത്തിയാക്കി.

**കുറുമണി**

മരണവീട് സന്ദർശിച്ചു. മൃതസംസ്കാര ശുശ്രൂഷയിൽ പങ്കുചേർന്നു. ക്രിസ്തുമസ് കരോളിൽ അമ്മമാർ സജീവമായി പങ്കെടുത്തു.എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ചെയിൻ റോസറി നടത്തി.

**ഒഴുക്കൻമൂല**

ഭവനങ്ങളിൽ നടന്ന പ്രാർത്ഥന, ഭക്ഷണം, വിവിധ പരിപാടികൾ, പുൽക്കൂട് നിർമ്മാണം എന്നിവയ്ക്ക് നേതൃത്വം നൽകി. രോഗീ സന്ദർശനം നടത്തി. നിത്യോപയോഗ സാധനങ്ങളുടെ 3 കിറ്റുകൾ ഇടവകയിലെ തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ഭവനങ്ങളിൽ ഭാരവാഹികൾ എത്തിച്ചുനൽകി. പള്ളിയും പരിസരങ്ങളും വൃത്തിയാക്കി. അമ്മമാർ നടത്തുന്ന മാസകുറിയിൽ നിന്ന് 1000/- രൂപ മാതൃവേദിക്ക് സംഭാവന നൽകി.

**കുറുമ്പാല**

ആശുപത്രികളിലും ഭവനങ്ങളിലും രോഗി സന്ദർശനം നടത്തി. പുതിയനിയമം ബൈബിൾ സ്വന്തംകൈപ്പടയിൽ പകർത്തി എഴുതിയവരെ പൊന്നാട അണിയിച്ച് ആദരിച്ചു. ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടവകയിൽ നിന്നും മത്സരിച്ചവരെ പൂവ് നൽകി ആദരിച്ചു. മേഖലാ കരോൾഗാനം മത്സരത്തിൽ പങ്കെടുത്ത് രണ്ടാം സ്ഥാനം കരസ്ഥമാക്കി. മൂന്നുപേർക്ക് 1000/- രൂപ വീതവും ഒരു കുടുംബത്തിന് ചികിത്സ സഹായമായി 2000/- രൂപയും നൽകി.

**കാരക്കാമല**

ഇടവകയിലെ സഹായം അർഹിക്കുന്ന ഒരു കുടുംബം സന്ദർശിച്ച് അവർക്ക് ആവശ്യമായ അരിയും നിത്യോപയോഗ സാധനങ്ങളും ഡ്രസ്സുംനൽകി. രോഗികളായി കഴിയുന്നവരെ പള്ളിയിൽ കൊണ്ടുവരുകയും അവർക്ക് വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനും കുമ്പസാരം കുർബാന എന്നീ കൂദാശകൾ സ്വീകരിക്കുവാനും അവസരം ഒരുക്കി.

**പുതുശ്ശേരികടവ്**

25 നോമ്പ് ആചരിച്ചു. മേഖലാ തലത്തിലും ഇടവക തലത്തിലും അമ്മമാർക്കായി നടത്തിയ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു.

**പൂക്കോട്ടുംപാടം**

25 നോമ്പ് ആചരിച്ചു. കിടപ്പിലായ ഒരു രോഗിയെ ഡോക്ടറെ വീട്ടിൽ കൊണ്ടുചെന്നു വേണ്ട ചികിത്സാ സഹായം നൽകി. മേഖലാ

തലത്തിൽ നടത്തിയ ബൈബിൾ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. 5 മാതൃവേദി അംഗങ്ങൾ ബൈബിൾ പുതിയ നിയമം പകർത്തി എഴുതി പൂർത്തിയാക്കി. 5 മക്കളുള്ള ഒരു കുടുംബത്തെ ആദരിച്ചു.

**വാളേരി**

എക്സിക്യൂട്ടീവ് യോഗം കൂടി. കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. പച്ചക്കറിത്തോട്ട നിർമ്മാണ മത്സരം, ഉപന്യാസ മത്സരം എന്നിവ നടത്തി, സമ്മാനം നൽകി. പ്രായമായ മാതാപിതാക്കളെ സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. മേഖലാ വിസിറ്റ് നടത്തി എ ഗ്രേഡ് ലഭിച്ചു. സാന്താ മോനിക്കാ, വചന കവചം, ചെയിൻ റോസറി, എന്നിവ നടത്തി.

**ദ്വാരക**

അമലോൽഭവ മാതാവിന്റെ തിരുനാൾ ദിനത്തിൽ മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ ഇടവകയിൽ ഒരു മണിക്കൂർ സമയം കൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. മേഖലാതലത്തിൽ നടന്ന കരോൾ ഗാനം മത്സരത്തിൽ യൂണിറ്റിൽ നിന്നും അമ്മമാർ പങ്കെടുത്ത് രണ്ടാം സ്ഥാനം കരസ്ഥമാക്കി. ക്രിസ്തുമസി നോടനുബന്ധിച്ച് വിശുദ്ധ ലൂക്കായുടെ സുവിശേഷം പകർത്തി എഴുതുന്നതിൽ അമ്മമാരും പങ്കാളികളായി.

**നടവയൽ**

തിരുപ്പിറവി സന്ദേശം സോഷ്യൽ മീഡിയായിലൂടെ ഷെയർ ചെയ്തു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. മേഖലാ കരോൾഗാന മത്സരത്തിൽ രണ്ടാം സ്ഥാനം നേടി. ക്രിസ്തുമസ് ദിനത്തിൽ വി. കുർബാനക്കുശേഷം അമ്മമാർ പള്ളി മുറ്റത്ത് കോൽക്കളി അവതരിപ്പിച്ചു.നടവയൽ ഫെസ്റ്റിനൊരുക്കമായി ചെടിച്ചട്ടികളിൽ പൂച്ചെടികളും ഇലച്ചെടികളും നട്ടുപിടിപ്പിച്ച് പള്ളിയിലേക്ക് നല്കി. രോഗീ സഹായമായി 3000/- രൂപ ധനസഹായം നല്കി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കരിമാനി**

ഇടവകയിലെഭിന്നശേഷികളായകുട്ടികളുടെഭവനംസന്ദർശിച്ചു. അമലോൽഭവ മാതാവിനെക്കുറിച്ചുള്ള വീഡിയോ തയ്യാറാക്കി ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ

നടത്തി. രൂപതാ ബൈബിൾ സംഗമത്തിൽ 3 അമ്മമാർ പങ്കെടുത്തു. ഫണ്ട് ശേഖരണാർത്ഥം ഇടവകയിലെ എല്ലാ ഭവനങ്ങളിലേക്കും കേക്ക് നൽകി. അക്രൈസ്തവ ഭവനങ്ങളിൽ കേക്ക് നൽകി.

**പറളിക്കുന്ന്**

25 ദിവസം ക്രിസ്തുമസ് സന്ദേശവും ഗാനവും ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. രോഗാധിക്യത്താൽ പള്ളിയിൽ വരാൻ കഴിയാത്ത വർക്ക് വീടുകളിൽ ക്രിസ്തുമസ് കേക്ക് നൽകി. വിശുദ്ധരെ പരിചയപ്പെടുത്തുന്നത് യൂണിറ്റിലെ രണ്ടുപേർ ചെയ്തു. രൂപതയും മേഖലയും നടത്തിയ വചനം എഴുത്ത് മത്സരം, സാഹിത്യ മത്സരം ബൈബിൾ പകർത്തിയെഴുത്ത് എന്നിവയ്ക്ക് ഇടവകയിൽ സമ്മാ നങ്ങൾ നൽകി.

**താളിപ്പാടം**

കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തി. 25 നോമ്പിന് ഒരു കുടുംബത്തെ മാതൃവേദിയുടെ നേതൃത്തിൽ സഹായിച്ചു. എക്സിക്യൂട്ടീവ് കൂടി.

**ടൗൺ ചർച്ച്, മാനന്തവാടി**

കിടപ്പുരോഗികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി കേക്ക് നൽകി. ബൈബിൾ പകർത്തി എഴുതിയവരുടെ സംഗമത്തിൽ ഇടവക യിൽ നിന്ന് 5 പേർ പങ്കെടുത്തു. രോഗീസഹായമായി 2500 രൂപ നൽകി. എക്സിക്യൂട്ടീവ് കൂടി.

**യവനാർകുളം**

25 നോമ്പ് എടുത്തു. രോഗീസന്ദർശനം നടത്തി. അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ജപമാലയ്ക്കും വായനകൾക്കും നേതൃത്വം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ**

സെന്റ് വിൻസെന്റ് ഡി പോൾ കോൺഫ്രൻസിലെ അംഗമായി തീരുക എന്നത് പാവപ്പെട്ടവരുടെ സേവനത്തിന് വേണ്ടിയുള്ള യഥാർത്ഥമായ ദൈവവിളിയുടെ പ്രകാശനമാണ്. വാ. ഫ്രെഡറിക് ഓസാനാമിന്റെ യുവ ചൈതന്യവും ഈ ദൈവവിളിയിൽ അന്തർ ഭവിച്ചിരിക്കുന്നു. വിൻസെൻഷ്യൻ ദൈവവിളി പാവങ്ങളുടെയും കുഞ്ഞുങ്ങളുടെയും സാമൂഹിക നീതിയുടെയും സേവനത്തിനും അവശത അനുഭവിക്കുന്നവരുമായി നേരിട്ട് സമ്പർക്കം പുലർത്തുന്നതിനും ഉള്ള ദൈവവിളി അമൂർത്തമായ ചിന്തയെക്കാൾ കൂടുതലായി പ്രവർത്തനങ്ങളിലേക്ക് നയിക്കുന്നു. നിലവിലുള്ള കോൺഫറൻസുകൾ ശക്തിപ്പെടുത്തുന്നതിലൂടെയും പുതിയ കോൺഫറൻസുകൾ രൂപീകരിക്കുന്നതിലൂടെയും സെൻട്രൽ കൗൺസിലിന്റെ പ്രവർത്തന മേഖല കൂടുതൽ വിപുലമാകുകയാണ്.

**സെൻട്രൽ കൗൺസിൽ, ഓസാനം ഭവൻ ബോർഡ് യോഗം**

10/01/2026 ന് രാവിലെ 11 മണിക്ക് സെൻട്രൽ കൗൺസിലിന്റെയും ഓസാനം ഭവൻ ബോർഡിന്റെയും സംയുക്ത യോഗം നടവയൽ ഓസനം ഭവനിൽ വെച്ച് നടന്നു. ജനുവരി 19-ന് നടത്തപ്പെടുന്ന ഓസനം ഭവൻ സിൽവർ ജൂബിലി സമാപന പരിപാടിയുടെ ഒരുക്കങ്ങൾ വിലയിരുത്തി. ജൂബിലി ആഘോഷ സമാപനം ഏറ്റവും മനോഹരമായി നടത്തണമെന്ന് യോഗം തീരുമാനിച്ചു.

**ഓസാനം ഭവൻ സിൽവർ ജൂബിലി സമാപനം**

സെന്റ് വിൻസന്റ് ഡീ പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ കാരുണ്യത്തിന്റെ മുഖമായ നടവയൽ ഓസാനം ഭവന്റെ രജത ജൂബിലി ആഘോഷങ്ങളുടെ സമാപനം 19/01/2026 ന് നടവയൽ ഓസാനം ഭവനിൽ വച്ച്, മാനന്തവാടി രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ നേതൃത്വത്തിൽ നടന്നു. 10 മണിക്ക് അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിലുള്ള ദിവ്യബലിയോടെയാണ് ജൂബിലി സമാപന ആഘോഷം തുടങ്ങിയത്. വിശുദ്ധ കുർബാനയ്ക്കുശേഷം

11:30 ന് ജൂബിലി സമാപന സമ്മേളനം ആരംഭിച്ചു. സിസ്റ്റർ റോസമ്മ അയ്യൻകുഴ പ്രാരംഭ പ്രാർത്ഥനയും സിസ്റ്റർ ബ്രിജിത കൂവയ്ക്കൽ ജ്ഞാനവായനയും നടത്തി. മാനന്തവാടി സി സി സീനിയർ വൈസ് പ്രസിഡന്റ് ബ്രദർ ജോണി പാറ്റാനി എല്ലാവരെയും സ്വാഗതം ചെയ്തു. ബ്രദർ രാജു വലിയാറ (സി സി ജനറൽ സെക്രട്ടറി) ഓസാനം ഭവൻ റിപ്പോർട്ട് അവതരിപ്പിച്ചു. സി സി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ അധ്യക്ഷത വഹിച്ചു. മാനന്തവാടി രൂപതയുടെ സമുദായ ശാക്തീകരണവർഷത്തിന്റെ ഭാഗമായി മാനന്തവാടി സെൻട്രൽ കൗൺസിൽ ആരംഭിക്കുന്ന 'ഹെൽത്ത് ഹബ്ബ്' എന്ന സംവിധാനത്തെക്കുറിച്ച് അധ്യക്ഷ പ്രസംഗത്തിൽ പ്രസിഡന്റ് വിശദീകരിച്ചു. അഭിവന്ദ്യ മാർ ജോസ് പോരുന്നേടം പിതാവ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ആധുനിക കാലത്ത് സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിക്ക് വലിയ പ്രാധാന്യമുണ്ട് എന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. നാഷണൽ പ്രസിഡന്റ് ബ്രദർ ജൂഡ് മംഗൾരാജ് മുഖ്യപ്രഭാഷണം നടത്തി. സഹാനുഭൂതിയും പരിഗണനയും കരുണയും നാം സ്വായത്തമാക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആർച്ച് പ്രീസ്റ്റ് റവ. ഫാ. ഗർവാസീസ് മറ്റം അനുഗ്രഹ പ്രഭാഷണം നടത്തി. സി സി ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോജോ കുടക്കച്ചിറ ആത്മീയ സന്ദേശം നൽകി. ബ്രദർ ജോൺ പാലക്കൽ പുത്തൻപുര (പ്രഥമ പ്രസിഡന്റ്, മാനന്തവാടി സി സി), ബ്രദർ തോമസ് പുലിക്കോട്ടിൽ (മുൻ കോഡിനേറ്റർ, KRCC), ശ്രീ. ഇ. കെ. ബാലകൃഷ്ണൻ (പൂതാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്), ബ്രദർ ബിജു ഇരട്ടമുണ്ടക്കൽ (വാർഡ് മെമ്പർ, ഓസാനം കോൺഫ്രറൻസ് നടവയൽ) എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ബ്രദർ അഡ്വ. ജോസിച്ചൻ കോര (മുൻ പ്രസിഡന്റ്, സിസി), ബ്രദർ തോമസ് മാങ്ങൻ (മുൻ പ്രസിഡന്റ്, സി സി), ബ്രദർ ഡോ. ഐസക് പാറക്കുളങ്ങര (പ്രസിഡന്റ്, താമരശ്ശേരി സി സി), ബ്രദർ ജോസ് പ്രകാശ് ആന്റണി (പ്രസിഡന്റ്, കോഴിക്കോട് സി സി) എന്നിവരുടെ സാന്നിധ്യം യോഗത്തിന് മാറ്റുകൂട്ടി. സി സി സെക്രട്ടറി ബ്രദർ രാജു ചൊവ്വാറ്റുകുന്നേൽ എല്ലാവർക്കും നന്ദി അർപ്പിച്ച് സംസാരിച്ചു. സി സി വനിത പ്രതിനിധി സിസ്റ്റർ ഹണി മരിയ ഷാജി സമാപന പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ബഹുമാനപ്പെട്ട വൈദികരും സിസ്റ്റർമാരും

സെൻട്രൽ കൗൺസിൽ അംഗങ്ങളും ഏരിയ കൗൺസിൽ ഭാരവാഹികളും കോൺഫ്രൻസ് അംഗങ്ങളും ജനപ്രതിനിധികളും കൂടാതെ സമൂഹത്തിന്റെ നാനാ തുറയിൽപ്പെട്ട ആളുകളും പങ്കെടുത്ത ജൂബിലി ആഘോഷം ഓസാനം ഭവന്റെ മുന്നോട്ടുള്ള യാത്രയിൽ വലിയ പ്രചോദനം പകർന്നിട്ടുണ്ട്. സ്നേഹവിരുന്നോടെയാണ് ജൂബിലി ആഘോഷം സമാപിച്ചത്. ദിവംഗതനായ മാർ എമ്മാനുവൽ പോത്തനാമൂഴി പിതാവിന്റെ ദീർഘവീക്ഷണത്തിൽ രൂപംകൊണ്ട ഓസാനം ഭവന്റെ വളർച്ചയിൽ നാളിതുവരെ സഹകരിച്ച എല്ലാ സുമനസ്സുകൾക്കും ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**
സി.സി പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**ഉന്നതി ജെൽ സുരക്ഷ പദ്ധതി പഞ്ചായത്തുതല ഉദ്ഘാടനം നടന്നു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളമില്ലാത്ത ആദിവാസി ഭവനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയായ ഉന്നതി ജെൽ സുരക്ഷ പദ്ധതിയുടെ നൂൽപ്പുഴ പഞ്ചായത്തുതല ഉദ്ഘാടനം കുമഴി ഉന്നതിയിൽ വെച്ച് സുൽത്താൻ ബത്തേരി നിയോജക മണ്ഡലം എം.എൽ.എ ഐ.സി. ബാലകൃഷ്ണൻ നിർവഹിച്ചു. നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിലെ കുടി വെള്ളക്ഷാമം രൂക്ഷമായ മുഴുവൻ ഉന്നതികളിലും കുടിവെള്ളം എത്തിക്കുമെന്നും, ഉന്നതി ജെൽ സുരക്ഷ പദ്ധതിയുടെ തുക ഇതിന് മതിയാകുന്നില്ലെങ്കിൽ MLA ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതി പൂർത്തീ കരിക്കുമെന്നും അദ്ദേഹം പറഞ്ഞു. 03 വർഷം നീണ്ടുനിൽക്കുന്ന പദ്ധതിയിൽ നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിലെ മായിക്കര, മാടക്കുന്ന്, അബേദ്കർ മണലിമൂല, മാടപ്പുര, ഓടൻകൊല്ലി, കോളൂർ, കുമഴി എന്നീ ഉന്നതികളിലുമാണ് കുടിവെള്ള വിതരണ പദ്ധതികളാണ് നടപ്പിലാക്കുക. നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജയ എം.കെ. അധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ, റവ. ഫാ. ജിനോജ് പാലത്തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. വൈസ് പ്രസിഡണ്ട് ശ്രീ. ഉസ്മാൻ, ഫോറസ്റ്റ് ഉദ്യോഗസ്ഥർ, ട്രൈബൽ ഉദ്യോഗസ്ഥർ, ആശവർക്കർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രവർ ത്തകർ എന്നിവർ പങ്കെടുത്തു. വാർഡ് മെമ്പർമാരായ ബെന്നി കൈനിക്കൽ, ബീന പി, പദ്ധതി സീനിയർ എഞ്ചിനീയർ തോമസ് സെബാസ്റ്റ്യൻ, ടീം ലീഡർ ദീപു ജോസഫ്, നൂൽപ്പുഴ പ്രൊജക്റ്റ് ഹെഡ് ബിജു കെ. സി, ജൂനിയർ എൻജിനീയർ നീരജ സുരേന്ദ്രൻ എന്നിവർ സംസാരിച്ചു. കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർമാരായ നിമിഷ മോൻസി, അഷ്ജിൻ സണ്ണി, ജയന ഒ. പി എന്നിവർ നേതൃത്വം നൽകി

**ഉന്നതി ജെൽ സുരക്ഷപദ്ധതി പഞ്ചായത്തുതല വിവര ശേഖരണം ആരംഭിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളമില്ലാത്ത ആദിവാസി ഭവനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയായ ഉന്നതി ജെൽ സുരക്ഷ പദ്ധതിയുടെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തുതല വിവരശേഖരണം ആരംഭിച്ചു. വിവരശേഖരണത്തിന്റെ ഉദ്ഘാടനം കുമിഴി ഉന്നതിയിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജയ.എം.കെ നിർവഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. 03 വർഷം നീണ്ടു നിൽക്കുന്ന പദ്ധതിയിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മായിക്കര, മാടകുന്ന്, അംബേദ്കർ മണലിമൂല, മാടപ്പുര, ഓടൻകൊല്ലി, കോളൂർ എന്നീ ഉന്നതികളിലുമാണ് കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കുക. കുടിവെള്ള പദ്ധതികൾക്ക് പുറമെ പരിശീലനങ്ങൾ, വരുമാന വർദ്ധക പരിപാടികൾ, ജൈവ പച്ചക്കറി കൃഷി വ്യാപനം, ഉന്നതികളിലെ മലിനജല സംസ്ക്കരണം എന്നിവ നടപ്പിലാക്കും. ഈ പദ്ധതിയുമായി ബന്ധപ്പെടുത്തി ഗുണഭോക്താക്കളുടെയും ഉന്നതികളുടെയും വിവര ശേഖരണമാണ് നടത്തുന്നത്. വിവരശേഖരണത്തിന് നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, സീനിയർ എഞ്ചിനീയർ തോമസ് സെബാസ്റ്റ്യൻ, ടീം ലീഡർ ദീപു ജോസഫ്, നൂൽപ്പുഴ പ്രൊജക്റ്റ് ഹെഡ് ബിജു കെ. സി, ജൂനിയർ എൻജിനീയർ നീരജ സുരേന്ദ്രൻ എന്നിവർ സംസാരിച്ചു. കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ നിമിഷ മോൻസി, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**ലോകമണ്ണ് ദിനാചരണവും മൊബൈൽ മണ്ണ് പരിശോധനയും നടത്തി**

കേരള സംസ്ഥാന മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സഹകരണത്തോടെ നബാർഡ് പുലിക്കാട് നീരുറവ സംരക്ഷണ പ്രദേശത്തു വെച്ച് ലോക മണ്ണ് ദിനാചരണവും മൊബൈൽ

മണ്ണ് പരിശോധനയും നടന്നു. ദിനാചരണം മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മീനാക്ഷി രാമൻ ഉദ്ഘാടനം ചെയ്തു. വയനാട് ജില്ലാ പഞ്ചായത്ത് മെമ്പർ ജിൽസൺ തൂപ്പുംകര അദ്ധ്യക്ഷത വഹിച്ചു. നബാർഡ് ജില്ലാ മാനേജർ ആർ ആനന്ദ് മുഖ്യ സന്ദേശം നൽകി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ജില്ലാ മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് സീനിയർ സയന്റിസ്റ്റ് രവി എം, എടവക ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ഷിൽസൺ മാത്യു, ജെസ്സി വർഗ്ഗീസ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, ജില്ലാമണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് റിസർച്ച് അസ്സോസിയേറ്റ് അഖിൽ പി, ഫീൽഡ് അസ്സോസിയേറ്റ് ആന്റണി പി.പി, പുലിക്കാട് നീർത്തട വികസന സമിതി പ്രസിഡന്റ് വർഗ്ഗീസ്. കെ.ജെ, സെക്രട്ടറി സിനോജ് പി.ജെ എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന ക്ലാസ്സുകൾക്ക് കൃഷിവകുപ്പ് റിട്ടയേർഡ് ഡെപ്യൂട്ടി ഡയറക്ടർ കെ മമ്മൂട്ടി, മധുവനം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ എൻ. ജെ ചാക്കോ എന്നിവർ നേതൃത്വം നൽകി. നബാർഡ് പുലിക്കാട് നീർത്തട പ്രദേശത്തെ നൂറോളം കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധനക്കായി സമാഹരിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രൊജക്റ്റ് കോ ഓർഡിനേറ്റർമാരായ ദീപു ജോസഫ്, ജാൻസി ജിജോ, അശ്വിൻ പീറ്റർ എന്നിവർ നേതൃത്വം നൽകി

**നബാർഡ് പുലിക്കാട് നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി സോഷ്യൽ ഓഡിറ്റ് ബോർഡ് സ്ഥാപിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് നീർത്തട പ്രദേശത്ത് നടപ്പിലാക്കിവരുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി സോഷ്യൽ ഓഡിറ്റ് ബോർഡ് സ്ഥാപിച്ചു. പദ്ധതിയുടെ കാര്യക്ഷമവും സുതാര്യവുമായ നിർവ്വഹണം ലക്ഷ്യം വെച്ചാണ് സോഷ്യൽ ഓഡിറ്റ് ബോർഡ് സ്ഥാപിച്ചത്. വരുന്ന 03 വർഷക്കാലം കൊണ്ട് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ, പദ്ധതികളുടെ ആകെ ചെലവ്, നബാർഡിൽ നിന്നും ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുക, ഗുണഭോക്തൃ വിഹിതം

എന്നിവ ഉൾപ്പെടുന്നതാണ് സോഷ്യൽ ഓഡിറ്റ് ബോർഡ്. സോഷ്യൽ ഓഡിറ്റ് ബോർഡിന്റെ അനാച്ഛാദനം മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മീനാക്ഷി രാമൻ, നബാർഡ് ജില്ലാ മാനേജർ ആർ. ആനന്ദ് എന്നിവർ ചേർന്ന് നിർവഹിച്ചു. വയനാട് ജില്ലാ പഞ്ചായത്ത് മെമ്പർ ജിൽസൺ തൂപ്പുംകര, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ജില്ലാ മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പ് സീനിയർ സയന്റിസ്റ്റ് രവി എം, എടവക ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ഷിൽസൺ മാത്യു, ജെസ്സി വർഗ്ഗീസ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ, ജില്ലാ മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് റിസർച്ച് അസ്സോസിയേറ്റ് അഖിൽ പി, ഫീൽഡ് അസ്സോസിയേറ്റ് ആന്റണി പി. പി, പുലിക്കാട് നീർത്തട വികസന സമിതി പ്രസിഡന്റ് വർഗ്ഗീസ് കെ. ജെ, സെക്രട്ടറി സിനോജ് പി. ജെ, കൃഷി വകുപ്പ് റിട്ടയേർഡ് ഡെപ്യൂട്ടി ഡയറക്ടർ കെ മമ്മൂട്ടി, മധുവനം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ എൻ. ജെ. ചാക്കോ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രൊജക്റ്റ് കോ ഓർഡിനേറ്റർമാരായ ദീപു ജോസഫ്, ജാൻസി ജിജോ, അശ്വിൻ പീറ്റർ, നീർത്തട വികസന സമിതി അംഗങ്ങൾ, നീർത്തട സമൂഹം എന്നിവർ പങ്കെടുത്തു

**കാരിത്താസ് സേഫ് വിത്തിൻ പദ്ധതിയുടെ ഭാഗമായി ടാസ്ക് ഫോഴ്സ് ഉദ്ഘാടനവും യുവജനദിനാചരണവും സംഘടിപ്പിച്ചു**

കാരിത്താസ് ഇന്ത്യയുടെ സേഫ് വിത്തിൻ പദ്ധതിയുടെ ഭാഗമായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ ചുള്ളിയാന പാരീഷ് ഹാളിൽ ടാസ്ക് ഫോഴ്സ് ഉദ്ഘാടനവും യുവജനദിനാചരണവും സംഘടിപ്പിച്ചു. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസ്മ കെ.കെ. പരിപാടി ഉദ്ഘാടനം ചെയ്തു. സുരക്ഷിതവും പ്രതിരോധ ശേഷിയുള്ളതുമായ സമൂഹം നിർമ്മിക്കുന്നതിൽ യുവജനങ്ങളുടെ സജീവ പങ്കാളിത്തത്തിന്റെയും സാമൂഹിക ജാഗ്രതയുടെയും പ്രാധാന്യം അവർ ഉദ്ഘാടന പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അധ്യക്ഷത വഹിച്ചു. പ്രാദേശിക

തലങ്ങളിൽ ഉയർന്ന് വരുന്ന സാമൂഹിക വെല്ലുവിളികളെ നേരിടുന്നതിനായി ഉത്തരവാദിത്വമുള്ള സന്നദ്ധപ്രവർത്തകരെയും ടാസ്ക് ഫോഴ്സ് അംഗങ്ങളെയും വളർത്തിയെടുക്കുന്നതിൽ സേഫ് വിത്തിൻ പദ്ധതിയുടെ പ്രസക്തി അദ്ദേഹം വിശദീകരിച്ചു.

മാനന്തവാടി ഫയർ & റെസ്ക്യൂ സ്റ്റേഷൻ ഓഫീസർ ശ്രീ. നിതീഷ് കുമാർ മുഖ്യപ്രഭാഷണം നടത്തി. അടിയന്തരാവസ്ഥകളിലും പ്രതിസന്ധി ഘട്ടങ്ങളിലും സമൂഹത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് തയ്യാറെടുപ്പ്, കൂട്ടായ ഉത്തരവാദിത്വം എന്നിവയുടെ ആവശ്യകത അദ്ദേഹം ഓർമ്മിപ്പിച്ചു. യുവജന ദിനാചരണത്തിന്റെ ഭാഗമായി ദേശീയ അത്‌ലറ്റ് ശ്രീ. ആൽബിൻ സാജിന് മികച്ച നേട്ടങ്ങൾ കൈവരിച്ചതിന് യംഗ് അച്ചീവർ അവാർഡ് സമ്മാനിച്ചു. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോണി പുല്ലുമലയിൽ, ചുള്ളിയാന പാരീഷ് വികാരി റവ. ഫാ. സെബാസ്റ്റ്യൻ എലവനപ്പാറ, റവ. ഫാ. മനു പ്രസാദ്, WSSS പ്രോഗ്രാം ഓഫീസർ ശ്രീ. പി. എ. ജോസ് എന്നിവർ സംസാരിച്ചു. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ. അബീഷ് ആന്റണി ടാസ്ക് ഫോഴ്സ് അംഗങ്ങളുമായി സംവാദം നടത്തുകയും ഭാവി പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. സേഫ് വിത്തിൻ പദ്ധതി കോ ഓർഡിനേറ്റർമാരായ ശ്രീ. അശ്വിൻ പീറ്റർ, സിസ്റ്റർ ദിവ്യ ജോസഫ്, ബിഫ്രിംഗ് കോ ഓർഡിനേറ്റർമാരായ സിസ്റ്റർ ലില്ലി മാത്യു, സിസ്റ്റർ ഷൈനി ജോർജ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

**നബാർഡ് പുലിക്കാട് നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി മുട്ടക്കോഴികളെ വിതരണം ചെയ്തു**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് പ്രദേശത്ത് നടപ്പിലാക്കിവരുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി 46 കുടുംബങ്ങൾക്ക് മുട്ടക്കോഴികളെ വിതരണം ചെയ്തു. ഗ്രാമപ്രിയ ഇനത്തിൽ വരുന്ന 02 മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെയാണ് നൽകിയത്. വേഗത്തിലുള്ള വളർച്ചയും നല്ല രോഗ പ്രതിരോധവും ഉള്ള ഈ ഇനം കോഴികൾ ഒരു വർഷം 280 മുതൽ 300 മുട്ടവരെ ഇടും. കഠിനമായ ചൂടിനോടും തണുപ്പിനോടും പൊരുത്തപ്പെടാനുള്ള കഴിവ് മറ്റ് മുട്ടക്കോഴികളിൽ നിന്ന്

ഇവയെ വ്യത്യസ്തമാക്കുന്നു. ഗവൺമെൻറ് അംഗീകൃത പൗൾട്രി ഫാം ആയ പ്രതിഭ എഗ്ഗർ നേഴ്സറി ആൻഡ് പൗൾട്രി ഫാമിൽ നിന്നാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണത്തിനായി എത്തിച്ചത്. ഒരോ കുടുബത്തിനും 14 കോഴിക്കുഞ്ഞുങ്ങളെ ആണ് വിതരണം ചെയ്തത്. വിതരണ ഉദ്ഘാടനം എടവക ഗ്രാമ പഞ്ചായത്ത് മെമ്പർ ജെസ്സി വർഗ്ഗീസ് നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ അദ്ധ്യക്ഷത വഹിച്ചു. കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ രീതിയിൽ ഗ്രാമപ്രിയ ഇനം മുട്ടക്കോഴി വളർത്തു ന്നതിനെ കുറിച്ച് പരിശീലനവും നൽകി. പരിശീലനത്തിൽ അമ്പല വയൽ വെറ്റിനറി ഹോസ്പിറ്റലിലെ ഡോക്ടർ അമാലിൻ മരിയ, പ്രതിഭ എഗ്ഗർ നഴ്സറി ആൻഡ് പൗൾട്രി ഫാമിലെ മാനേജർ ഗീത വിജയൻ എന്നിവർ ക്ലാസുകൾ എടുത്തു. പുലിക്കാട് വില്ലേജ് നീർത്തട സമിതി പ്രസിഡന്റ് വർഗ്ഗീസ് കെ. ജെ ,കൺവീനർ സിനോജ് പി. ജെ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കോ ഓർഡിനേറ്റർമാരായ ദീപു ജോസഫ്, ജാൻസി ജിജോ, അശ്വിൻ പീറ്റർ എന്നിവർ നേതൃത്വം നൽകി.

**നബാർഡ് മുള്ളൻകൊല്ലി നീരുറവ സംരക്ഷണ പദ്ധതി പ്രദേശം കാസർഗോഡ് ടീം സന്ദർശിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് കഴിഞ്ഞ 03 വർഷങ്ങളിലായി നടപ്പിലാക്കിവരുന്ന നീർത്തട വികസന പദ്ധതി നേരിട്ട് കണ്ട് മനസ്സി ലാക്കുന്നതിന് കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമ പഞ്ചായ ത്തിൽ ഉൾപ്പെടുന്ന ചിറ്റാരിമല നീരുറവ സംരക്ഷണ പദ്ധതി ടീം സന്ദർശനം നടത്തി. വാർഡ് മെമ്പർ സുപ്രിയ ശിവദാസ്, കൃഷി ഓഫീസർ മധുസൂദനൻ വി. വി., ഈ പദ്ധതിയുടെ സഹായ സംഘട നയായി പ്രവർത്തിക്കുന്ന സെന്റർ ഫോർ റിസേർച്ച് ആൻഡ് ഡെവലപ് മെന്റ് പ്രോഗ്രാം ഓഫീസർ ഇ. സി ഷാജി, പ്രോഗ്രാം കോർഡി നേറ്റർ വിമല വി. പി, വില്ലേജ് നീർത്തട കമ്മിറ്റി അംഗങ്ങൾ എന്നിവർ ആയിരുന്നു ടീമിൽ ഉണ്ടായിരുന്നത്. സന്ദർശനത്തിന്റെ ഭാഗമായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോ റിയത്തിൽ നടന്ന പരിശീലനത്തിൽ വയനാട് സോഷ്യൽ സർവീസ്

സൊസൈറ്റിയുടെ വികസന മേഖലയിലെ ഇടപെടലുകളെക്കുറിച്ച് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, നബാർഡ് മുള്ളൻകൊല്ലി നീരുറവ പദ്ധതിയെക്കുറിച്ച് പ്രോഗ്രാം ഓഫീസർ ജോസ് പി. എ. എന്നിവർ ക്ലാസുകൾ എടുത്തു. മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് വില്ലേജ് നീർത്തട വികസന സമിതി അംഗങ്ങളുമായും, പ്രശസ്ത ജൈവകർഷകനായ ജോൺ മാസ്റ്ററുമായും ടീം സംവാദിക്കുകയുണ്ടായി. കൂടാതെ നീരുറവ സംരക്ഷണം, മൺകയ്യാലകൾ, കല്ല് കയ്യാലകൾ, നീർകുഴികൾ, മഴവെള്ള സംഭരണി, കിണർ റീചാർജിങ്, ജൈവവള നിർമ്മാണ യൂണിറ്റ്, പച്ചക്കറി നേഴ്സറി, ഭക്ഷ്യ സംസ്കരണ യൂണിറ്റ്, കോഴിവളർത്തൽ, ചെറുകിട ജലസേചനം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ മനസ്സിലാക്കി. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം കോ ഓർഡിനേറ്റർമാരായ റോബിൻ ജോസഫ്, അശ്വിൻ പീറ്റർ, വില്ലേജ് നീർത്തട വികസന സമിതി പ്രസിഡന്റ് പി. ആർ. സുനിൽ കുമാർ, സെക്രട്ടറി സൗമിനി കെ. കെ. എന്നിവർ നേതൃത്വം നൽകി.

**ആഭരണനിർമ്മാണം: സംരഭകത്വ പരിശീലന പരിപാടി നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള സ്റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (കസാഫി) എന്നിവയുടെ സാമ്പത്തികസഹായത്തോടെ ആഭരണ നിർമ്മാണം എന്ന വിഷയത്തിൽ സംരംഭകത്വ പരിശീലന പരിപാടി നടത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി. എ. ജോസിന്റെ അധ്യക്ഷതയിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടിവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം നിർവഹിച്ചു. കസാഫി ജില്ലാ കോഡിനേറ്റർ വരുൺ ടി. പി പദ്ധതി വിശദീകരണം നടത്തി. റീജ റെജി പരിശീലനത്തിന് നേതൃത്വം നൽകി. പരിശീലനത്തിന് ശേഷം ഇവ വ്യാവസായിക രീതിയിൽ ഉൽപാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള സ്റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂ

ഷൻസ് (കസാഫി) എന്നിവർ ഒരുക്കി. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കസാഫി കോ ഓർഡിനേറ്റർ അനഘ ജോസ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രൊജക്റ്റ് കോ ഓർഡിനേറ്റർമാരായ ജാൻസി ജിജോ, ആലിസ് സിസിൽ, ബിൻസി വർഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഉന്നതി ജെൽ സുരക്ഷ പദ്ധതി പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് സാങ്കേതിക പഠനം ആരംഭിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളമില്ലാത്ത ആദിവാസി ഭവനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയായ ഉന്നതി ജെൽ സുരക്ഷ പദ്ധതിയുടെ വിശദമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് സാങ്കേതികപഠനം ആരംഭിച്ചു. തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ കുനിക്കോട്, നാഗമന, ദംപട്ട, മധ്യപാടി, അഞ്ചുപൊതി, കുന്നിയൂർ, എടയൂർക്കുന്ന് എന്നീ ഉന്നതികളിലും നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മായിക്കര, മാടക്കുന്ന്, അബേദ്കർ മണലിമൂല, മാടപ്പുര, ഓടൻകൊല്ലി, കോളൂർ എന്നീ ഉന്നതികളിലുമാണ് സമഗ്ര കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കുക. ഇതിന്റെ ഭാഗമായി രണ്ട് പഞ്ചായത്തുകളിലും അടിസ്ഥാന വിവരശേഖരണം പൂർത്തീകരിച്ചിരുന്നു. അതിന്റെ തുടർച്ചയായാണ് സാങ്കേതിക പഠനം നടത്തി പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നത്. സാങ്കേതിക വിവരങ്ങൾ ശേഖരിക്കുന്നതിനും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനും സീനിയർ എഞ്ചിനീയർ തോമസ് സെബാസ്റ്റ്യൻ, ടീം ലീഡർ ദീപു ജോസഫ്, നൂൽപ്പുഴ പ്രൊജക്റ്റ് ഹെഡ് ബിജു കെ. സി, ജൂനിയർ എൻജിനീയർ നീരജ സുരേന്ദ്രൻ, കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർമാരായ അഷ്ജാൻ സണ്ണി, ജയന ഒ. പി, നിമിഷ മോൻസി, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകിവരുന്നു.

**SWS മീറ്റിംഗ്**

മംഗലശ്ശേരി, ചുങ്കക്കുന്ന്, ജൂഡ്സ്മൗണ്ട്, പോരൂർ, കുറുമണി, ഒഴുക്കന്മൂല, യവനാർകുളം, ചുള്ളിയാന, അരിഞ്ചേർമല, സീതാമൗണ്ട്, കൊട്ടിയൂർ, കണിയാരം, എടയൂർകുന്ന്, പടമല, കമ്മന, ആറാട്ടുതറ, തൃശ്ശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, ഒണ്ടയങ്ങാടി, നടവയൽ,

പാൽച്ചുരം, കുഞ്ഞോം, നിരവിൽപുഴ, പാറത്തോട്ടം, ഏലപ്പിടിക, തവിഞ്ഞാൽ, വാളേരി, അമ്പായത്തോട്, കല്ലോടി, പട്ടാണികൂപ്പ്, കബനിഗിരി, കല്ലോടി, നിരവിൽപ്പുഴ, എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫെയർ സൊസൈറ്റി യോഗങ്ങൾക്ക് റവ. ഫാ. പോൾ കൂട്ടാല, റവ. ഫാ. സജി പാലിയത്തിൽ, റവ. ഫാ. ജിനോജ് പാലത്തടത്തിൽ, റവ. ഫാ. ജോസ് കപ്യാരുമലയിൽ, SWS കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധങ്ങളായ പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ വാളാട്, കോട്ടത്തറ, കാവുംകുന്ന്, ചെറുവേരി, കാപ്പികുന്ന് എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുൽപ്പന്ന നിർമ്മാണ പരിശീലനം നടത്തി**

വടക്കനാട്, മുള്ളൻകൊല്ലി, മുട്ടിൽ, ആനപ്പാറ, കോടഞ്ചേരി, മാനന്തവാടി, ആലാറ്റിൽ എന്നീ സ്ഥലങ്ങളിൽ സോപ്പുല്പന്ന നിർമ്മാണ പരിശീലനം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം
(Department for Labour and Welfare - Diocese of Mananthavady)

**വെൽഫയർ ടീം രൂപീകരണം**

ഇടവകാതലത്തിൽ ജീവസ്സ് & കെ. എൽ. എം. പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനും സാമൂഹ്യ സുരക്ഷാ പദ്ധതികൾ കുടുംബങ്ങളിലേക്ക് എത്തിക്കുന്നതിനും പാരീഷ് കോഡിനേറ്ററുടെ നേതൃത്വത്തിൽ ജീവസ്സ് വെൽഫയർ ടീമിന് രൂപം നല്കുന്നു. ഇടവകയിലെ ഓരോ കുടുംബ കൂട്ടായ്മയിൽ നിന്നും ഒരാളെ വീതം ഇതിലേക്ക് കണ്ടെത്തണം. ഫെബ്രുവരി മാസത്തിൽ ഇവർക്ക് പരിശീലനം നൽകുന്നതാണ്. ഇക്കാര്യങ്ങൾ രൂപതാ വൈദിക സമ്മേളനത്തിലും വൈദികരുടെ ഫൊറോനാതല മാസധ്യാനത്തിലും ചർച്ച ചെയ്തിട്ടുള്ളതാണ്. ആയതിനാൽ പാരിഷ് കോഡിനേറ്റർമാർ വികാരിയച്ചൻമാരുമായി ആലോചിച്ച് ടീം രൂപീകരണത്തിന് മുൻകൈ എടുക്കുകയും ലിസ്റ്റ് ഫെബ്രുവരി 10-ന് മുമ്പ് രൂപതാ ഓഫീസിലേക്ക് നല്കുകയും ചെയ്യണമെന്നറിയിക്കുന്നു.

**പാരീഷ് കോഡിനേറ്റർ പുനർനിയമനം**

പാരീഷ് കോഡിനേറ്റർമാരായിട്ടുള്ളവരിൽ താല്പര്യമുള്ളവരെ നിലനിർത്താനും അല്ലാത്തവർക്ക് പകരം ആളെ കണ്ടെത്തി നിയമിക്കാനും വൈദിക സമ്മേളനത്തിൽ തീരുമാനിച്ചിട്ടുണ്ട്. സമുദായ ശാക്തീകരണ വർഷാചരണത്തോടനുബന്ധിച്ച് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഇടവകയിൽ നടപ്പാക്കാൻ പാരീഷ് കോഡിനേറ്റർമാർ സജീവമാകേണ്ടതുണ്ട്. നിലവിൽ ഭൂരിപക്ഷം പേരും താല്പര്യപൂർവ്വം പ്രവർത്തിക്കുന്നവരാണ്. ചില സ്ഥലങ്ങളിൽ കോഡിനേറ്റർ സ്ഥലത്തില്ലാതിരിക്കുകയും അപൂർവം ചിലർ ഇതുവരെ ഒരു കാര്യത്തോടും പ്രതികരിക്കാതെയുമുണ്ട്. അതിനാലാണ് പുനഃസംഘാടനം നടത്തുന്നത്. ഫെബ്രുവരി ആദ്യവാരം ഇവരുടെ യോഗം രൂപതാതലത്തിൽ ചേരുന്നതാണ്.

**ജീവസ്സ് ഫാമിലി ഹെൽത്ത് കെയർ**

കഴിഞ്ഞ വർഷം ആരംഭിച്ച ഫാമിലി ഹെൽത്ത് കെയർ ആരോഗ്യ ഇൻഷൂറൻസിൽ അംഗങ്ങളായവർ മാർച്ച് 30-ന് മുമ്പ്

പുതുക്കേണ്ടതുണ്ട്. അതിനാൽ ഇവർ മാർച്ച് 15-ന് മുമ്പ് പ്രീമിയം തുക പൂർണ്ണമായും ജീവസ്സിന്റെ രൂപതാ ഓഫിസിലോ ബാങ്ക് അക്കൗണ്ടിലേക്കോ അടയ്ക്കണമെന്ന് അറിയിക്കുന്നു. രണ്ട് ഘഡുക്കളായും അടയ്ക്കാവുന്നതാണ്. പോളിസി ഉടമകളെ ഓഫീസിൽ നിന്നും നേരിൽ വിളിക്കുന്നതാണ്. എങ്കിലും പാരീഷ് കോഡിനേറ്റർമാർ ഇക്കാര്യം ഇടവകയിൽ നിന്നും ഇതിൽ ചേർന്നവരെ അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

**പുതിയ അംഗത്വം**

ആരോഗ്യ ഇൻഷുറൻസിൽ പുതുതായി ചേരാൻ താൽപര്യപ്പെടുന്നവരുണ്ടെങ്കിൽ അറിയിച്ചാൽ ഉൾപ്പെടുത്താവുന്നതാണ്. പോളിസി ഉടമയുടെ പ്രായം, അംഗങ്ങളുടെ എണ്ണം ഇവയ്ക്കനുസരിച്ച് പ്രീമിയം വ്യത്യാസപ്പെടും. പ്രസ്ഥാനം ഭാഗികമായ സാമ്പത്തീക സഹായം നല്കുന്നതാണ്. അഞ്ച് ലക്ഷമായിരിക്കും കവറേജ്.

**ക്ഷേമനിധി**

തയ്യൽ തൊഴിലാളി, നിർമ്മാണ തൊഴിലാളി എന്നീ ക്ഷേമനിധിയിൽ അംഗത്വം എടുത്തവരുടെ പുതുക്കൽ 70% പൂർത്തിയായി. അംശാദായ അടവ് കൃത്യമായി നടന്നുവരുന്നു. ഈ മാസം പുതുതായി അഞ്ചുപേർക്ക് അംഗത്വം ലഭിച്ചു. 3 അംഗങ്ങൾക്ക് പെൻഷൻ അപേക്ഷ സമർപ്പിച്ചു.

**സ്വാവലമ്പൻ പദ്ധതി പുതുക്കൽ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലമ്പനിൽ ചേർന്നവരുടെ 2025-26 വർഷത്തെ പുതുക്കൽ നടപടി തുടരുന്നു. 2026 ജനുവരി 25 എന്നത് ഫെബ്രുവരി 10 വരെ കാലാവധി നീട്ടി തന്നിട്ടുണ്ട്. പദ്ധതിയിൽ ചേർന്ന് 60 വയസ്സ് പൂർത്തിയായ 12 പേരുടെ അപേക്ഷ ഈ മാസം സമർപ്പിച്ചു. ഇതിനോടകം 248 പേർക്ക് ആനുകൂല്യം ലഭിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. SAFP -FDP പ്രോജക്ട് വിവരശേഖരണം**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ട് NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുവാൻ അനുയോജ്യരായ ആളുകളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഫീൽഡ് വിസിറ്റും, വിവരശേഖരണവും NDS അസി. ഡയറക്ടർ ഫാ. നിഷ്വിൻ തേൻപള്ളിയുടെ നേതൃത്വത്തിൽ, SAFP ഫീൽഡ് കോഡിനേറ്റർ ശ്രീമതി റ്റിൻസി നടത്തി വരുന്നു. ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിലെ പാട്ടവയൽ, കൽപ്ര, ബിദർക്കാട്, നെല്ലാക്കോട്ട, ഉപ്പട്ടി, പൊന്നാനി, മേഫീൽഡ്, ദേവർഷോല, ദേവാല, നാടുകാണി പ്രദേശങ്ങളിലുള്ള യോഗ്യരായ കുടുംബങ്ങളെ കാണുകയും വിവരശേഖരണം നടത്തുകയും ചെയ്യുന്നു. നാളിതുവരെ ഈ പ്രോജക്ടിന് അർഹരായ 103 കുടുംബങ്ങളെ കണ്ടെത്തി അവരുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**2. SAFP - FDP Training Program**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായി NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരി ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട സംശയ നിവാരണങ്ങൾക്കായി ഒരു ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടി SAFP എറണാകുളം ഓഫീസിൽനിന്നും നടത്തപ്പെട്ടു. പരിശീലന പരിപാടിക്ക് ബഹു. ആന്റണി അച്ചനും, പ്രോഗ്രാം മാനേജർ ക്രിസ്റ്റിൻ ജോസഫും നേതൃത്വം നല്കി. SAFP പ്രോജക്ട് കോഡിനേറ്റർ ശ്രീമതി റ്റിൻസി പരിശീലന പരിപാടിയിൽ പങ്കെടുത്തു.

**3. SAFP CDP- Drinking Water Project Proposal**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രേഗ്രാമിന്റെ ഭാഗമായി NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരി

ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ശുദ്ധമായ കുടിവെള്ള പദ്ധതിയെകുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുകയും SAFP ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. നീലഗിരി ജില്ലയിൽ ശുദ്ധമായ കുടിവെള്ളത്തിന് പ്രയാസം അനുഭവിക്കുന്ന 500 കുടുംബങ്ങൾക്ക് വാട്ടർ ഫിൽട്ടർ വിതരണം ചെയ്യുവാനും അതുവഴി അവരുടെ കുടിവെള്ള പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കാണുവാനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

**4. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

NDS ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പെയിൻ & പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കയ്യൂന്നി, പെരുമ്പള്ളി, ബെക്കി, കുന്നലാടി പ്രദേശങ്ങളിൽ നടത്തപ്പെട്ടു. പെരുമ്പള്ളിയിൽ വീടുകളിൽ പോയി ബി. പി, ഷുഗർ, SPO2 എന്നിവ പരിശോധിച്ചു. Catheterization ആവശ്യമുണ്ടായിരുന്ന 4 രോഗികൾക്ക് അത് നല്കി. കൂടാതെ മൗത്ത് കെയർ & ബെഡ് ബാത്ത് എന്നിവയും ചെയ്തു. ക്യാൻസർ രോഗികളെ സന്ദർശിച്ച് ഡ്രസിംഗ് ചെയ്യുകയും, കിടപ്പു രോഗികൾക്ക് റൈൽസ് ട്യൂബ് ഇടുകയും ചെയ്തു.

**5. കരുണൈ ആംബുലൻസ് സർവ്വീസ്**

ഈ മാസം ആംബുലൻസ് പാട്ടവയൽ, ബത്തേരി, കൽപ്പറ്റ, കയ്യൂന്നി, കുന്നലാടി, ഗൂഡല്ലൂർ എന്നീ പ്രദേശങ്ങളിൽ രോഗികളുമായി പോകുകയും, നിർദ്ദനരായ രോഗികൾക്ക് ആംബുലൻസിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു.

**6. TAS - Psychological Wellness and Training Centre**

- **SSLC & +1 പരീക്ഷാ ഒരുക്ക സെമിനാർ**

10. 01. 2026 ന് മാനന്തവാടി സാൻജോ പബ്ലിക് സ്കൂളിലും 14.01.2026 ന് കണിയാമ്പറ്റ ഗവ. ഹൈസ്കൂളിലും ഈ വർഷം SSLC, +1 പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അർദ്ധദിന സെമിനാറും, പരീക്ഷ ഒരുക്ക ക്ലാസും നടത്തി. 10.01.2026 ന് മാനന്തവാടി സ്കൂളിൽ നടത്തപ്പെട്ട പരീക്ഷ ഒരുക്ക ക്ലാസിന് TAS ടീം അംഗങ്ങളായ ജിതിൻ, ശ്രുതി എന്നിവർ നേതൃത്വം കൊടുത്തു. 25 കുട്ടികളും അവരുടെ മാതാപിതാക്കളും ക്ലാസിൽ പങ്കെടുത്തു. 14.01.2026 ന് കണിയാമ്പറ്റ ഗവ. ഹൈസ്കൂളിൽ വെച്ച് +1 പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന 300 ഓളം കുട്ടികൾക്കും

അവരുടെ മാതാപിതാക്കൾക്കുമായി നടത്തിയ പരീക്ഷ ഒരുക്ക ക്ലാസിനും, മ്യൂസിക്കൽ തെറാപ്പി സെഷനും ശ്രീ. ജിതിൻ, ജോഷി എന്നിവർ നേതൃത്വം നല്കി. രാവിലെ 10.30 ന് ആരംഭിച്ച ക്ലാസും, മ്യൂസിക്കൽ തെറാപ്പി സെഷനും വൈകിട്ട് 4.30-ന് അവസാനിച്ചു.

**7. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**ബോസ്പാറ**

ബോസ്പാറ യൂണിറ്റിന്റെ എക്സിക്യൂട്ടീവ്, വിലയിരുത്തൽ മീറ്റിംഗുകൾ നടത്തി യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യൂണിറ്റിലും, എല്ലാ ഗ്രൂപ്പുകളിലും ക്രിസ്തുമസ് ആഘോഷം നടത്തുകയും, കലാപരിപാടികൾ നടത്തുകയും ചെയ്തു. 500 രൂപ വിലവരുന്ന വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ അടങ്ങിയ 2 കിറ്റ് പാവപ്പെട്ട 2 കുടുംബങ്ങൾക്ക് നല്കി. പ്രതീക്ഷ ഗ്രൂപ്പംഗങ്ങളുടെ നേതൃത്വത്തിൽ ഷുഗർ രോഗിയായ പുതുക്കുളത്തിൽ അന്നമ്മയെ സന്ദർശിച്ചു.

**വിമലഗിരി**

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. യൂണിറ്റിലും, ഗ്രൂപ്പുകളിലും ക്രിസ്തുമസ് ആഘോഷം നടത്തി, കേക്ക് മുറിക്കുകയും, ക്രിസ്തുമസ് സന്ദേശം നല്കുകയും ചെയ്തു. പച്ചക്കറിത്തോട്ട നിർമ്മാണം പൂർത്തിയാക്കുകയും, ആദ്യഘട്ടമായി നട്ട പച്ചക്കറി വിളവെടുപ്പ് നടത്തുകയും ചെയ്തു. രോഗീ സന്ദർശനവും, ആശുപത്രി സന്ദർശനവും നടത്തുകയും ചെയ്തു.

**കൽപ്ര**

കൽപ്ര യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് കമ്മിറ്റി മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തുകയും യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും, കണക്കും അവതരിപ്പിക്കുകയും ചെയ്തു. യൂണിറ്റ് തലത്തിലും, ഗ്രൂപ്പ് അടിസ്ഥാനത്തിലും ക്രിസ്തുമസ് ആഘോഷം നടത്തി. ക്രിസ്തുമസിനോട് അനുബന്ധിച്ച് SIGWE കേക്ക് 191 ബോക്സ് കേക്കും, 25 കിലോ കേക്ക് പീസും ഓർഡറെടുത്ത്

വിതരണം ചെയ്തു. കമ്മറ്റികാർക്ക് 1500 രൂപ വിലവരുന്ന സമ്മാനങ്ങൾ വിതരണം ചെയ്തു. പാവപ്പെട്ട കുടുംബങ്ങൾക്ക് ക്രിസ്തുമസ് കേക്ക് വിതരണം ചെയ്തു.

**ധർമ്മഗിരി**

ധർമ്മഗിരി യൂണിറ്റിന്റെ കർമ്മസമിതി മീറ്റിംഗും ഇവാലുവേഷൻ മീറ്റിംഗും ഒരേ ദിവസം നടത്തപ്പെട്ടു. ഈ മാസം മൂന്നു യൂണിറ്റ് ലോണുകൾ പാസാക്കി. ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി ഒരു പാവപ്പെട്ട കുടുംബത്തിനെ യൂണിറ്റിലേക്ക് ക്ഷണിക്കുകയും അവരോടൊപ്പം ക്രിസ്തുമസ് ആഘോഷിക്കുകയും, അവർക്ക് ഡ്രസ് വാങ്ങി നൽകുകയും ചെയ്തു. രോഗീസഹായമായി 3500 രൂപ നല്കി. കമ്മറ്റിയംഗങ്ങൾ ആലുവായിലേക്ക് വിനോദയാത്ര നടത്തി. യൂണിറ്റ് ഫണ്ട് ശേഖരണാർത്ഥം നടത്തുന്ന രണ്ട് ചിട്ടികളുടെയും നടത്തിപ്പ് നല്ല നിലയിൽ നടക്കുന്നു. ഗ്രൂപ്പുകൾ മാസമീറ്റിംഗ് നടത്തുകയും നിക്ഷേപ സമാഹരണം, ക്രെഡിറ്റ് യൂണിയൻ സമാഹരണം, ലോൺ തിരിച്ചടവ് എന്നിവ കൃത്യമായി നടത്തിവരുകയും ചെയ്യുന്നു.

**കയ്യൂന്നി**

കയ്യൂന്നി യൂണിറ്റിന്റെ നേതൃത്വത്തിൽ കമ്മിറ്റി മീറ്റിംഗ്, ഇവാലുവേഷൻ മീറ്റിംഗ് എന്നിവ നടത്തപ്പെട്ടു. കയ്യൂന്നി യൂണിറ്റ് കമ്മിറ്റിയിലെ മുതിർന്ന അംഗമായ കുര്യൻ സി. വി കേക്ക് മുറിച്ചു. പ്രസിഡന്റ് ശ്രീ. കെ. എം. ജോസഫ് ഏവർക്കും ആശംസകൾ നേർന്നു. എല്ലാ ഗ്രൂപ്പുകളിലും കേക്ക് മുറിച്ച് അംഗങ്ങൾ ക്രിസ്തുമസ് ആഘോഷിച്ചു. ജീവ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ 20 അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 6 ദിവസത്തെ കൃഷിപഠന ക്ലാസ് സംഘടിപ്പിച്ചു. സൺലൈറ്റ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പച്ചിലവള നിർമ്മാണത്തെക്കുറിച്ച് ക്ലാസ് സംഘടിപ്പിച്ചു.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**

ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

## കത്തോലിക്കാ കോൺഗ്രസ്സ് AKCC




### സമുദായ ശക്തീകരണ വർഷം

2026 സീറോ മലബാർസഭ സമുദായശക്തികരണ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. സമുദായത്തിന്റെ ഔദ്യോഗിക സമുദായസംഘടനയായ കത്തോലിക്ക കോൺഗ്രസിന് ഈ വർഷം ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. സമുദായത്തെ ഒറ്റക്കെട്ടായി നയിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വം സംഘടനക്കുണ്ട്. അതനുസരിച്ച് നമ്മുടെ കർമ്മ പരിപാടികൾ ഇടവക, ഫൊറോനാ, രൂപതാ തലങ്ങളിൽ ആലോചിച്ചു നടപ്പിലാക്കേണ്ടതായിട്ടുണ്ട്. മാനന്തവാടി രൂപത സമുദായ ശക്തികരണ വർഷ കമ്മറ്റിയോട് ചേർന്ന് നമ്മുടേതായിട്ടുള്ള സംഭാവനകൾ സഭയ്ക്കും സമുദായത്തിനും നൽകുവാൻ എല്ലാ കത്തോലിക്കാ കോൺഗ്രസ് നേതാക്കന്മാരെയും ആഹ്വാനം ചെയ്യുകയാണ്.

### ജനപ്രതിനിധികൾക്ക് സ്വീകരണം

മാനന്തവാടി രൂപതയിൽ നിന്ന് ഏകദേശം നൂറിലധികം ജനപ്രതിനിധികൾ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. എല്ലാവരെയും ഒരിക്കൽ കൂടി അഭിനന്ദിക്കുന്നു. വിവിധ ഫൊറോന കമ്മറ്റികൾ ജനപ്രതിനിധികൾക്ക് സ്വീകരണം നൽകി.

### ചുങ്കക്കുന്ന് ഫൊറോന

ചുങ്കക്കുന്ന് ഫൊറോന കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ, വിവിധ ഇടവകകളിലെ തെരഞ്ഞെടുക്കപ്പെട്ട ത്രിതല ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾക്ക് ചുങ്കക്കുന്ന് ഫാത്തിമമാതാ ദേവാലയ ഓഡിറ്റോറിയത്തിൽ വെച്ച് സ്വീകരണം നൽകി. ഫൊറോന കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് മാത്യു കൊച്ചുതറയിൽ അധ്യക്ഷത വഹിച്ചു. രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോന ഡയറക്ടർ ഫാ. ടോമി

പുത്തൻപുര അനുഗ്രഹ പ്രഭാഷണം നടത്തി. രൂപത ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ അനുമോദന പ്രസംഗം നടത്തി. ജോൺസ് കുര്യാക്കോസ്, ലിസി ജോസ്, സിസിലി കണ്ണന്താനം, ബിന്ദു എന്നിവർ പ്രസംഗിച്ചു. 18 ജനപ്രതിനിധി കളും സമ്മേളനത്തിൽ പങ്കാളികളായിരുന്നു.

**കല്ലോടി ഫൊറോന**

കത്തോലിക്ക കോൺഗ്രസ് നേതൃത്വത്തിൽ ജലപ്രതിനിധി കൾക്ക് സ്വീകരണവും നേതൃത്വ കൺവെൻഷനും നടത്തി. ക്രിസ്റ്റിനോ തോമസ് നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഫൊറോന ഡയറക്ടർ ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട്, അധ്യക്ഷൻ ആയിരുന്നു. ഫൊറോന സെക്രട്ടറി സെബാസ്റ്റ്യൻ ഇടവിൽ സ്വാഗതം പറഞ്ഞു. ഫൊറോന വികാരി റവ. ഫാ. സജി കോട്ടയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികളെ പൊന്നാടയ ണിയിച്ച് അഭിനന്ദിച്ചു. രൂപത പ്രസിഡന്റ് ജോൺസൺ തൊഴുത്തു ങ്കൽ അനുമോദന പ്രഭാഷണം നടത്തി. ഫൊറോന പ്രസിഡണ്ട് സേവ്യർ കൊച്ചുകുളത്തിങ്കൽ നന്ദി പറഞ്ഞു. *സമുദായ ശക്തീകരണം -പ്രസക്തി* എന്ന വിഷയത്തിൽ രൂപത ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ ക്ലാസ് നയിച്ചു. കത്തോലിക്കാ കോൺഗ്രസ് ചരിത്രം കർമ്മ പരിപാടികൾ എന്ന വിഷയത്തിൽ രൂപത ടീം മെംമ്പർ അനീഷ് ഓമക്കര ക്ലാസ് നയിച്ചു. കല്ലോടി യൂണിറ്റ് പ്രസിഡണ്ട് നന്ദി അർപ്പിച്ചു. 50 പ്രതിനിധികൾ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടെ കൺവെൻഷൻ സമാപിച്ചു.

ജോൺസൺ തൊഴുത്തുങ്കൽ<br>രൂപതാ പ്രസിഡണ്ട്

**ജില്ലാ ജയിൽ സന്ദർശനം**

18.12.2025 ന് മാനന്തവാടി ജില്ലാ ജയിലിൽ സന്ദർശനം നടത്തുകയും ക്രിസ്തുമസ് പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ക്രൈസ്തവരായ മൂന്ന് അന്തേവാസികൾക്കുവേണ്ടി വിശുദ്ധ കുമ്പസാരം, വിശുദ്ധ കുർബാന എന്നിവ നടത്തി. എല്ലാ അന്തേവാസികൾക്കും കേക്ക് കൊടുക്കുകയും ചെയ്തു. ജയിൽ സൂപ്രണ്ട് ഷൈജു സാർ കേക്ക് കട്ട് ചെയ്തു. വിശുദ്ധ കുർബാനയ്ക്കും കുമ്പസാരത്തിനും റവ. ഫാദർ ജോണി കപ്യാരുമലയിൽ കാർമികനായിരുന്നു. ഇതിന് ആവശ്യമായ ക്രമീകരണം ചെയ്തത് സിസ്റ്റർ ജെസ്ന, എഫ്. സി. സി, സിസ്റ്റർ പ്രീത റോസ് എഫ്. സി. സി എന്നിവരാണ്.

**ഫാ. ജോണി കപ്യാരുമലയിൽ**
ഡയറക്ടർ ജീസസ് ഫ്രറ്റേണിറ്റി

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചിലവളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസകീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

കർഷകരുടെ അംഗത്വം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമായി സർട്ടിഫിക്കേഷൻ ഏജൻസികൾ നിയോഗിച്ച ഉദ്യോഗസ്ഥർ ഫാർമർ വെരിഫിക്കേഷൻ നടത്തിവരുന്നു. ഇതുവരെ 2300 കർഷകരുടെ വെരിഫിക്കേഷൻ പൂർത്തീകരിച്ചു.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോ

വിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷ കർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററു മായി (എഇഒ) ബന്ധപ്പെടാവുന്നതാണ്.

**ഇന്റേണൽ ഇൻസ്പെക്ടർമാർക്ക് പരിശീലനം സംഘടിപ്പിച്ചു**

ബത്തേരി, നെന്മേനി, പുൽപള്ളി, നൂൽപ്പുഴ, മീനങ്ങാടി, ചേരങ്കോട്, ഓവാലി, ശ്രീമധുരൈ, നെല്ലാക്കോട്ട, അമ്പലവയൽ, കണിയാമ്പറ്റ, മുട്ടിൽ, എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഇന്റേണൽ ഇൻസ്പെക്ടർമാർക്ക് പരിശീലനം സംഘടിപ്പിച്ചു. സുൽ ത്താൻ ബത്തേരി അസംപ്ഷൻ ചർച്ച് പാരിഷ് ഹാളിൽ വച്ച് നടന്ന പരിശീലനത്തിൽ ജൈവ കാപ്പി കൃഷിരീതിയും മണ്ണിന്റെ ഘടനയും എന്നവിഷയത്തിൽ ശ്രീ. സജീഷ് ടി. വി., അഗ്രികൾച്ചർ ഓഫീസർ കൽപ്പറ്റ, NPOP സ്റ്റാൻഡേർഡ് എട്ടാം പതിപ്പ്, ഇന്റേണൽ ഓർഗാനിക് സ്റ്റാൻഡേർഡ് എന്നീ വിഷയങ്ങളിൽ ബയോവിൻ സർട്ടിഫിക്കേഷൻ & സസ്റ്റൈനബിലിറ്റി മാനേജർ ശ്രീമതി രമ്യ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ICS കോർഡിനേറ്റർ ശ്രീ. മാത്യു സെബാസ്റ്റ്യൻ, F-C-H- ശ്രീ. എൽദോ എ. കെ. എന്നിവർ സംസാരിച്ചു. പരിശീലനത്തിൽ 75 ഇന്റേണൽ ഇൻസ്പെക്ടർമാർ പങ്കെടുത്തു.

**NOP ഓഡിറ്റ് പൂർത്തീകരിച്ചു**

വരുന്ന ഒരു വർഷത്തേക്കുള്ള NOP സർട്ടിഫിക്കേഷൻ പുതു ക്കുന്നതിനായി പ്രോസസിങ്, ട്രേഡിങ്ങ്, ICS ഓഡിറ്റുകൾ എക്കോസെർട്ടിൽ നിന്നുള്ള ഓഡിറ്റർമാരായ ശ്രീ. മെൽവിൻ, ശ്രീ. മുരളി രാമപ്പ എന്നിവർ പൂർത്തീകരിച്ചു.

**കർഷക സെമിനാറുകൾ സംഘടിപ്പിച്ചു**

കോഫീ ബോർഡിന്റെ സഹകരണത്തോടെ ജൈവകൃഷി മാനദണ്ഡങ്ങൾ കർഷകരിലേക്ക് കൂടുതലായി എത്തിക്കുന്നതി നായി സെമിനാറുകൾ സംഘടിപ്പിച്ചു. മാനന്തവാടി, തെക്കുംതറ എന്നിവിടങ്ങളിൽ വച്ച് നടന്ന സെമിനാറുകളിൽ ഡോ. ജയശ്രീ, പ്രിൻസിപ്പൽ സൈന്റിസ്റ്റ് IISR , ഡോ. ഷംസുദ്ധീൻ പ്രിൻസിപ്പൽ സൈന്റിസ്റ്റ് ഈസ്റ്റർ എന്നിവർ ക്ലാസുകൾ നയിച്ചു. ICS കോർഡി നേറ്റർ ശ്രീ. മാത്യു ജോസഫ്, എ. ഇ. ഒമാർ എന്നിവർ പങ്കെടുക്കു

കയും പരിശീലനം നൽകുകയും ചെയ്തു. നൂറോളം കർഷകർ വിവിധ സെമിനാറുകളിലായി പങ്കെടുത്തു.

**സിഗ്വി – സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി, പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്വിയിലൂടെ (SIGWE - Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് മായംകലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം.

ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പു വരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായപൊടികളും ബ്രേയ്ക്ഫാസ്റ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്ട്ലെറ്റിൽ ഇവ ലഭ്യമാണ്.

**സിഗ്വി ബസാർ**

സിഗ്വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്വി ബസാറിലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്ത്തല വാർഡ് അടിസ്ഥാനത്തിൽ വീട്വീടാന്തരം നേരിട്ട് വിപണനം നടത്തുന്നതുമായിരിക്കും. ബയോവിൻ അഗ്രോ റിസേർച്ച് പത്താം വാർഷികത്തോടനുബന്ധിച്ച്, റീട്ടെയ്ൽ ബ്രാൻഡായ സിഗ്വിയിലൂടെ മായം കലരാത്ത ഉത്പന്നങ്ങൾ മിതമായ നിരക്കിൽ ജനങ്ങളിലേക്ക് എന്ന ലക്ഷ്യ

ത്തോടെ സിഗ്‌വി ഉത്പന്നങ്ങൾ കോമ്പോ പാക്കുകളായി വിപണിയിലെത്തിക്കുന്നു. ഇന്ത്യയിലെവിടെയും ആർക്കും വിപണനം നടത്തി വരുമാനമുണ്ടാക്കാം എന്നതാണ് പ്രത്യേകത. ഒക്ടോബർ 10 മുതൽ ഫെബ്രുവരി 10 വരെയാണ് കാലാവധി. ഉപഭോക്താക്കൾക്കും മികച്ച രീതിയിൽ വിപണനം നടത്തുന്ന വിപണനക്കാരനും നറുക്കെടുപ്പ് വഴി ആകർഷകമായ സമ്മാനങ്ങളും ഒരുക്കിയിട്ടുണ്ട്. സിഗ്വി കേക്ക്, ബേക്കറി ഉത്പനങ്ങൾ വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ക്രിസ്തുമസ് വിപണിയിലേക്കായി പ്ലം കേക്ക്, ക്യാരറ്റ് ഡേറ്റ്സ് കേക്ക് ഉത്പാദനം ആരംഭിച്ചു. കേരളത്തിനകത്തും പുറത്തുമായി മികച്ച വിപണി കണ്ടെത്തുന്നതിന് സാധിക്കുകയും ചെയ്തു. കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

Mr. ലൻസ് ഫിലിപ്പ്: 8921595366 (info@sigwe.in)

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുകവഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, UK, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലാൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**

ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**'റേഡിയോ മാറ്റൊലി'ക്ക് യുനെസ്കോയുടെ അംഗീകാരം**

മാതൃഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനും ഗോത്ര ഭാഷകളെ സംരക്ഷിക്കുന്നതിനും കേരളം നടപ്പിലാക്കുന്ന നൂതന പദ്ധതികൾക്ക് യുനെസ്കോയുടെ അംഗീകാരം. സാമ്പത്തിക-സാമൂഹിക ന്യൂനപക്ഷങ്ങളിലേക്കും ഭിന്നശേഷിക്കാരിലേക്കും അറിവ് എത്തിക്കാൻ കേരളം നടത്തുന്ന ശ്രമങ്ങളെ യുനെസ്കോയുടെ ഏറ്റവും പുതിയ 'ഭാഷാ മാറ്റേഴ്സ്' (Language Matters)റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചിരുന്നു. വയനാട് ജില്ലയിലെ ഗോത്ര വർഗ്ഗക്കാരുടെ ഭാഷാ സംസ്കാരം സംരക്ഷിക്കുന്നതിൽ 'റേഡിയോ മാറ്റൊലി' എന്ന കമ്മ്യൂണിറ്റി റേഡിയോ വഹിക്കുന്ന പങ്ക് നിസ്തുലമാണെന്ന് യുനെസ്കോ വിലയിരുത്തുന്നു. ഗോത്ര ഭാഷകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടികളിലൂടെ ആ വിഭാഗത്തിൽപ്പെട്ട ജനതയെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഈ ചാനലിന് സാധിക്കുന്നുണ്ട്. പ്രാദേശിക ഭാഷാ വൈവിധ്യങ്ങളെ നിലനിർത്തുന്നതിനുള്ള ഉത്തമ മാതൃകയായാണ് ഈ റേഡിയോ സ്റ്റേഷനെ റിപ്പോർട്ടിൽ അടയാളപ്പെടുത്തുന്നത്.

**റീജിയണൽ കമ്മ്യൂണിറ്റി റേഡിയോ സമ്മേളനം**

കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ റീജിയണൽ കമ്മ്യൂണിറ്റി റേഡിയോ സമ്മേളനം ജനുവരി 7, 8 തിയ്യതികളിൽ നടത്തി. കൊച്ചിയിൽ വെച്ച് നടന്ന സൗത്ത് സോൺ സമ്മേളനത്തിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. വിവിധ സെഷനുകളിൽ പങ്കെടുത്ത് റേഡിയോയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അനുഭവങ്ങളും നിർദ്ദേശങ്ങളും ഫാ. ബിജോ പങ്കുവെച്ചു.

**സുവർണജൂബിലി ആശംസകൾ**

പൗരോഹിത്യത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്ന റേഡിയോ മാറ്റൊലി സ്ഥാപക ഡയറക്ടർ റവ. ഫാ. തോമസ് ജോസഫ് തേരകത്തിന് റേഡിയോ മാറ്റൊലി കുടുംബം ആദരം നൽകി. ജില്ലാ പഞ്ചായത്തംഗം ജിൽസൺ തൂപ്പുംകര പൊന്നാട അണിയിക്കുകയും മോൺ. പോൾ മുണ്ടോളിക്കൽ സ്നേഹോപഹാരം കൈമാറുകയും ചെയ്തു.

**മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗ് നടത്തി**

റേഡിയോ മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളുടെ യോഗം 2025 ഡിസംബർ 22-ന് ഉച്ചകഴിഞ്ഞ് 2.30-ന് നടന്ന യോഗത്തിൽ മാനന്തവാടി രൂപതാ വികാരി ജനറാളും റേഡിയോ മാറ്റൊലി ചെയർമാനുമായ മോൺ. ഫാ. പോൾ മുണ്ടോളിക്കൽ അധ്യക്ഷത വഹിച്ചു.

**ജനപ്രതിനിധികൾക്ക് സ്വീകരണം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്തംഗം ജിൽസൺ തൂപ്പുംകര, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ഉഷാ വിജയൻ, മനോജ് നെട്ടറ, എടവക ഗ്രാമ പഞ്ചായത്ത് 13-ാം വാർഡ് മെമ്പർ സെറീന ടീച്ചർ എന്നിവർക്കാണ് സ്വീകരണം നൽകിയത്.

**ഗ്രാമ മാറ്റൊലി**

ജനുവരി 02-ന് തെക്കുംതറ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ആന്റ് ഗ്രാമീണ വായനശാലയുടെ ആഭിമുഖ്യത്തിൽ ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. പരിപാടിയിൽ വെച്ച് റേഡിയോ മാറ്റൊലി ശ്രോതാക്കളുടെ കൂട്ടായ്മയായ മാറ്റൊലിക്കൂട്ടം പുറത്തിറക്കിയ മാസിക വീണ്ടും സുരംഗ് പ്രകാശനം ചെയ്തു. പ്രദേശവാസികളുടെ വിവിധ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്ത് റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തു. ജനുവരി 15-ന് കോട്ടത്തറ വാളൽ ഗ്രാമത്തിൽ ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. പ്രദേശവാസികളുടെ വിവിധ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്ത് റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തു.

**പുതുവർഷ പരിപാടികൾ**

പുതുവർഷത്തോടനുബന്ധിച്ച് ഡയറക്ർ ലൈവ് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു.

**പ്രതീക്ഷകളുടെ 2026**

ശ്രോതാക്കളുടെ ആശംസകളും പ്രതീക്ഷകളും പങ്കുവെച്ചുകൊണ്ട് ഡിസംബർ 31 -ന് രാത്രി 10 മണി മുതൽ 1 മണി വരെ ഇഷ്ടഗാനങ്ങൾ പ്രക്ഷേപണം ചെയ്യുന്ന പരിപാടി പ്രതീക്ഷകളുടെ 2026 പ്രക്ഷേപണം ചെയ്തു.

**ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 22 -ന് മാറ്റൊലി ടീം ക്രിസ്തുമസ് ആഘോഷവും ക്രിസ്തുമസ് ഫ്രണ്ടിനുള്ള ഗിഫ്റ്റ് കൈമാറ്റവും നടത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

**Demise of Former Principal**

Dr. K. T. Varkey, the former Principal and the first Principal of the College, passed away on 31 December 2025. The entire college community deeply regrets his demise and gratefully remembers his invaluable contributions during the formative years of the institution. He laid a strong foundation and nurtured the academic culture that continues to guide the college today.

In remembrance of his life and service, the college conducted a Memorial Meeting on 5 January 2026. The Associate Manager and representatives of the teaching and non-teaching staff shared their heartfelt tributes, recalling his vision, leadership, and dedication to the growth of the institution.

**Annual Sports Meet 2025–26**

The Annual Sports Meet 2025–26 was successfully organized on 7 January 2026. The Department of Mathematics emerged as the overall champions, winning the First Prize, while the Department of Social Science – Economics secured the Runner-up position. The event witnessed enthusiastic participation from students and staff, promoting sportsmanship and teamwork.

**Best Paper Award**

Dr. Eldho K. J., Assistant Professor, Department of Computer Science, and Ms. Athira T. S., Research Scholar, received the Best Paper Award at a Springer Conference conducted at *PSG College of Technology* from 22 to 24 December 2025.

**Department/ Club Activities**

- The NCC Naval Unit organized a Christmas Day Celebration at *Ambedkar Unnathi* on 20 December 2025.
- The PG and Research Department of Computer Science

organized a Social Awareness and Christmas Celebration Programme at *Jeevandhara Rehabilitation Centre, Peruvaka* on 19 December 2025.

- The PG and Research Department of Mathematics conducted a Movie Screening and Quiz Competition as part of National Mathematics Day Celebrations on 19 December 2025.
- The Department of Social Science – Economics organized a Finishing School Programme titled "Economics with Data Analytics" on 19 December 2025.
- Jesus Youth, Mary Matha organized a One-Day Jesus Youth Christmas Programme on 20 December 2025.
- The Department of Commerce, in association with IQAC and the Skill Development Centre, conducted a Seminar on HR Management on 20 December 2025.
- The Department of Social Science – Economics organized a Social Awareness and Christmas Celebration – "MERRIMENT" at St. Anne's Old Age Home, Peruvaka on 22 December 2025.
- The PG and Research Departments of Mathematics, Physics, and Chemistry jointly organized a Social Awareness and Christmas Celebration at *Emmavus Villa, Thonichal* on 22 December 2025.
- NSS organized a Seven-Day Special Camp at *Sarvodaya HSS, Echome* from 25 to 31 December 2025.
- The Department of Commerce organized a Financial Inclusion Programme in association with *South Indian Bank* on 8 January 2026.
- The Career Guidance and Placement Cell conducted a Placement Drive on 8 January 2026.
- The PG and Research Department of Computer Science, in association with IQAC, conducted a Workshop on "How Modern Apps Are Built: Flutter Live Session" on 9 January 2026.

- The Department of English organized an Acting Workshop on 14 January 2026.
- The Department of English, in association with the Skill Development Centre, organized an Invited Talk on "Language Skills and Employability: Navigating Contemporary Careers" on 13 January 2026.
- NSS organized a Flash Mob as part of the Youth Day Programme on 14 January 2026.
- The PG and Research Department of Mathematics, Department of Social Science – Economics, and Department of Chemistry, in association with Edwin Academy, organized a Workability and Industrial Training Programme on 14 January 2026.

**Student and Alumni Achievements**

- Mohammed Suhail (II BSc Computer Science), Muhammed Sabith (II BA Functional English), and Muhammed Sinan (II BA Functional English) were selected for an Internship at the Kerala Institute of Labour and Employment.
- LCPL Abhiya George successfully completed an Adventure Course conducted at the *Nehru Institute of Mountaineering (NIM), Uttarakhand.*
- Sangeerth Muraili (II BSc Computer Science) secured Second Place in the District-Level 60 kg Junior Bodybuilding Competition.
- Dersana (BA Functional English, 2016–19 Batch) secured Rank 8 in the Laboratory Assistant Examination.
- SGT Jerin Joseph successfully completed the Army Attachment Camp held from 22 to 31 December 2025.

**Prof. Thomas Monoth**
Principal

FEDAR FOUNDATION
COMPANION TO YOUR FUTURE

## ഫെഡാർ ഫൗണ്ടേഷൻ

**ജർമ്മൻ പ്രോഗ്രാം**

ഫെഡാർ ലാംഗ്വേജ് സ്കൂളുകളിൽ പഠിച്ച മൂന്ന് വിദ്യാർത്ഥികൾ B2 പരീക്ഷയിൽ വിജയിച്ചു. ഫെഡാർ ക്യാമ്പസിൽ ജർമ്മൻ പഠിച്ചിരുന്ന നഴ്സിംഗ് കഴിഞ്ഞ വിദ്യാർത്ഥികൾ അവരുടെ പഠനം വിജയകരമായി പൂർത്തിയാക്കി മടങ്ങുകയും പരീക്ഷയ്ക്ക് തയ്യാറെടുക്കുകയും ചെയ്യുന്നു. നടവയൽ ഫൊറോനയിലെ വിദ്യാർത്ഥികൾക്കായി ഞായറാഴ്ചകളിൽ വേദപാഠത്തിന് ശേഷം ജർമ്മൻ ഭാഷാ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. ജനുവരി 25- ന് കാട്ടിക്കുളം ക്യാമ്പസിൽ പുതിയ ബാച്ച് ആരംഭിച്ചു. ഫെബ്രുവരി 15- ന് കുഞ്ഞോം ക്യാമ്പസിൽ പുതിയ ബാച്ച് ആരംഭിക്കുന്നു. അഡ്മിഷനും അന്വേഷണങ്ങൾക്കും വിളിക്കുക: 6238862380, 6235372134.

**ഫെഡാർ കണക്ട്**

മീനങ്ങാടി, പയ്യമ്പള്ളി, കുറുമ്പാല , വാകേരി എന്നി ഇടവകകളിലെ കുട്ടികളെ ഫെഡാർ  കണക്റ്റ് സിസ്റ്റേഴ്സ് പാരിഷ് വിസിറ്റിന്റെ ഭാഗമായി സന്ദർശിച്ചു. ജനുവരി 7- ന് ചങ്ങനാശ്ശേരിയിൽ നിന്ന് മൂന്ന് വൈദികരും ഒരു അല്മായനും അടങ്ങുന്ന ടീം ഫെഡാർ കണക്റ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി സന്ദർശനം നടത്തി. കർണാടകയിൽ ഈ വർഷം ഡിഗ്രി കോഴ്സുകൾ പഠിക്കാൻ (പ്രത്യേകിച്ച് ഒരുപാട് പേർ പഠിക്കുന്ന നഴ്സിംഗ്) ആഗ്രഹിക്കുന്ന കുട്ടികൾക്കുള്ള രജിസ്ട്രേഷൻ ജനുവരി 17 മുതൽ ആരംഭിച്ചിട്ടുണ്ട്. എക്സാം തീയതി ഏപ്രിൽ 23, 24.

**TECLESIA**

ജനുവരി 14, 21, 22 തീയതികളിൽ തരിയോട്, ദ്വാരക, ചുങ്കക്കുന്ന് ഫൊറോനകളിലെ ബഹുമാനപ്പെട്ട വൈദികർക്കും TECLESIA പ്ലാറ്റ്ഫോം ഇൻചാർജായ അൽമായർക്കും വേണ്ടി TECLESIA പ്ലാറ്റ്ഫോമിന്റെ പരിശീലനവും സംശയനിവാരണവും നടത്തി. രാവിലെ 10.00 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാ

വിന്റെ സെഷനോടെ പരിപാടി ആരംഭിച്ചു. ഉച്ചഭക്ഷണത്തിന് ശേഷം 2:00 മണിക്ക് പരിശീലനം സമാപിച്ചു.

ഇടവകകളിൽ ഡേറ്റാ അപ്ഡേറ്റ് ചെയ്യുവാൻ, ഡേറ്റ എൻട്രി ചെയ്യുന്നവർ ലഭ്യമാണ്. അതിനായി ലൂയിസ് തുരുത്തിയിൽ അച്ചനെ (8289862550) കോൺടാക്ട് ചെയ്യുക.

**ഫാ. അരുൺ മഠത്തിപ്പറമ്പിൽ**

ജി. എം. ഫെഡാർ ഫൗണ്ടേഷൻ

**മെഡിക്കൽ ക്യാമ്പ്**

ജന്മനാ ഹൃദയ വൈകല്യമുള്ള കുട്ടികൾക്ക് ഒന്നരലക്ഷത്തോളം ചെലവ് വരുന്ന പ്രൊസീജർ സൗജന്യമായി ലഭ്യമാക്കുന്നതിലേക്കായി സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ മാനന്തവാടിയും, റോട്ടറി ക്ലബ്ബും, ലിയോ മെട്രോയും സംയുക്തമായി മെഡിക്കൽ ക്യാമ്പ് നടത്തി. പ്രസ്തുത പരിപാടിയിൽ ഹോസ്പിറ്റൽ ഡയറക്ടർ മനോജ് കവലക്കാടൻ, റോട്ടറി ക്ലബ് പ്രസിഡന്റ്, ലിയോ ഹോസ്പിറ്റൽ ഡയറക്ടർ ടി. പി. വി. സുരേന്ദ്രൻ എന്നിവർ പങ്കെടുത്തു.

**ലോക റേഡിയോളജി ദിനം**

ലോക റേഡിയോളജി ദിനത്തോട് അനുബന്ധിച്ച് സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ റേഡിയോളജി ഡിപ്പാർട്ട്മെന്റ്, റേഡിയോളജി ഡേ വിപുലമായി നടത്തി. ദിനാചരണത്തോടനുബന്ധിച്ച് ചിഞ്ചു. പി, റേഡിയോളജി ഉദ്ഭവം മുതൽ ഇന്നുവരെ എത്തിച്ചേർന്ന ആധുനിക സാങ്കേതികവിദ്യ എന്ന റേഡിയോളജി ലോകത്തെ വർണ്ണിച്ചു കാട്ടുന്ന വിവരണം നടത്തി. തുടർന്ന് ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനദാനം നൽകി.

**സെന്റ് ജോസഫ് മിഷൻ പ്രീമിയർ ലീഗ് 2k25**

സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലിന്റെ ആവേശകരമായ പ്രീമിയർ ലീഗ് പനമരം ഫിറ്റ്കാസ ടർഫിൽ വെച്ച് നടത്തി. ആവേശകരവും വാശിയേറിയതുമായ മത്സരത്തിൽ നാലു ഗ്രൂപ്പുകളാണ് പങ്കെടുത്തത്. ടീം കലക്കി, ടീം ആവേശം, ടീം ഡി കമ്പനി, ടീം ആരവം. ഉജ്ജ്വലമായ പോരാട്ടത്തിനൊടുവിൽ വിജയി കിരീടം ചൂടിയത് ടീം ഡി കമ്പനിയും റണ്ണേഴ്സ് അപ്പ് ആയത് ടീം ആവേശവും ആണ്.

**ശിശുദിന ആഘോഷം**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ പീഡിയാട്രിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ ശിശുദിന ആഘോഷം നടത്തി.

അന്നേദിവസം കുട്ടികൾക്കായുള്ള കളർ കോമ്പറ്റീഷൻ നടത്തുകയും എല്ലാവർക്കും സമ്മാനം നൽകുകയും ചെയ്തു. കൂടാതെ എല്ലാ കുട്ടികൾക്കും സ്റ്റോറി ബുക്കും മിഠായിയും വിതരണം ചെയ്തു.

**മെഡിക്കൽ ക്യാമ്പ്**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെയും, സ്നേഹ ചാരിറ്റബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ കുഴിനിലത്ത് വെച്ച് മെഡിക്കൽ ക്യാമ്പ് നടത്തി. ജനറൽ മെഡിസിൻ, ഇ. എൻ. ടി., പൾമണോളജി എന്നിവരുടെ സേവനങ്ങൾ ക്യാമ്പിൽ ഉണ്ടായിരുന്നു. കൂടാതെ ക്യാമ്പിൽ ശ്വാസകോശ നിർണയ ടെസ്റ്റും ലഭ്യമായിരുന്നു. ക്യാമ്പിൽ 135 പേർ പങ്കെടുത്തു.

**കെ ഫോർ കെയർ**

സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലും കുടുംബശ്രീ മിഷനും സംയുക്തമായി ചേർന്ന് കെ ഫോർ കെയർ പരിപാടിക്ക് തുടക്കം കുറിച്ചു. കുടുംബശ്രീ വനിതകൾക്ക് ആരോഗ്യ പരിപാലന രംഗത്ത് അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യമിട്ട് 15 ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ട്രെയിനിങ് ഉദ്ഘാടനം ചെയ്തു. 14 പേർ അടങ്ങുന്ന ടീമിനാണ് ഇപ്രാവശ്യം ട്രെയിനിങ് നൽകുന്നത്.

**BLS TRAINING @ THIRUNELLI FOREST STATION**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ തിരുനെല്ലി ഫോറസ്റ്റ് ഓഫീസിൽ ഫോറസ്റ്റ് ഓഫീസേഴ്സിന് പരിശീലന പരിപാടി നടത്തി. പരിശീലന പരിപാടിയിൽ 50 പേർ പങ്കെടുത്തു.

**ക്രിസ്തുമസ് ന്യൂയർ ആഘോഷം, കേക്ക് വിതരണം**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ മാനന്തവാടിയുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ന്യൂയർ ആഘോഷത്തിന്റെ ഭാഗമായി എല്ലാ ക്ലിനിക്കുകളിലേക്കും കേക്ക് വിതരണം നടത്തി.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെട്ട ബത്‌ലഹേം ബീറ്റ്സ് സീസൺ 3 കരോൾഗാന മത്സരത്തിൽ എൽ. പി. വിഭാഗത്തിൽ നടവയൽ സെന്റ് തോമസ്, ബത്തേരി അസംപ്ഷൻ, ദ്വാരക എ. യു. പി. എന്നീ വിദ്യാലയങ്ങൾ ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. യു. പി. വിഭാഗത്തിൽ ഒന്നാം സ്ഥാനം ദ്വാരക യു. പി, രണ്ടാം സ്ഥാനം ബത്തേരി അസംപ്ഷൻ, മൂന്നാം സ്ഥാനം തരിയോട് സെന്റ് മേരിസ് യു. പി. എന്നീ വിദ്യാലങ്ങൾക്ക് ലഭിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം ബത്തേരി അസംപ്ഷൻ, രണ്ടാം സ്ഥാനം പയ്യമ്പള്ളി സെന്റ് കാതറൈൻസ്, മൂന്നാം സ്ഥാനം കല്ലോടി സെന്റ് ജോസഫ്സ് എന്നീ വിദ്യാലയങ്ങളും കരസ്ഥമാക്കി. ഹയർസെക്കണ്ടറി വിഭാഗത്തിൽ കൊട്ടിയൂർ ഐ. ജെ. എം, നടവയൽ സെന്റ് തോമസ്, കണിയാരം ഫാ. ജി. കെ. എം. എന്നീ വിദ്യാലയങ്ങൾ യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായി. മത്സരവിജയികൾക്കുള്ള എവർറോളിംഗ് ട്രോഫിയും ക്യാഷ് പ്രൈസും സമാപനസമ്മേളന വേദിയിൽവെച്ച് കോർപ്പറേറ്റ് മാനേജർ ഫാ. സിജോ ഇളംകുന്നപ്പുഴ വിതരണം ചെയ്തു.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

ക്രിസ്മസ് വിപുലമായി ആഘോഷിച്ചു. YMCA സുൽത്താൻ ബത്തേരി സംസ്ഥാന നേഴ്സറി കലോൽസവത്തിൽ വിദ്യാലയത്തിലെ കുരുന്നുകൾ മികച്ച പ്രകടനം കാഴ്ചവെച്ചു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

ക്രിസ്തുമസ് സമുചിതമായി ആഘോഷിച്ചു. സർവോദയ HSS ഏച്ചോം NSS സഹവാസ ക്യാമ്പ് സ്കൂളിൽ നടത്തി. സ്കൂൾ വാർഷികം TALENTIA 2k26 ജനുവരി 9-ന് നടത്തപ്പെട്ടു. പി. ടി. എ.

എക്സിക്യൂട്ടീവ്, ക്ലാസ് പി. റ്റി. എ. എന്നിവ നടത്തി വാർഷിക അക്കാദമിക കാര്യങ്ങൾ വിലയിരുത്തി.

**III സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാർത്ഥികൾക്കായി ഫുട്ബോൾ ടൂർണമെന്റ് നടത്തി. വിദ്യാർത്ഥികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി.

**IV സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

സ്കൂളിലെ മുഴുവൻ കുട്ടികളുടെയും ഭവനം സന്ദർശിച്ചു. ക്രിസ്തുമസ് ആഘോഷം നടത്തി.

**V സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

സ്കൂളിൽ ക്രിസ്തുമസ് ആഘോഷം നടത്തി. വിദ്യാലയത്തിൽ IJMHSS ലെ NSS യൂണിറ്റിന്റെ സപ്തദിന സഹവാസക്യാമ്പ് ആരംഭിച്ചു. ജനുവരി 1 വരെ നടന്ന ക്യാമ്പിൽ വിദ്യാലയത്തിന്റെ സൗന്ദര്യവത്കരണം നടത്തി.

**VI സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

സ്കൂളിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് പൂർവ്വ അധ്യാപക വിദ്യാർത്ഥി സംഗമം ഡിസംബർ 21-ന് സംഘടിപ്പിച്ചു.

**VII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

പഠന പിന്തുണ പ്രവർത്തനത്തിന്റെ ഭാഗമായി PTA മീറ്റിംഗ് സംഘടിപ്പിച്ചു. കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ചു

**VIII എ. എൽ. പി. സ്കൂൾ കണിയാരം**

ക്രിസ്തുമസ് ആഘോഷം നടത്തി. അർധവാർഷിക പരീക്ഷയ്ക്ക് ശേഷം വിലയിരുത്തലിനായി ക്ലാസ് പി. ടി. എ. യോഗം ചേർന്നു.

**IX സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

സ്കൂളിലെ ക്രിസ്തുമസ് ആഘോഷം വിപുലമായ രീതിയിൽ നടന്നു. ക്ലാസ് പി. ടി. എ. യും ജനറൽ ബോഡിയും ചേർന്നു.സുവർണ്ണ ജൂബിലി വാർഷികാഘോഷത്തിന് മുന്നോടിയായുള്ള പൂർവ്വ വിദ്യാർത്ഥി അധ്യാപക സംഗമം നടന്നു.

**X നിർമ്മല എൽ. പി. സ്കൂൾ ആലാറ്റിൽ**

ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. കലാ-കായിക പ്രവർത്തനങ്ങൾ, ചിത്രരചന, ലഘു കളികൾ എന്നിവ കുട്ടികൾക്കായി സംഘടിപ്പിച്ചു. ഗൃഹസന്ദർശനം നടത്തി. ശുചിത്വ-ആരോഗ്യ ബോധവത്കരണ ക്ലാസ്സ് നൽകി.

**XI സി. കെ. എൽ. പി. എസ്. മണിമൂളി**

പച്ചക്കറിത്തോട്ട വിപുലീകരണം നടത്തി.

**XII സെന്റ് തോമസ് എൽ. പി. സ്കൂൾ  നടവയൽ**

ക്രിസ്തുമസ് ആഘോഷങ്ങൾ മനോഹരമായി നടത്തി. കേക്ക് ചലഞ്ച് നടത്തി. ലഭിച്ച കേക്കുകൾ വൃദ്ധമന്ദിരത്തിലെ അംഗങ്ങൾക്ക് വിതരണം ചെയ്തു. ഉന്നതികളിലെ കുടുംബങ്ങളിൽ ക്രിസ്തുമസ് പുതുവത്സര സമ്മാനമായി ഉടുപ്പുകളും, കേക്കും നൽകി. ക്രിസ്തുമസ് കരോൾ ഗാന മത്സരത്തിൽ എൽ.പി. വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

ക്രിസ്തുമസ് ആഘോഷം നടത്തി. പുതുവത്സര കാർഡ് നിർമ്മാണ മത്സരം സംഘടിപ്പിച്ചു. ക്ലാസ് പി. ടി. എ. കൂടി പഠന നിലവാരം വിലയിരുത്തി.

**II അസംപ്ഷൻ എ.  യു. പി. സ്കൂൾ ബത്തേരി**

മാനന്തവാടി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടത്തിയ കരോൾ ഗാനം ബേത്‌ലഹേം ബീറ്റ്സ് സീസൺ 3 ൽ അസംപ്ഷൻ എ. യു. പി. സ്കൂൾ LP വിഭാഗത്തിലും UP വിഭാഗത്തിലും രണ്ടാം സ്ഥാനം നേടി. ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി നക്ഷത്ര നിർമ്മാണ മത്സരം നടത്തി. വിദ്യാലയത്തിലെ കുട്ടി ശാസ്ത്രജ്ഞനെ കണ്ടെത്തുന്നതിനായി ശാസ്ത്ര പരീക്ഷണ മത്സരം നടത്തി വിജയിയെ കണ്ടെത്തി.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

ലോക അറബിക് ഭാഷാ ദിനം ആചരിച്ചു. കുട്ടികളുടെ സുരക്ഷയ്ക്കായി സ്പീഡ് ബ്രേക്കർ സ്ഥാപിച്ചു. ക്രിസ്മസ് ആഘോഷം നടത്തി. നല്ല പാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗോത്ര ഊരുകളിൽ ക്രിസ്തുമസ് പുതുവത്സരാഘോഷം നടത്തി. കുട്ടികൾക്കായി ഉണർവ് എന്ന പേരിൽ  ഓറിയന്റേഷൻ ക്ലാസ്സും കൗൺസിലിംഗും സംഘടിപ്പിച്ചു. ലോക ഹിന്ദിദിനം ആചരിച്ചു.

**IV സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

ജലശ്രീ ക്ലബ് രൂപീകരിച്ചു. ക്രിസ്തുമസ് ആഘോഷം നടത്തി. ഹരിതസേന വിദ്യാർത്ഥി സ്കോളർഷിപ്പിനായി തിരഞ്ഞെടുത്ത

വിദ്യാർത്ഥികൾ അവരുടെ പ്രവർത്തനം സ്കൂൾ അസംബ്ലിയിൽ അവതരിപ്പിച്ചു.

**V എ. യു. പി. സ്കൂൾ ദ്വാരക**

ബേത്‌ലഹേം ബീറ്റ്സ് സീസൺ 3 കരോൾഗാന മൽസരത്തിൽ യു.പി. വിഭാഗം ഒന്നാം സ്ഥാനവും, എൽ. പി. വിഭാഗം മൂന്നാം സ്ഥാനവും നേടി. പ്രീമിയർ കപ്പ് വയനാട് ടൂർണമെന്റിൽ " Man of the match" ആയി വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു.

**VI സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. മുഴുവൻ കുട്ടികളുടെയും വീടുകൾ അധ്യാപകർ രണ്ടുപേർ അടങ്ങുന്ന ഗ്രൂപ്പുകളായി തിരിഞ്ഞ് സന്ദർശനം നടത്തി. പ്രീ പ്രൈമറി സ്പോർട്സ് മീറ്റ് നടത്തി.

**VII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. സുവർണ്ണ ജൂബിലി വാർഷികത്തോടനുബന്ധിച്ച് വർണാഭമായ വിളംബരജാഥ നടത്തപ്പെട്ടു. സ്കൂൾ വാർഷികവും സുവർണ്ണ ജൂബിലി സമാപനവും നടത്തി.

**VIII സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

ലോക ഭിന്നശേഷി ദിനാചരണം നടത്തി. ക്രിസ്തുമസ് ആഘോഷം സ്കൂളിൽ വിപുലമായ രീതിയിൽ നടത്തി. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ തളിര് സ്കോളർഷിപ്പ് പരീക്ഷയിൽ ഏഴ് വിദ്യാർഥികൾ ക്യാഷ് അവാർഡ് കരസ്ഥമാക്കി.

**IX സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

വൈത്തിരി ഉപജില്ല വിദ്യാരംഗം സർഗോത്സവത്തിൽ L.P. വിഭാഗത്തിൽ മികച്ച വിജയം നേടി. LSS, USS പരിശീലനം പി.ടി.എ. യുടെ സഹകരണത്തോടെ ആരംഭിച്ചു. ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു.

**X സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

ലോകഭിന്നശേഷി ദിനം ആചരിച്ചു. പ്രീ പ്രൈമറിയിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കായി ജനറൽ ബോഡി സംഘടിപ്പിച്ചു. വിദ്യാരംഗം സർഗോത്സവത്തിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു. ക്രിസ്തുമസ് ആഘോഷിച്ചു.

**XI സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ ഭാഗമായി പൂർവ്വ വിദ്യാർത്ഥി അധ്യാപക സംഗമം സംഘടിപ്പിച്ചു.

**XII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

വിദ്യാലയത്തിൽ പൂർവ്വ വിദ്യാർത്ഥി അധ്യാപക സംഗമം നടത്തി.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

SSLC Night camp ജനുവരി മാസം മുതൽ ആരംഭിച്ചു. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കന്നഡ പദ്യം ചൊല്ലലിൽ A grade കരസ്ഥമാക്കി.

**II സെന്റ് കാതറിൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

13 പ്രദേശങ്ങളിലായി കോർണർ പി. ടി. എ. നടത്തപ്പെട്ടു. സ്കൂളിലെ ഈ അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കാതറിൻസ് വോയ്സ് എന്ന പേരിൽ സപ്ലിമെന്റ് പുറത്തിറക്കി. SSLC വിദ്യാർത്ഥികൾക്കായി Evening ക്യാമ്പ് ആരംഭിച്ചു. NCC, SPC വിഭാഗം കുട്ടികളുടെ പാസ്സിങ് ഔട്ട് പരേഡ് നടത്തി. ക്രിസ്തുമസ് അവധിക്കാലത്ത് SPC, Little Kites, Guides ക്യാമ്പുകൾ നടത്തപ്പെട്ടു. ബത്‌ലഹേം ബീറ്റ്സ് കരോൾഗാന മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടി

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

ക്രിസ്തുമസ് ആഘോഷം നടത്തി. ലിറ്റിൽ കൈറ്റ്സ് ഉപജില്ലാ ക്യാമ്പിൽ 6 കുട്ടികൾ പങ്കെടുത്തു. ഗൈഡ്സ് രാജ്യപുരസ്കാർ ടെസ്റ്റ് ക്യാമ്പിൽ 13 കുട്ടികൾ പങ്കെടുത്തു. പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് നൈറ്റ് ക്യാമ്പ് ആരംഭിച്ചു. JRC ഉപജില്ലാ ക്യാമ്പിന് ആതിഥേയത്വം വഹിച്ചു.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

ക്രിസ്മസ് ആഘോഷിച്ചു. എസ് . പി . സി . യൂണിറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. എസ്. എസ്. എൽ. സി. ക്യാമ്പ് ആരംഭിച്ചു.

**V നിർമ്മല ഹൈസ്കൂൾ കബനിഗിരി**

വിദ്യാലയത്തിന്റെ വാർഷികം ആഘോഷിച്ചു.

**VI സി. കെ. എച്ച്. എസ്. മണിമൂളി**

ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. സ്കൂൾ വാർഷികാഘോഷവും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പും നടത്തി.

**VII ഐ. ജെ. എം. എച്ച്. എസ്. കൊട്ടിയൂർ**

പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സ് നൽകി. ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് നടത്തി. നാഷണൽ ലെവൽ ചെസ്സ് ചാമ്പ്യൻഷിപ്പിൽ ജോൺസ് പങ്കെടുത്തു.

**VIII ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പീക്ക് 2 പ്രോസ്പർ പരീക്ഷ നടത്തി. വിമുക്തി സ്പോർട്സ് ക്ലബ്ബ് രൂപീകരിച്ച് ജഴ്സികൾ വിതരണം ചെയ്തു. ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ക്രിസ്തുമസ് ആഘോഷിച്ചു. NCC യുടെ CATC ക്യാമ്പ്, SPC യുടെ അവധിക്കാല ക്യാമ്പ് എന്നിവ സംഘടിപ്പിച്ചു.

**IX സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് മുൻ കോർപ്പറേറ്റ് മാനേജർമാർ, മാനേജർമാർ, മുൻ അധ്യാപകർ, അനധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സംഗമം നടന്നു. ക്രിസ്തുമസ് ആഘോഷം ലളിതമായ ചടങ്ങുകളോടെ നടന്നു. കോർപ്പറേറ്റ് ഏജൻസിയുടെ നേതൃത്വത്തിൽ നടന്ന കരോൾഗാന മത്സരത്തിൽ മൂന്നാം സ്ഥാനം നേടി. പി. വി. വിജയകുമാരൻ മാസ്റ്റർ അഖില വയനാട് സാഹിത്യ പ്രതിഭ പുരസ്കാരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

NSS സപ്തദിന ക്യാമ്പിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. ക്രിസ്തുമസ് ആഘോഷിച്ചു. ക്ലാസ്സ് PTA നടത്തി. വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും മോട്ടിവേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. ബത്‌ലഹേം ബീറ്റ്സ് സീസൺ ത്രീ കരോൾഗാന മത്സരത്തിൽ ഹയർ സെക്കൻഡറി

വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സ്കൗട്ട് ആൻഡ് ഗൈഡ്, റേഞ്ചർ റോവർ യൂണിറ്റ് ക്യാമ്പ് നടത്തി. അമ്പായത്തോട് സ്കൂളിൽ വച്ച് എൻ.എസ്.എസ്. സപ്തദിന സഹവാസ ക്യാമ്പ് നടത്തി. രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ്സ് നൽകി.

**III ഫാ. ജി. കെ. എം. ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

ബെത്‌ലഹേം ബീറ്റ്സ് ഫൈനൽ മൽസരത്തിൽ വിദ്യാലയം മൂന്നാം സ്ഥാനം കരസ്ഥമാക്കി. NSS സ്പെഷ്യൽ ക്യാമ്പ് നടത്തി. സ്കൂൾ വാർഷികാഘോഷവും സർവ്വീസിൽ നിന്ന് വിരമിക്കുന്ന അധ്യാപികയ്ക്കുള്ള യാത്രയയപ്പും സംഘടിപ്പിച്ചു.

**IV സി. കെ. എച്ച്. എസ്. എസ് മണിമൂളി**

വിദ്യാലയത്തിന്റെ വാർഷികവും സർവ്വീസിൽനിന്നു വിരമിക്കുന്ന സഹപ്രവർത്തകർക്കുള്ള യാത്രയയപ്പും വിപുലമായി ആഘോഷിച്ചു. Plus two വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു വേണ്ടി Evening class ആരംഭിച്ചു. വാർഷിക പരീക്ഷകൾക്കായും വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്കായും ഒരുങ്ങുന്ന വിദ്യാർത്ഥികൾക്ക് വിജയാശംസകൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# *Bishop's Programme*




***February 2026***

*01 Sunday:....................... Valavayal: Parish Platinum Jubilee*
*02 Monday:..................... FEDAR Connect: Meeting of Provincial Superiors*
*03 Tue-11 Wed:............... Bangalore: CBCI Meeting*
*12 Thursday:.................... JEEWAS Annual General Body Meeting*
*13 Friday:........................ Puthiyidomkunnu: School Golden Jubilee*
*14 Saturday:.................... Meeting with LSG representatives*
*16 Mon- 18 Wed:............ Ongoing formation course for priests*
*20 Fri-27 Thu:................. Khandwa*
*28 Saturday:.................... Engaged*

***March 2026***

*02 Monday:..................... Consultors' Meeting*
*04 Wednesday:................ Finance Council Meeting*
*05 Thursday:................... Engaged*
*07 Saturday:.................... Engaged*
*12 Thursday:................... Presbyteral Council.*
*14 Saturday:.................... Pastoral Council*
*19 Thursday:................... St. Joseph's Hospital Day*
*24 Tuesday:..................... Priests' Conference*
*29 Sunday:....................... Cathedral: Palm Sunday*
*30 Monday:..................... Minor Orders*

# Auxiliary Bishop's Programme



**February 2026**

| | | |
|---|---|---|
| 01 | Sunday: .................... | Ondayangady: Festal Mass |
| 02 | Monday: .................... | Thariode: U P School Anniversary |
| 03 | Tue-11 Wed: .............. | Bangalore: CBCI Meeting |
| 12 | Thursday: Morning:... | Dwaraka: Jubilee of Fr. Manoj Ambalathinkal |
| | Evening:..... | Padichira: Golden Jubilee of School |
| 13 | Friday: Morning:... | Central Committee Meeting: Community Empowerment |
| | Evening:..... | Pallikkunnu: Festal Mass |
| 14 | Saturday: ................... | Mothakkara: Holy Mass |
| 15 | Sunday: ...................... | Chungakkunnu: Holy Mass |
| 16 | Mon- 18 Wed: ........... | Ongoing formation course |
| 22 | Sunday:....................... | Mangalassery: Pastoral Visit |
| 26 | Thursday: ................... | POC: Retreat Preachers' Meeting |

**March 2026**

| | | |
|---|---|---|
| 01 | Sunday: ..................... | T K Colony: Pastoral Visit |
| 02 | Monday: .................... | Consultors' Meeting |
| 04 | Wednesday: ............... | Finance Council |
| 08 | Sunday: ...................... | Padichira: Pastoral Visit |
| 12 | Thursday: ................... | Presbyteral Council |
| 14 | Saturday: Morning:.... | Pastoral Council |
| | Evening:.... | Bathery: Bible Commission |
| 15 | Sunday: ..................... | Narivalamunda: Pastoral Visit |
| 16 | Monday: ................... | Kakkanad: Major Seminary Staff Meeting |
| 22 | Sunday: ..................... | Velloonny: Pastoral Visit |
| 24 | Tuesday: .................... | Priests' Conference |
| 29 | Sunday: ...................... | Bavali: Palm Sunday |
| 30 | Monday:..................... | Minor Orders |